# പതിനാറാം കേരള നിയമസഭ
# ഒന്നാം സമ്മേളനം

2026 ജൂൺ 23, ചൊവ്വ

## നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ

**[ആകെ ചോദ്യങ്ങൾ--292]**

| **മറുപടി നൽകുന്ന മന്ത്രിമാർ** | **ചോദ്യ നമ്പർ** |
|---|---|
| ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി | : 308 മുതൽ 395 വരെ |
| വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി | : 396 മുതൽ 461 വരെ |
| വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി | : 462 മുതൽ 529 വരെ |
| സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി | : 530 മുതൽ 599 വരെ |

### <u>ഓപ്പറേഷൻ ത്തൂഫാൻ</u>

308 **ശ്രീ. ജി. സുധാകരൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓപ്പറേഷൻ ത്തൂഫാൻെറ ഇതുവരെയുള്ള നേട്ടങ്ങൾ വിശദീകരിക്കുമോ;

(ബി) ഓപ്പറേഷൻ ത്തൂഫാൻെറ ഭാഗമായി അറസ്റ്റ് ചെയ്യപ്പെട്ടവരുടെ പേരുവിവരങ്ങൾ ജില്ലാടിസ്ഥാനത്തിൽ ലഭ്യമാക്കുമോ;

(സി) ആലപ്പുഴ ജില്ലയിൽ നിയോജക മണ്ഡലാടിസ്ഥാനത്തിൽ അറസ്റ്റ് ചെയ്യപ്പെട്ടവരുടെയും റെയ്ഡ് ചെയ്യപ്പെട്ടവരുടെയും പേര് വിവരങ്ങൾ നൽകുമോ;

(ഡി) കുറ്റവാളികൾ ഏതെങ്കിലും രാഷ്ട്രീയ പാർട്ടിയുടെ മറവിൽ രക്ഷപെടാതിരിക്കാൻ എടുത്തിട്ടുള്ള ജാഗ്രത നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ഇ) അഴിമതി വിരുദ്ധ - ലഹരി മാഫിയാ വിരുദ്ധ പ്രവർത്തനങ്ങൾ നിരന്തരം നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## ഇ.ഡി. ഉദ്യോഗസ്ഥർ സംസ്ഥാനത്ത് അക്രമിക്കപ്പെട്ട സംഭവം

309 **ശ്രീ. രാജീവ് ചന്ദ്രശേഖർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര അന്വേഷണ ഏജൻസിയായ ഇ. ഡി.യുടെ ഉദ്യോഗസ്ഥർ സംസ്ഥാനത്ത് അക്രമിക്കപ്പെട്ട സംഭവത്തിൽ പ്രതി ചേർക്കപ്പെട്ടവരുടെ രാഷ്ട്രീയ പശ്ചാത്തലം അറിയിക്കാമോ;

(ബി) സംഭവസമയത്ത് സ്ഥലത്തുണ്ടായിരുന്ന ഉന്നതരായ നേതാക്കൾക്കെതിരെ ഏതെങ്കിലും തരത്തിലുള്ള കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോയെന്ന് അറിയിക്കാമോ?

## പൗരത്വ ഭേദഗതി നിയമവുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത കേസുകൾ

310 **ശ്രീ. കുറുക്കോളി മൊയ്തീൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൗരത്വ ഭേദഗതി നിയമവുമായി ബന്ധപ്പെട്ട് കേരളത്തിൽ നടന്നിട്ടുള്ള പ്രക്ഷോഭങ്ങളിലും പ്രതിഷേധങ്ങളിലും എടുത്തിട്ടുള്ള കേസുകളുടെ എണ്ണം എത്രയാണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത കേസുകൾ പിൻവലിക്കുമെന്ന് മുൻ സർക്കാർ ഉറപ്പുനൽകിയിട്ടും പിൻവലിക്കാത്തവ എത്രയാണെന്നും അതിനുള്ള കാരണവും വിശദമാക്കാമോ;

(സി) പ്രസ്തുത കേസുകളിൽ ആരെങ്കിലും ശിക്ഷിക്കപ്പെട്ടിട്ടുണ്ടെങ്കിൽ അവർ ആരെല്ലാമാണെന്നും അവരുടെ കേസുകൾ ഏതെല്ലാമാണെന്നും വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത കേസുകളിൽ കോടതി നടപടികൾ ആരംഭിച്ച കേസുകൾ എത്രയാണെന്നും നിയമനടപടികൾ ആരംഭിക്കാനുള്ളവ എത്രയാണെന്നും അറിയിക്കാമോ;

(ഇ) പ്രസ്തുത കേസുകൾ പിൻവലിക്കുന്നതിനുള്ള നടപടികൾ സർക്കാരിന്റെ ഭാഗത്തുനിന്നു ഉണ്ടാകുമോയെന്ന് വിശദമാക്കാമോ?

## സംസ്ഥാനത്ത് നടപ്പാക്കുന്ന ഓപ്പറേഷൻ തൂഫാൻ പദ്ധതി

311 **ശ്രീ. കെ. രാജൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പാക്കുന്ന ഓപ്പറേഷൻ ഡി-ഹണ്ട് പദ്ധതിയുടെ ഭാഗമായി എത്ര റെയ്ഡുകൾ നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഓപ്പറേഷൻ ഡി-ഹണ്ടിന്റെ ഭാഗമായി എത്ര പേരെ അറസ്റ്റ് ചെയ്തിട്ടുണ്ടെന്ന് ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## ആൾക്കൂട്ട കൊലപാതകങ്ങളും കസ്റ്റഡി മരണങ്ങളും

312 **ശ്രീ. മഞ്ഞളാംകുഴി അലി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ രണ്ട് സർക്കാരിന്റെയും കാലയളവിൽ എത്ര ആൾക്കൂട്ട കൊലപാതകങ്ങൾ ഉണ്ടായിട്ടുണ്ടെന്നും ഏതെല്ലാം സംഭവങ്ങളാണ് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളതെന്നും എത്ര പേർക്കെതിരെ കേസെടുത്തിട്ടുണ്ടെന്നും വിശദമാക്കാമോ;

(ബി) പ്രസ്തുത കാലയളവിൽ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ള കസ്റ്റഡി മർദ്ദനങ്ങളും കസ്റ്റഡി മരണങ്ങളും സംബന്ധിച്ച വിശദാംശം വർഷം തിരിച്ച് ലഭ്യമാക്കാമോ;

(സി) പ്രസ്തുത കാലയളവിൽ പോലീസ് അതിക്രമങ്ങൾ ഉണ്ടായിട്ടുള്ളതായി റിപ്പോർട്ട് ചെയ്യപ്പെട്ട എത്ര സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്; ഏതെല്ലാം കേസുകളിലാണ് ഇത്തരത്തിൽ വീഴ്ചകളുണ്ടായിട്ടുള്ളത്; വിശദമാക്കാമോ?

## ഓപ്പറേഷൻ ഡി-ഹണ്ട്

313 **ശ്രീ. ടി. വി. ഇബ്രാഹിം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ലഹരി മാഫിയെക്കെതിരെ സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച ഓപ്പറേഷൻ ഡി-ഹണ്ട് നടപടിയുടെ ഭാഗമായി ഇതുവരെ എത്ര കേസുകൾ രജിസ്റ്റർ ചെയ്തുവെന്നും എത്ര പേരെ അറസ്റ്റ് ചെയ്തു എന്നും എത്ര വിവിധ മയക്ക് മരുന്ന് ശേഖരം കണ്ടെത്തി എന്നും വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് എത്തുന്ന മയക്ക് മരുന്നിന്റെ ഉറവിടം കണ്ടെത്തി നടപടി സ്വീകരിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) റെയിൽവേ സ്റ്റേഷൻ, ബസ് സ്റ്റാൻഡുകൾ, പാർസൽ കേന്ദ്രങ്ങൾ, അന്യസംസ്ഥാന തൊഴിലാളികൾ താമസിക്കുന്ന സ്ഥലങ്ങൾ

എന്നിവിടങ്ങളിൽ സ്ഥിരമായി പ്രത്യേക നിരീക്ഷണം ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) ലഹരി മാഫിയക്ക് എന്തെങ്കിലും സഹായം നല്കുന്ന ഉദ്യോഗസ്ഥർക്കെതിരെ കടുത്ത ശിക്ഷണ നടപടികൾ സ്വീകരിക്കുമോ?

## എൻ.ഡി.പി.എസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത കേസുകൾ

314 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011 മുതൽ 2026 വരെ ഓരോ വർഷങ്ങളിലും സംസ്ഥാനത്ത് ആകെ രജിസ്റ്റർ ചെയ്ത എൻ. ഡി.പി. എസ് ആക്ട് പ്രകാരമുള്ള കേസുകളുടെ എണ്ണം പട്ടിക തിരിച്ച് ലഭ്യമാക്കാമോ?

## ഇ ഡി ഉദ്യോഗസ്ഥരെ ആക്രമിച്ച കേസ്

315 **ശ്രീ. എൻ. ശക്തൻ**
**ശ്രീ. ഐ. സി. ബാലകൃഷ്ണൻ**
**ശ്രീ. ജ്യോതികുമാർ ചാമക്കാല** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് ഉദ്യോഗസ്ഥരെ ഔദ്യോഗിക കൃത്യനിർവഹണത്തിനിടെ ആക്രമിച്ച സംഭവത്തിൽ കേസെടുത്തിട്ടുണ്ടോയെന്ന വിശദമാക്കാമോ;

(ബി) പ്രസ്തുത കേസിൽ എല്ലാ പ്രതികളെയും അറസ്റ്റ് ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത കേസ് പ്രത്യേക അന്വേഷണ സംഘത്തെ ഏൽപ്പിക്കുന്നത് പരിഗണിക്കുമോ; വിശദമാക്കാമോ?

## ഓപ്പറേഷൻ തൂഫാൻ

316 **ശ്രീ. പഴകുളം മധു** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മയക്കുമരുന്ന് ശൃംഖലകളെ തകർക്കുന്നതിനായി ആവിഷ്കരിച്ച ലഹരി പ്രതിരോധ കർമ്മപദ്ധതിയായ 'ഓപ്പറേഷൻ തൂഫാൻ' പദ്ധതി പ്രകാരം ഇതുവരെ എത്ര കേസുകൾ എടുത്തിട്ടുണ്ട്; വ്യക്തമാക്കാമോ;

(ബി) 'ഓപ്പറേഷൻ ഢുഫാൻ' പ്രകാരം ഇത് വരെ എത്ര അറസ്റ്റുകൾ നടന്നിട്ടുണ്ട്; വ്യക്തമാക്കാമോ;

(സി) ഓപ്പറേഷൻ ഢുഫാൻ പദ്ധതിയുടെ ഭാഗമായി കേരളത്തിലെ സ്കൂളുകളിൽ ലഹരി വിരുദ്ധ ക്ലബ്ബുകൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ അവയുടെ വിശദാംശം ലഭ്യമാക്കുമോ;

(ഡി) സ്റ്റുഡന്റ് പോലീസ് കേഡറ്റുകളെ ഉൾപ്പെടുത്തി വിദ്യാലയങ്ങളിൽ ലഹരി വിരുദ്ധ ക്ലബുകൾ ശക്തിപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## ശബരിമല സ്വർണ്ണം നഷ്ടപ്പെട്ടതുമായി ബന്ധപ്പെട്ട അന്വേഷണം

317 **ശ്രീ. രാജീവ് ചന്ദ്രശേഖർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല ശ്രീകോവിലിലെ ദ്വാരപാലക ശില്പത്തിലെ സ്വർണ്ണം നഷ്ടപ്പെട്ടതുമായി ബന്ധപ്പെട്ട അന്വേഷണത്തിന്റെ പുരോഗതി വിശദീകരിക്കാമോ;

(ബി) നിലവിലെ അന്വേഷണ ഏജൻസിക്ക് മുമ്പിൽ ചോദ്യം ചെയ്യലിന് വിധേയരായവരുടെ വിവരങ്ങൾ ലഭ്യമാക്കാമോ;

(സി) പ്രസ്തുത കേസിൽ തുടർ അന്വേഷണത്തിനായി പുതിയ അന്വേഷണ ഏജൻസിക്ക് ചുമതല ഏൽപ്പിക്കുന്നുണ്ടോ; എങ്കിൽ ഏത് അന്വേഷണ ഏജൻസിയെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത കേസ് കേന്ദ്ര ഏജൻസികൾ അന്വേഷിക്കുന്നതിനായുള്ള അനുമതിക്കു വേണ്ടി എന്തെങ്കിലും നടപടി സ്വീകരിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ?

## ശബരിമല സ്വർണ്ണ കവർച്ച

318 **ശ്രീ. വി. മുരളീധരൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല ശ്രീധർമ്മശാസ്താ ക്ഷേത്രത്തിലെ സ്വർണ്ണ കവർച്ചയുമായി ബന്ധപ്പെട്ട് മുൻ ദേവസ്വം മന്ത്രിമാർ, ദേവസ്വം ബോർഡ് മുൻ അംഗങ്ങൾ, ദേവസ്വം ബോർഡ് മുൻ പ്രസിഡണ്ടുമാർ എന്നിവരെ പ്രത്യേക അന്വേഷണസംഘം ചോദ്യം ചെയ്തിട്ടുണ്ടോയെന്ന വിശദമാക്കാമോ;

(ബി) ശബരിമല ക്ഷേത്രത്തിലെ സ്വർണ്ണ കവർച്ചയിൽ പ്രത്യക്ഷമായും പരോക്ഷമായും ഉത്തരവാദികളായവരെക്കുറിച്ച് പ്രത്യേക അന്വേഷണസംഘം അന്വേഷിച്ചിട്ടുണ്ടോ; ഇക്കാര്യത്തിൽ മറ്റേതെങ്കിലും ഏജൻസിയെ കൊണ്ട് അന്വേഷിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## ഓപ്പറേഷൻ ഡി-ഹണ്ട്

319 **ശ്രീ. ടി. പി. അഷ്റഫ് അലി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓപ്പറേഷൻ ഡി-ഹണ്ട് എന്ന പദ്ധതിയെ കുറിച്ചും ഇതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികളെക്കുറിച്ചും വിശദമാക്കാമോ;

(ബി) പൗരന്മാരെ വിശിഷ്യ യുവജനങ്ങളെയും വിദ്യാർത്ഥികളെയും സ്വാധീനിക്കുന്ന ലഹരി മാഫിയയെ പിടികൂടാൻ സ്കൂൾ, കോളേജ് പരിസരങ്ങളിൽ കൂടുതൽ പോലീസുകാരെ വിന്യസിച്ച് കൊണ്ട് ഓപ്പറേഷൻ ഡി-ഹണ്ട് പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കാനുള്ള നടപടി സ്വീകരിക്കുമോ?

## ഓപ്പറേഷൻ ഡി-ഹണ്ട്

320 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലഹരി മാഫിയയുടെ വേരറുക്കുക എന്ന ലക്ഷ്യത്തോടെ ആഭ്യന്തര വകുപ്പിന്റെ നേതൃത്വത്തിൽ ആരംഭിച്ച 'ഓപ്പറേഷൻ ഡി-ഹണ്ട്: ദ നാർക്കോ ഹണ്ട്' എന്ന വിപുലമായ ലഹരിവിരുദ്ധ കർമ്മപദ്ധതി വഴി ഇതുവരെ കൈവരിച്ച പ്രധാന നേട്ടങ്ങളുടെയും, അറസ്റ്റുകളുടെയും, പദ്ധതിയുടെ ലക്ഷ്യങ്ങളുടെയും വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ലഹരി വിപണനത്തിനായി മാഫിയകൾ വ്യാപകമായി ഉപയോഗിക്കുന്ന ഡാർക്ക് വെബ്, രഹസ്യ സോഷ്യൽ മീഡിയ ഗ്രൂപ്പുകൾ എന്നിവ നിരീക്ഷിക്കാൻ ഐ.ടി വിദഗ്ധരായ യുവാക്കളെയും വിദ്യാർത്ഥികളെയും ഉൾപ്പെടുത്തി പ്രത്യേക 'സൈബർ ഡി-ഹണ്ട് വോറിയേഴ്സ്' വിംഗുകൾ രൂപീകരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(സി) പൊതുജന പങ്കാളിത്തത്തോടെ ലഹരിവിരുദ്ധ പോരാട്ടം ശക്തമാക്കാൻ പ്രഖ്യാപിച്ച 'ഡി-ഹണ്ട് വോറിയർ' കൂട്ടായ്മകളുടെ രൂപീകരണവും,

വിദ്യാർത്ഥികളെ ലഹരിയിൽ നിന്ന് സംരക്ഷിക്കാൻ ക്യാമ്പസുകളിൽ നടപ്പിലാക്കുന്ന പ്രത്യേക പദ്ധതികളും ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

## ശബരിമല സ്വർണ്ണപ്പാളി വിവാദം

321 **ശ്രീ. ജി. സുധാകരൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല സ്വർണ്ണപ്പാളി വിവാദത്തിൽ അന്വേഷണം പൂർത്തിയായിട്ടുണ്ടോ; അന്വേഷണവുമായി ബന്ധപ്പെട്ട് എല്ലാ കുറ്റവാളികളുടെയും അറസ്റ്റ് രേഖപ്പെടുത്തിയിട്ടുണ്ടോ; പ്രോസിക്യൂഷൻ നടപടികൾ വിശദീകരിക്കാമോ;

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ ദേവസ്വം വകുപ്പിൻെറയും ബോർഡിൻെറയും വകുപ്പുമന്ത്രിയുടെയും ഭാഗത്തുനിന്ന് വീഴ്ചകൾ എന്തെങ്കിലും കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിൻെറ വിശദാംശം അറിയിക്കുമോ?

## കൂത്തുപറമ്പ് താലൂക്ക് ആശുപത്രിയിൽ പോലീസ് എയ്ഡ്പോസ്റ്റ് അനുവദിക്കുന്നതിനുള്ള നടപടി

322 **ശ്രീ. പി. കെ. പ്രവീൺ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആശുപത്രികൾക്കും, ആശുപത്രി ജീവനക്കാർക്കുമെതിരെ നടക്കുന്ന അക്രമസംഭവങ്ങൾ തടയുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വിശദമാക്കാമോ;

(ബി) കൂത്തുപറമ്പിൽ പുതുതായി പ്രവർത്തനം ആരംഭിച്ച 12 നിലകളുള്ള താലൂക്ക് ആശുപത്രി കെട്ടിടത്തിൽ അടിക്കടിയുണ്ടാകുന്ന സാമൂഹ്യ വിരുദ്ധ അക്രമണങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്നും ആയവ പരിഹരിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെ എന്നും വിശദമാക്കാമോ;

(സി) കാഷ്വാലിറ്റിയിൽ ഡ്യൂട്ടിയിലുണ്ടായിരുന്ന ഗർഭിണിയായ ഡോക്ടറെ ഒരു സംഘം ആക്രമിച്ച് നിലത്ത് തള്ളിയിട്ടതും ബൈസ്റ്റാൻഡർ അസഭ്യം പറഞ്ഞതിനെ തുടർന്ന് വനിതാ ഫാർമസിസ്റ്റിന് ദേഹാസ്വാസ്ഥ്യം ഉണ്ടായതും സംബന്ധിച്ച് പരാതി ഉയർന്ന സാഹചര്യത്തിൽ

ആശുപത്രിക്ക് മതിയായ സുരക്ഷ ഉറപ്പാക്കുന്നതിന് പോലീസ് എയ്ഡ്പോസ്റ്റ് സ്ഥാപിക്കുന്ന കാര്യം സർക്കാർ പ്രത്യേകം പരിഗണിക്കുമോ; വിശദമാക്കാമോ?

## ശബരിമല സ്വർണ്ണക്കൊള്ള

323 **ശ്രീ. സി. ആർ. മഹേഷ്**
**ശ്രീ. എഫ്. രാജ**
**ശ്രീ. ദീപക് ജോയ്**
**ശ്രീ. കെ. ബിനിമോൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല സ്വർണ്ണക്കൊള്ള വിഷയത്തിൽ കുറ്റക്കാരായവരെയെല്ലാം കണ്ടെത്തി ശിക്ഷ ഉറപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിയ്ക്കുമോ; വ്യക്തമാക്കാമോ;

(ബി) ശബരിമല സ്വർണ്ണക്കൊള്ള പോലുള്ള ക്രമക്കേടുകൾ ഭാവിയിൽ ഉണ്ടാവാതിരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കാമോ;

(സി) ഈ വിഷയത്തിൽ വിശ്വാസിസമൂഹത്തിനുള്ള ആശങ്കകൾ പരിഹരിക്കാനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

## പൈവളിഗെ പോലീസ് സ്റ്റേഷൻ

324 **ശ്രീ. എ. കെ. എം. അഷ്റഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം മണ്ഡലത്തിലെ പൈവളിഗെയിൽ പുതിയ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ടുള്ള നടപടികളെ കുറിച്ചും പ്രസ്തുത പോലീസ് സ്റ്റേഷൻ എപ്പോൾ തുടങ്ങുമെന്നതിനെ കുറിച്ചും വിശദമാക്കാമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് പോലീസ് മേധാവി സർക്കാരിന് സമർപ്പിച്ച പ്രപ്പോസലിന്റെ പകർപ്പ് ലഭ്യമാക്കാമോ?

## പത്മനാഭ സ്വാമി ക്ഷേത്രത്തിൽ ഭക്തർ നൽകിയ സ്വർണ്ണവും നാണയങ്ങളും കാണാതായതിന്റെ പോലീസ് റിപ്പോർട്ട്

325 **ശ്രീ. സി. കെ. ഹരീന്ദ്രൻ**

**ശ്രീ. എം. എസ്. അരുൺ കുമാർ**

**ശ്രീ. എ. പ്രഭാകരൻ**

**പ്രൊഫ. സി. രവീന്ദ്രനാഥ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്മനാഭ സ്വാമി ക്ഷേത്രത്തിൽ ഭക്തർ സംഭാവനയായി നൽകിയ സ്വർണ്ണവും നാണയങ്ങളും കാണാതായത് സംബന്ധിച്ച പോലീസ് റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിന്മേൽ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഇത്തരം സംഭവങ്ങൾ ഭാവിയിൽ ഉണ്ടാകുന്നത് തടയുന്നതിനും ക്ഷേത്രത്തിലെ സുരക്ഷ ഉറപ്പാക്കുന്നതിനും സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികളെ കുറിച്ച് വ്യക്തമാക്കാമോ?

## <u>ശരീര സൗന്ദര്യമത്സരത്തിലെ വിജയികൾക്ക് സംസ്ഥാന പോലീസ് വകുപ്പിൽ നിയമനം നൽകിയത് സംബന്ധിച്ച്</u>

326 **ശ്രീ. മഞ്ഞളാംകുഴി അലി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ശരീര സൗന്ദര്യമത്സരത്തിലെ വിജയികൾക്ക് സംസ്ഥാന പോലീസ് വകുപ്പിൽ നിയമനം നൽകിയിട്ടുണ്ടോ; എങ്കിൽ ഏത് ചട്ടത്തിന്റെ അടിസ്ഥാനത്തിലാണ് നിയമനം നൽകിയിട്ടുള്ളത്; നിലവിലെ ചട്ടങ്ങളിൽ ഏതെങ്കിലും തരത്തിലുള്ള ഇളവ് വരുത്തിയിട്ടുണ്ടോ; എങ്കിൽ എന്തിന്റെ അടിസ്ഥാനത്തിലാണ് ഇളവ് വരുത്തിയിട്ടുള്ളത്; വ്യക്തമാക്കുമോ;

(ബി) ഇത്തരത്തിൽ നിയമനം ലഭിച്ചവർ കായിക യോഗ്യതാ പരീക്ഷകൾ എന്തെങ്കിലും വിജയിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ,

(സി) അന്തർദേശീയ-ദേശീയ മത്സരങ്ങളിലെ വിജയികളായവർക്ക് പോലും നിയമനം നൽകാതെ ഇത്തരത്തിൽ നിയമനം നൽകിയത് ക്രമവിരുദ്ധമാണെന്ന് സർക്കാർ കരുതുന്നുണ്ടോ; എങ്കിൽ ഇതിനെതിരെ എന്ത് നടപടിയാണ് സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

## <u>സ്മാർട്ട് ട്രാഫിക് മാനേജ്മെന്റ് സംവിധാനം</u>

327 **ശ്രീ. ഫൈസൽ ബാബു** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നഗരത്തിൽ ട്രാഫിക് നിയന്ത്രണം മെച്ചപ്പെടുത്തുന്നതിനായി ആഭ്യന്തര വകുപ്പ് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) കോഴിക്കോട് നഗരത്തിലെ പ്രധാന ജംഗ്ഷനുകളിൽ സ്മാർട്ട് ട്രാഫിക് മാനേജ്മെന്റ് സംവിധാനം നടപ്പിലാക്കുന്നത് പരിഗണനയിലുണ്ടോ;

(സി) കോഴിക്കോട് സൗത്ത് നിയോജക മണ്ഡലത്തിൽ കമ്മ്യൂണിറ്റി പോലീസിംഗ് പദ്ധതികളുടെ ഭാഗമായി നടപ്പിലാക്കിയ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ഡി) സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷ ഉറപ്പാക്കുന്നതിനായി നഗര മേഖലയിൽ സ്ഥാപിച്ചിട്ടുള്ള സുരക്ഷാ സംവിധാനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; നഗരത്തിൽ തകരാറിലായിട്ടുള്ള സി.സി.ടി.വി. സംവിധാനം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

## മണ്ണാർക്കാട് ജയിൽ കെട്ടിട നിർമ്മാണം

328 **ശ്രീ. കെ. പ്രേംകുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ ചുറ്റുമതിൽ നിർമ്മാണം പൂർത്തിയായിട്ടുള്ള മണ്ണാർക്കാട് ജയിലിന്റെ കെട്ടിട നിർമ്മാണത്തിനുള്ള തുക സർക്കാർ വകയിരുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത കെട്ടിട നിർമ്മാണത്തിനുള്ള തുക വകയിരുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വിശദ വിവരങ്ങൾ ലഭ്യമാക്കാമോ?

## ഓപ്പറേഷൻ ഡി ഹണ്ട് പദ്ധതി

329 **ശ്രീ. പി. പി. സുമോദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പോലീസിന്റെ മയക്ക് മരുന്ന് വിരുദ്ധ പരിശോധന നടപടിയായ ഓപ്പറേഷൻ ഡി ഹണ്ട്- ലൂടെ നിലവിൽ എത്ര കേസുകൾ രജിസ്റ്റർ

ചെയ്തിട്ടുണ്ട്; എത്ര പേരെ കേസുമായി ബന്ധപ്പെട്ട് അറസ്റ്റ് ചെയ്തിട്ടുണ്ട്; വ്യക്തമാക്കാമോ?

## വനിതാ പോലീസുകാരുടെ എണ്ണം

330 **ശ്രീ. ചാണ്ടി ഉമ്മൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് സേനയിൽ പുരുഷ - വനിതാ പൊലീസ് അനുപാതം നിലവിൽ എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) നിലവിൽ പല പോലീസ് സ്റ്റേഷനുകളിലും ആവശ്യത്തിന് വനിതാ പോലീസ് ഇല്ലാത്തതിനാൽ സ്ത്രീകളുടെയും കുട്ടികളുടെയും പരാതികളും മറ്റും കാര്യക്ഷമമായി കൈകാര്യം ചെയ്യുന്നതിന് നേരിടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പോലീസ് സേനയിലെ വനിതാ പ്രാതിനിധ്യം ഉയർത്താൻ പ്രത്യേക റിക്രൂട്ട്മെന്റ് നടത്തുമോ;

(സി) സ്ത്രീ പങ്കാളിത്തമുള്ള വലിയ സമരങ്ങളോ പ്രതിഷേധങ്ങളോ ഉണ്ടാകുമ്പോൾ ക്രമസമാധാന പാലനത്തിന് വനിതാ പോലീസുകാർ അത്യന്താപേക്ഷിതമാണെന്ന കണ്ട് സംസ്ഥാന പോലീസ് സേനയിൽ വനിതാ പോലീസുകാരുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കാമോ?

## കരിപ്പൂർ പോലീസ് സ്റ്റേഷൻ കെട്ടിടനിർമ്മാണം

331 **ശ്രീ. ടി. വി. ഇബ്രാഹിം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ കരിപ്പൂർ പോലീസ് സ്റ്റേഷൻ എന്നുമുതലാണ് വാടക കെട്ടിടത്തിൽ പ്രവർത്തിച്ച് വരുന്നത് എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പോലീസ് സ്റ്റേഷന് സ്വന്തമായി കെട്ടിടം നിർമിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

## പോലീസ് വാടകയ്ക്കെടുത്ത ഹെലികോപ്റ്റർ

332 **ശ്രീ. കെ. പ്രേമൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പോലീസ് വകുപ്പിന്റെ ആവശ്യങ്ങൾക്കായി വാടകയ്ക്കെടുത്ത ഹെലികോപ്റ്റർ മെഡിക്കൽ അത്യാഹിത (മെഡിക്കൽ എമർജൻസി)

ആവശ്യങ്ങൾക്കായി ഇതുവരെ എത്ര തവണ വിനിയോഗിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) മെഡിക്കൽ അത്യാഹിത ആവശ്യങ്ങൾക്കായി ഹെലികോപ്റ്റർ ഉപയോഗിച്ചതിലൂടെ എത്ര പേർക്ക് അടിയന്തര സഹായം ലഭ്യമാക്കാൻ കഴിഞ്ഞിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ;

(സി) പോലീസ് പ്രവർത്തനങ്ങൾക്ക് അനിവാര്യമായതിനാൽ വാടകയ്ക്ക് എടുത്ത ഹെലികോപ്റ്ററിന്റെ കരാർ തുടരണമെന്ന് പോലീസ് വകുപ്പ് മേധാവി ശിപാർശ ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാം കാരണങ്ങൾ ചൂണ്ടിക്കാട്ടിയാണ് കരാർ തുടരണമെന്ന് ശിപാർശ ചെയ്തിട്ടുള്ളത് എന്നത് സംബന്ധിച്ച വിവരം നൽകാമോ?

## <u>ആലത്തൂർ പോലീസ് സ്റ്റേഷന് ലഭിച്ച അംഗീകാരങ്ങൾ</u>

333 **ശ്രീ. ടി. എം. ശശി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജകമണ്ഡലത്തിലെ ആലത്തൂർ പോലീസ് സ്റ്റേഷന് കഴിഞ്ഞ അഞ്ച് വർഷ കാലയളവിനുള്ളിൽ ദേശീയതലത്തിൽ/ സംസ്ഥാന തലത്തിൽ ഏതെങ്കിലും അംഗീകാരങ്ങളോ ബഹുമതികളോ ലഭിച്ചിട്ടുണ്ടോ;

(ബി) ഏതൊക്കെ മേഖലകളിലെ പ്രവർത്തന മികവ് കണക്കിലെടുത്താണ് ഈ പുരസ്കാരങ്ങൾ ലഭിച്ചത്;

(സി) കഴിഞ്ഞ പത്ത് വർഷക്കാലയളവിനുള്ളിൽ ഏതൊക്കെ നിർമ്മാണ പ്രവർത്തനങ്ങളാണ് ആലത്തൂർ പോലീസ് സ്റ്റേഷനിൽ നടന്നിട്ടുള്ളത്; അതിന് ഏതൊക്കെ പദ്ധതി/ഫണ്ടുകളാണ് ഉപയോഗിച്ചിട്ടുള്ളത്;

(ഡി) കഴിഞ്ഞ അഞ്ച് വർഷക്കാലയളവിനുള്ളിൽ ലഹരിക്കേസുകളായും ആക്രമണക്കേസുകളായും എത്ര വീതം കേസുകളാണ് ആലത്തൂർ മണ്ഡലത്തിലെ വിവിധ പോലീസ് സ്റ്റേഷനുകളിൽ രജിസ്റ്റർ ചെയ്യപ്പെട്ടതെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകാമോ?

## <u>കേസ് അന്വേഷണത്തിലെ നിഷ്പക്ഷത</u>

334 **ശ്രീ. പി. മമ്മിക്കുട്ടി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പല കേസ് അന്വേഷണങ്ങളിലും പ്രതിപക്ഷത്തോട് പോലീസ് രാഷ്ട്രീയ ഇടപെടലിന്റെ ഭാഗമായി വൈര്യനിര്യാതന ബുദ്ധിയോടുകൂടി പെരുമാറുന്നു എന്ന ആരോപണം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഭരണകക്ഷിയുമായി ബന്ധപ്പെട്ട കേസുകളിലും പ്രതിപക്ഷവുമായി ബന്ധപ്പെട്ട കേസുകളിലും പോലീസിന്റെ സമീപനം നിഷ്പക്ഷമാണ് എന്ന് പറയാൻ കഴിയുമോ; വിശദമാക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം വകുപ്പുതല മേധാവികളായി നിയമിക്കപ്പെട്ട ഉദ്യോഗസ്ഥരിൽ ആരെങ്കിലും വിജിലൻസ് അന്വേഷണം നേരിടുന്നുണ്ടോ; വിശദമാക്കാമോ?

## <u>ഓപ്പറേഷൻ കുബേര</u>

335 **ശ്രീ. പാറക്കൽ അബ്ദുല്ല** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മുൻപ് കൊള്ള പലിശക്കാർക്കെതിരെയുള്ള 'ഓപ്പറേഷൻ കുബേര' വളരെ വിജയകരമായ ഒരു പദ്ധതിയായിരുന്നു എന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ'ഓപ്പറേഷൻ കുബേര' വീണ്ടും ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശം നൽകുമോ?

## <u>ചാവക്കാട് പോലീസ് സ്റ്റേഷൻ കെട്ടിട നിർമ്മാണം</u>

336 **ശ്രീ. എൻ. കെ. അക്ബർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024-25 വർഷത്തെ ബജറ്റിൽ രണ്ടു കോടി രൂപ അനുവദിച്ച ചാവക്കാട് പോലീസ് സ്റ്റേഷന്റെ പുതിയ കെട്ടിടം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

## <u>വിനോദസഞ്ചാരികൾക്ക് നേരെ നടന്ന ആക്രമണം</u>

337 **ശ്രീ. കെ. എൻ. ബാലഗോപാൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അടുത്തകാലത്ത് പൊൻമുടിയിൽ വിനോദസഞ്ചാരികൾക്ക് നേരെ നടന്ന ആക്രമണം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;എങ്കിൽ പ്രസ്തുത സംഭവത്തിൽ പോലീസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോയെന്നും നാളിതുവരെ എത്ര പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തെ പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളിൽ ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കുവാനും സഞ്ചാരികളുടെ സുരക്ഷ ഉറപ്പാക്കാനും നിലവിലുള്ള പോലീസ് സംവിധാനത്തിന് പുറമെ ടൂറിസം പോലീസിന്റെ സേവനമോ കൂടുതൽ പോലീസ് വിന്യാസമോ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(സി) പൊൻമുടി ഉൾപ്പെടെയുള്ള വിനോദസഞ്ചാര കേന്ദ്രങ്ങളിൽ സാമൂഹ്യവിരുദ്ധരുടെയും ലഹരി ഉപയോഗിക്കുന്നവരുടെയും സാന്നിധ്യം വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരം സംഘങ്ങളെ അമർച്ച ചെയ്യാൻ എന്തെല്ലാം നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

## ഹോട്ടൽ റെയ്ഡ്

338 **ശ്രീ. കെ. എൻ. ബാലഗോപാൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചിയിലെ ചേരാനല്ലൂരിലെ ഒരു ഹോട്ടലിൽ ജൂൺ അഞ്ചിന് റെയ്ഡ് നടത്തി എക്സൈസ് ഉദ്യോഗസ്ഥർ എം.ഡി.എം.എ. പിടികൂടിയ സംഭവത്തിൽ സാക്ഷിയായ യുവതി എക്സൈസ് ഉദ്യോഗസ്ഥർക്കെതിരെ പോലീസിൽ പരാതി നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പരാതിയിൽ പോലീസ് എന്തൊക്കെ തുടർനടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ?

## മുൻമുഖ്യമന്ത്രിയുടെ അംഗരക്ഷകർക്കെതിരായ പോലീസ് കേസ്

339 **ശ്രീ. കെ. എൻ. ബാലഗോപാൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് മുഖ്യമന്ത്രിയുടെ അംഗരക്ഷക ഡ്യൂട്ടി ചെയ്തിരുന്ന പോലീസ് ഉദ്യോഗസ്ഥർക്കെതിരെ ചുമത്തിയ കേസിൽ കോടതി മുൻകൂർ ജാമ്യം അനുവദിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പോലീസ് ഉദ്യോഗസ്ഥർക്കെതിരെ കേസെടുത്തപ്പോൾ ആദ്യം ഏതൊക്കെ വകുപ്പുകളാണ് ചുമത്തിയത്; പിന്നീട് ഏതൊക്കെ വകുപ്പുകൾ കൂട്ടിച്ചേർത്തിട്ടുണ്ട്;

(സി) പ്രസ്തുത കേസ് അന്വേഷിക്കുന്ന പ്രത്യേക അന്വേഷണ സംഘത്തിനെതിരെ കോടതി എന്തെങ്കിലും പരാമർശം നടത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

**<u>പോലീസ് സേനയിലെ ക്രിമിനൽസ്വഭാവമുള്ള ഉദ്യോഗസ്ഥർക്കെതിരെ നടപടി</u>**

340 **ശ്രീ. അൻവർ സാദത്ത്**
**ശ്രീ. നീലകണ്ഠൻ**
**ശ്രീ. സന്ദീപ് വാര്യർ**
**ശ്രീ. ടി .ഒ. മോഹനൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പോലീസ് സേനയിൽ ക്രിമിനൽസ്വഭാവമുള്ളവരുടെ എണ്ണം വർദ്ധിച്ച് വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;എങ്കിൽ വിശദമാക്കുമോ;

(ബി) ക്രിമിനൽസ്വഭാവമുള്ള ഇത്തരം ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിയ്ക്കുമോ; വ്യക്തമാക്കാമോ;

(സി) കേരള പോലീസിനെ കൂടുതൽ കാര്യക്ഷമമാക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

**<u>പോലീസിലെ ഗുണ്ടാ-മാഫിയ ബന്ധത്തിലെ അന്വേഷണം</u>**

341 **ശ്രീ. പഴകുളം മധു** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് ഉദ്യോഗസ്ഥരും ഗുണ്ടാ-ലഹരി മാഫിയകളും തമ്മിലുള്ള ബന്ധത്തെക്കുറിച്ചുള്ള ആരോപണങ്ങളിൽ അന്വേഷണം നടത്തി നടപടി സ്വീകരിച്ചിട്ടുണ്ടോയെന്നും അത്തരത്തിലുള്ള എത്ര കേസുകൾ ഈ സർക്കാർ നിലവിൽ വന്ന ശേഷം എടുത്തിട്ടുണ്ടെന്നും വിശദമാക്കാമോ;

(ബി) കുറ്റക്കാരായ ഉദ്യോഗസ്ഥരെ പ്രധാന തസ്തികകളിൽ നിന്ന് നീക്കം ചെയ്യുന്നതിനും വിജിലൻസ് ക്ലിയറൻസ് ഉള്ളവരെ മാത്രം ആ

സ്ഥാനങ്ങളിലേക്ക് പരിഗണിക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ എന്ന് വ്യകതമാക്കാമോ;

(സി) പോലീസ് സേനയുടെ പ്രവർത്തനം സുതാര്യമാക്കുന്നതിനും കസ്റ്റഡി മർദ്ദനം പോലുള്ളവ ഒഴിവാക്കുന്നതിനുമായി നടപ്പിലാക്കി വരുന്ന പദ്ധതികളെ കുറിച്ച് വിശദമാക്കാമോ?

**<u>പോലീസ് ഓഫീസർമാരുടെ ട്രാൻസ്ഫർ</u>**

342 **ശ്രീ. കെ. വി. സുമേഷ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2026 മെയ് 04 ന് ശേഷം ട്രാൻസ്ഫർ നൽകിയിട്ടുള്ള പോലീസ് ഓഫീസർമാരുടെ എണ്ണം ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) ട്രാൻസ്ഫർ അപേക്ഷ നൽകിയത് പ്രകാരം, ഭരണപരമായ സൗകര്യം എന്നിങ്ങനെ തരം തിരിച്ചുള്ള സ്ഥലംമാറ്റങ്ങളുടെ എണ്ണവും ലഭ്യമാക്കാമോ?

**<u>പി.എസ്.സി. മുഖേന പോലീസ് സേനയിലെ നിയമനം</u>**

343 **ശ്രീ. യു. ആർ. പ്രദീപ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 - 2026 സർക്കാർ കാലയളവിൽ എത്ര പേരെയാണ് പോലീസ് സേനയിലേയ്ക്ക് പി.എസ്.സി. മുഖേന നിയമിച്ചത്; ഇതിൽ സബ് ഇൻസ്പെക്ടർ, സിവിൽ പോലീസ് ആഫീസർ, വുമൺ സിവിൽ പോലീസ് ആഫീസർ എന്നീ തസ്തികകളിൽ നിയമിച്ചവരുടെ എണ്ണം കാറ്റഗറി തിരിച്ച് വ്യക്തമാക്കാമോ;

(ബി) നിലവിൽ പോലീസ് സേനയിൽ എത്ര ഒഴിവുകൾ ഉണ്ട്; കാറ്റഗറി തിരിച്ച് വ്യക്തമാക്കാമോ;

(സി) ഒഴിഞ്ഞു കിടക്കുന്ന തസ്തികകളിൽ നിയമനം നടത്തുന്നതിന് ത്വരിതഗതിയിൽ നടപടികൾ സ്വീകരിക്കുമോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കാമോ?

**<u>സ്ത്രീപീഡനക്കേസുകളും പോക്സോ കേസുകളും</u>**

344 **ശ്രീ. കുറുക്കോളി മൊയ്തീൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മെയ് 1 മുതൽ 2026 ഏപ്രിൽ 30 വരെ രജിസ്റ്റർ ചെയ്യപ്പെട്ട സ്ത്രീപീഡനക്കേസുകളുടെയും പോക്സോ കേസുകളുടെയും എണ്ണം ജില്ലതിരിച്ച് അറിയിക്കാമോ;

(ബി) 2016 മെയ് 1 മുതൽ 2026 ഏപ്രിൽ 30 വരെ രജിസ്റ്റർ ചെയ്യപ്പെട്ട സ്ത്രീ പീഡന കേസുകളിലും പോക്സോ കേസുകളിലും ശിക്ഷിക്കപ്പെട്ടവരുടെ എണ്ണം ജില്ലതിരിച്ച് അറിയിക്കാമോ;

(സി) 2016 മെയ് 1 മുതൽ 2026 ഏപ്രിൽ 30 വരെ രജിസ്റ്റർ ചെയ്യപ്പെട്ട സ്ത്രീപീഡനക്കേസുകളിലും പോക്സോ കേസുകളിലും പ്രതികളെ കോടതികൾ വെറുതെ വിട്ടിട്ടുണ്ടെങ്കിൽ അത് ഏതെല്ലാം കേസുകൾ ആണെന്ന് വിശദമാക്കാമോ;

(ഡി) 2016 മെയ് 1 മുതൽ 2026 ഏപ്രിൽ 30 വരെ കൊല്ലപ്പെട്ട സ്ത്രീകളുടെയും കുട്ടികളുടെയും എണ്ണം എത്രയാണ് എന്ന് ജില്ലതിരിച്ച് പ്രത്യേകം അറിയിക്കാമോ;

(ഇ) 2016 മെയ് 1 മുതൽ 2026 ഏപ്രിൽ 30 വരെ ആക്രമണങ്ങൾക്കിരയായ സ്ത്രീകളുടെയും കുട്ടികളുടെയും എണ്ണം ജില്ലതിരിച്ച് പ്രത്യേകം അറിയിക്കാമോ;

(എഫ്) 2016 മെയ് 1 മുതൽ 2026 ഏപ്രിൽ 30 വരെ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള പീഡനക്കേസുകൾ, പോക്സോ കേസുകൾ തുടങ്ങിയവയിൽ പ്രതികളെ കോടതി കുറ്റവിമുക്തരാക്കിയിട്ടുള്ള കേസുകളിൽ സർക്കാർ അപ്പീൽ പോകാത്ത കേസുകളുടെ വിവരം വിശദമാക്കാമോ?

## യു .എ .പി .എ കേസുകൾ

345 **ശ്രീ. വിഷ്ണു മോഹൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017 ജനുവരി 1 മുതൽ 2026 മെയ് 31 വരെ സംസ്ഥാനത്തു ഓരോവർഷവും എത്ര യു.എ.പി.എ. കേസുകൾ വീതം രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും അവയുടെ എഫ്.ഐ.ആർ. നമ്പർ, തീയതി, പോലീസ് സ്റ്റേഷൻ, വകുപ്പുകൾ എന്നീ വിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത കേസുകളുടെ നിലവിലെ അവസ്ഥ എന്താണെന്നും ഏതെല്ലാം കേസുകളിൽ കുറ്റപത്രം കോടതിയിൽ സമർപ്പിച്ചിട്ടുണ്ടെന്നുമുള്ള വിവരങ്ങൾ ലഭ്യമാക്കാമോ;

(സി) മേല്പറഞ്ഞവയിൽ ഏതെല്ലാം കേസുകളാണ് റഫർ /ക്ലോസ് ചെയ്തിട്ടുള്ളതെന്നും ഏതെല്ലാം കേസുകളിൽ യു.എ.പി.എ വകുപ്പുകൾ കുറവ് ചെയ്ത് മറ്റ് വകുപ്പുകൾ പ്രകാരം അന്തിമ റിപ്പോർട്ട് കോടതിയിൽ സമർപ്പിച്ചിട്ടുള്ളതെന്നുമുള്ള വിവരങ്ങൾ ലഭ്യമാക്കാമോ?

**<u>ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ ട്രാഫിക് സിഗ്നലുകൾ</u>**

346 **ശ്രീ. വിനു ജോബ് കുഴിമണ്ണിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ കഴിഞ്ഞ അഞ്ച് വർഷം സംഭവിച്ച അപകടങ്ങളുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്യപ്പെട്ട കേസുകളുടെ എണ്ണം, അപകടത്തിൽ മരണപ്പെട്ടവരുടെ എണ്ണം എന്നിവ വ്യക്തമാക്കാമോ;

(ബി) ഈ നിയോജക മണ്ഡലത്തിൽ പെരുന്ന, കുരിശുമൂട്, തൃക്കൊടിത്താനം എന്നീ സ്ഥലങ്ങളിൽ ട്രാഫിക് സിഗ്നലുകൾ സ്ഥാപിക്കുന്നതിനുള്ള ശിപാർശ ആഭ്യന്തര വകുപ്പിന്റെ പരിഗണനയിൽ ഉണ്ടോയെന്ന് വ്യക്തമാക്കാമോ?

**<u>റോഡ് ആക്സിഡന്റ് അനാലിസിസ് റിപ്പോർട്ട്</u>**

347 **ശ്രീ. കെ. എൻ. ബാലഗോപാൽ**
**ശ്രീ. യു. ആർ. പ്രദീപ്**
**ശ്രീ. എൻ. കെ. അക്ബർ**
**ശ്രീ. ജി. സ്റ്റീഫൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റേറ്റ് ക്രൈം റിക്കാർഡ്സ് ബ്യൂറോ പ്രസിദ്ധീകരിച്ച 'റോഡ് ആക്സിഡന്റ് അനാലിസിസ് റിപ്പോർട്ട്' ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത റിപ്പോർട്ട് പരിശോധിച്ച് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്നത് വിശദമാക്കാമോ?

**<u>ട്രാഫിക് നിയമ ലംഘനങ്ങൾക്ക് പിഴ</u>**

348 **ശ്രീ. എൻ. കെ. അക്ബർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2026 മെയ് 19 മുതൽ ജൂൺ 11 വരെ പോലീസ് എത്ര വാഹനങ്ങൾക്ക് ട്രാഫിക് നിയമ ലംഘനങ്ങളുടെ പേരിൽ പിഴ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇവയിൽ എ. ഐ ക്യാമറ വഴി പിഴ ഈടാക്കിയത്, ഉദ്യോഗസ്ഥരുടെ ഫോണുകളിലെ ക്യാമറാഫോട്ടോ പ്രകാരം പിഴ ഈടാക്കിയത്, ഉദ്യോഗസ്ഥർ നേരിട്ട് പിഴ ഈടാക്കിയത് എന്നിങ്ങനെ ഇനം തിരിച്ചുള്ള എണ്ണം വ്യക്തമാക്കാമോ;

(സി) ഏതെല്ലാം കുറ്റങ്ങൾക്കാണ് ഇത്തരത്തിൽ പിഴ ഈടാക്കിയതെന്നും അവ ഓരോന്നിന്റേയും എണ്ണവും ഇനം തിരിച്ച് വ്യക്തമാക്കാമോ?

## സാമൂഹ്യ മാധ്യമങ്ങളിലെ പോസ്റ്റുകൾക്കെതിരെ എടുത്ത കേസുകൾ

349 **ശ്രീ. കെ. പ്രേമൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം മുഖ്യമന്ത്രിയ്ക്കോ മന്ത്രിമാർക്കോ എതിരെ സാമൂഹ്യ മാധ്യമങ്ങളിലൂടെയോ മറ്റ് നവമാധ്യമ പ്ലാറ്റ്ഫോമുകളിലൂടെയോ വാർത്തകൾ, ചിത്രങ്ങൾ, വീഡിയോകൾ, കാർട്ടൂണുകൾ, പോസ്റ്റുകൾ തുടങ്ങിയവ പ്രചരിപ്പിച്ചതുമായി ബന്ധപ്പെട്ട് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത്തരത്തിൽ നാളിതുവരെ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ പരാതിയുടെ അടിസ്ഥാനത്തിൽ രജിസ്റ്റർ ചെയ്ത കേസുകൾ എത്രയെന്നും പോലീസ് സ്വമേധയാ എടുത്ത കേസുകൾ എത്രയെന്നുമുള്ള ജില്ല തിരിച്ച കണക്ക് നൽകാമോ?

## കാഫിർ സ്ക്രീൻ ഷോട്ട് കേസ്

350 **ശ്രീ. പാറക്കൽ അബ്ദുല്ല**
**ശ്രീ. എം. എ. റസാഖ് മാസ്റ്റർ**
**ശ്രീ. പി. കെ. ഫിറോസ്**
**ശ്രീ. പി. കെ. നവാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ ലോകസഭാ തെരഞ്ഞെടുപ്പ് സമയത്ത് ഏറെ വിവാദങ്ങൾക്ക് വഴിവെച്ച കാഫിർ സ്ക്രീൻ ഷോട്ടുമായി ബന്ധപ്പെട്ട കേസന്വേഷണത്തിന് പ്രത്യേക സംഘത്തെ ചുമതലപ്പെടുത്തിയിട്ടുണ്ടോയെന്നും, വ്യാജ

സ്ക്രീൻഷോട്ട് ആരുടെ പേരിലാണ് പ്രചരിപ്പിക്കപ്പെട്ടതെന്നും വിശദമാക്കാമോ;

(ബി) പ്രസ്തുത കേസന്വേഷണം നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

## സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിന് നടപടി

351 **ശ്രീ. അൻവർ സാദത്ത്**

**ശ്രീ. നീലകണ്ഠൻ**

**ശ്രീ. സന്ദീപ് വാര്യർ**

**ശ്രീ. ടി .ഒ. മോഹനൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വർദ്ധിച്ചുവരുന്ന സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്; സൈബർ മേഖലയിൽ സ്ത്രീകൾക്കെതിരായ കുറ്റകൃത്യങ്ങൾ തടയുന്നതിന് പ്രത്യേക നടപടികൾ സ്വീകരിക്കുമോ;

(ബി) സൈബർ സുരക്ഷ ശക്തിപ്പെടുത്തുന്നതിനും സംസ്ഥാന പോലീസ് സേനയെ ആധുനികവത്കരിക്കുന്നതിനും പ്രത്യേക പദ്ധതികൾ ആവിഷ്കരിക്കുമോയെന്ന് വിശദമാക്കുമോ;

(സി) സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിന് ആവശ്യമായ നിയമപരിഷ്കാരങ്ങൾ നടപ്പിലാക്കുമോ; കുട്ടികളുടെ സുരക്ഷയും സ്വകാര്യതയും ഉറപ്പാക്കുന്നതിന് സൈബർ പോലീസ് പ്രത്യേക കർമ്മപദ്ധതി തയ്യാറാക്കുമോ?

## ഓൺലൈൻ തട്ടിപ്പ് തടയാൻ നടപടി

352 **ശ്രീ. സനീഷ്കുമാർ ജോസഫ്**

**ശ്രീ. രമേഷ് പിഷാരടി**

**ശ്രീ. സുമേഷ് അച്ചുതൻ**

**ശ്രീ. രാജൻ. ജെ. പല്ലൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓൺലൈൻ തട്ടിപ്പിന് ഇരയാകുന്നവരെ സഹായിക്കുന്നതിനായി ഏതെങ്കിലും കർമ്മ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്നു വ്യക്തമാക്കാമോ;

(ബി) പ്രായമായവരും സ്ത്രീകളും ഓൺലൈൻ തട്ടിപ്പിന് ഇരകളാകാതിരിക്കുന്നതിനായി ബോധവൽക്കരണം ഉൾപ്പെടെയുള്ള പദ്ധതികൾ ആവിഷ്കരിക്കുമോ; വിശദമാക്കുമോ;

(സി) വിദേശത്തു നിന്നും മറ്റ് സംസ്ഥാനങ്ങളിൽ നിന്നും നിയന്ത്രിക്കുന്ന ഇത്തരം ക്രിമിനൽ ശൃംഖലകളെ ഇല്ലാതാക്കുവാൻ സംയോജിത നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

## ഓൺലൈൻ ലോൺ ആപ്പുകൾ

353 **ഡോ. മാത്യു കുഴൽനാടൻ**
**ശ്രീ. നാട്ടകം സുരേഷ്**
**ശ്രീ. സിറിയക് തോമസ്**
**ശ്രീ. റോണി. കെ. ബേബി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓൺലൈൻ ലോൺ ആപ്പുകൾ, കൃത്രിമ ലിങ്കുകൾ എന്നിവ ഉപയോഗിച്ച് സംസ്ഥാനത്ത് സൈബർ സാമ്പത്തിക തട്ടിപ്പുകൾ വർദ്ധിച്ചുവരുന്നത് തടയാൻ പ്രത്യേക സംവിധാനം ഏർപ്പെടുത്തുമോയെന്ന് വ്യക്തമാക്കുമോ;

(ബി) ഇത്തരം തട്ടിപ്പുകൾക്ക് ഇരയാകുന്നവർക്ക് പണം നഷ്ടപ്പെട്ട് ഗോൾഡൻ അവറിനുള്ളിൽ സഹായം ലഭ്യമാക്കാൻ ഹെൽപ്പ്ലൈൻ സംവിധാനത്തിന്റെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി സ്വീകരിയ്ക്കുമോ;

(സി) ആർട്ടിഫിഷ്യൽ ഇന്റലിജൻസ് സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള ഡീപ്പ് ഫേക്ക് തട്ടിപ്പുകൾ, വോയ്സ് ക്ലോണിംഗ് എന്നിവ തടയുന്നതിനായി സാങ്കേതിക സജ്ജീകരണങ്ങൾ നൽകി സൈബർ പൊലീസിനെ ശാക്തീകരിയ്ക്കുമോയെന്ന് വ്യക്തമാക്കുമോ?

## പൈവളിഗെയിൽ പുതിയ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നത്

354 **ശ്രീ. എ. കെ. എം. അഷ്റഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം മണ്ഡലത്തിലെ പൈവളിഗെയിൽ പുതിയ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള നടപടികൾ ഏത് വരെയായി എന്ന് വിശദമാക്കാമോ; ഇത് സംബന്ധിച്ച് പോലീസ് മേധാവി സമർപ്പിച്ച പ്രപ്പോസലിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പോലീസ് സ്റ്റേഷൻ എപ്പോൾ പ്രവർത്തനമാരംഭിക്കുമെന്ന് വിശദമാക്കാമോ;

**<u>എടക്കര പോലീസ് സ്റ്റേഷന്റെ നിർമ്മാണം</u>**

355 **ശ്രീ. ആര്യാടൻ ഷൗക്കത്ത്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എടക്കര പോലീസ് സ്റ്റേഷന് വേണ്ടി സൗജന്യമായി ലഭിച്ച സ്ഥലം തരംമാറ്റി കിട്ടിയിട്ടും പോലീസ് സ്റ്റേഷൻ കെട്ടിടത്തിന്റെ നിർമ്മാണപ്രവൃത്തി ഇനിയും ആരംഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(ബി) ഈ സ്ഥലത്ത് പോലീസ് സ്റ്റേഷൻ കെട്ടിടത്തിന്റെ നിർമ്മാണപ്രവൃത്തി എന്നത്തേക്ക് ആരംഭിക്കുവാൻ സാധിക്കുമെന്ന് വിശദമാക്കാമോ?

**<u>മങ്കട പോലീസ് സ്റ്റേഷന് കെട്ടിടം നിർമ്മിക്കുന്ന പ്രവൃത്തി</u>**

356 **ശ്രീ. മഞ്ഞളാംകുഴി അലി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട പോലീസ് സ്റ്റേഷൻ കെട്ടിട നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) മങ്കട പഞ്ചായത്ത് ഭരണസമിതി യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ മങ്കട വില്ലേജിൽ കടന്നമണ്ണ അംശം ദേശത്ത് വെറ്റിനറി ഡിസ്പെൻസറി സ്ഥിതി ചെയ്യുന്ന മൃഗസംരക്ഷണ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള സ്ഥലം വിട്ടു കിട്ടുന്നതിന് ആഭ്യന്തര വകുപ്പ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; സ്ഥലം വിട്ടു കിട്ടാൻ സാധ്യതയില്ലായെന്ന് അറിയിച്ചിട്ടുണ്ടോ; എങ്കിൽ മറ്റ് സ്ഥലം കണ്ടെത്താൻ സ്വീകരിച്ച നടപടിയുടെ വിശദാംശം ലഭ്യമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തി സമയബന്ധിതമായി നടപ്പിലാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

**<u>അടിവാരം പോലീസ് എയ്ഡ്പോസ്റ്റ് പോലീസ് സ്റ്റേഷനായി ഉയർത്താനുള്ള നടപടി</u>**

357 **ശ്രീ. സി. കെ. കാസിം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ അടിവാരം പോലീസ് എയ്ഡ് പോസ്റ്റ് പോലീസ് സ്റ്റേഷനായി ഉയർത്താനുള്ള പ്രൊപ്പോസൽ നിലവിലുണ്ടോ;

(ബി) വയനാട്ടിലേക്കുള്ള പ്രവേശന കവാടമായ അടിവാരത്ത് പോലീസ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനു വേണ്ടി തിരുവമ്പാടി പോലീസ് സ്റ്റേഷൻ പരിധിയിൽ നിന്നും കുറച്ച് സ്ഥലവും താമരശ്ശേരി പോലീസ് സ്റ്റേഷൻ പരിധിയിൽ നിന്നും കുറച്ച് സ്ഥലങ്ങളും ഉൾപ്പെടുത്തി അടിവാരത്ത് ഒരു പുതിയ പോലീസ് സ്റ്റേഷൻ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

## <u>വടക്കഞ്ചേരി സ്മാർട്ട് പോലീസ് സ്റ്റേഷൻ</u>

358 **ശ്രീ. പി. പി. സുമോദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2025-26 പ്ലാൻ ഫണ്ടിൽ നിന്നും 34.26 ലക്ഷം വിനിയോഗിച്ച് വടക്കഞ്ചേരി പോലീസ് സ്റ്റേഷൻ സ്മാർട്ട് പോലീസ് സ്റ്റേഷനായി ഉയർത്തുന്ന പ്രവൃത്തിയുടെ പുരോഗതി നിലവിൽ ഏത് ഘട്ടത്തിലാണ് ; ഏതെല്ലാം പ്രവൃത്തികളാണ് പൂർത്തീകരിച്ചിട്ടുള്ളത് വ്യക്തമാക്കാമോ?

## <u>പെരുമ്പിലാവ് പോലീസ് സ്റ്റേഷൻ</u>

359 **ശ്രീ. എ. സി. മൊയ്തീൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നംകുളം മണ്ഡലത്തിലെ പെരുമ്പിലാവ് ആസ്ഥാനമാക്കി പുതിയൊരു പോലീസ് സ്റ്റേഷൻ ആരംഭിക്കണമെന്ന ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പോലീസ് സ്റ്റേഷൻ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

## <u>വടകര കോസ്റ്റൽ പോലീസ് സ്റ്റേഷൻ</u>

360 **ശ്രീമതി കെ. കെ. രമ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വടകരയിലെ കോസ്റ്റൽ പോലീസ് സ്റ്റേഷനിൽ ആകെ എത്ര തസ്തികകളാണ് നിലവിലുള്ളതെന്നും ഇതിൽ എത്ര തസ്തികകളിലാണ് സ്ഥിരം ജീവനക്കാരെ നിയമിച്ചിട്ടുള്ളതെന്നും വിശദമാക്കാമോ;

(ബി) കടലിൽ അപകടത്തിൽ പെടുന്ന ആളുകളെ രക്ഷിക്കുന്നതിനായി എന്തൊക്കെ ഉപകരണങ്ങളാണ് വടകര കോസ്റ്റൽ പോലീസ്

സ്റ്റേഷനിൽ ലഭ്യമാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(സി) കോസ്റ്റൽ പോലീസിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനായി കൂടുതൽ ജീവനക്കാരെ നിയമിക്കുന്നതിനും കൂടുതൽ കാര്യക്ഷമമായ ജീവൻ രക്ഷാ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനും സർക്കാർ നടപടി സ്വീകരിക്കുമോ വിശദമാക്കാമോ?

**<u>മാരായമുട്ടം പോലീസ് സ്റ്റേഷൻ കെട്ടിട നിർമ്മാണം</u>**

361 **ശ്രീ. സി. കെ. ഹരീന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാരായമുട്ടം പോലീസ് സ്റ്റേഷൻ നിലവിൽ വാടക കെട്ടിടത്തിലാണോ പ്രവർത്തിച്ചു വരുന്നത് ; എങ്കിൽ പുതിയ സ്ഥിരം മന്ദിരം നിർമ്മിച്ച് പ്രവർത്തന സജ്ജമാക്കുന്നതിനായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) പാറശ്ശാല നിയോജക മണ്ഡലത്തിലെ അമ്പൂരി, ധനുവച്ചപുരം പ്രദേശങ്ങളിൽ ജനസുരക്ഷയും നിയമ സമാധാന പരിപാലനവും ശക്തിപ്പെടുത്തുന്നതിനായി പോലീസ് എയ്ഡ് പോസ്റ്റുകൾ സ്ഥാപിക്കണമെന്ന ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച് സ്വീകരിച്ച നടപടികളും തുടർ നടപടികളും എന്തൊക്കെയാണെന്ന് അറിയിക്കാമോ;

(സി) പാറശ്ശാല നിയോജക മണ്ഡലത്തിലെ അതിർത്തി പ്രദേശങ്ങളിലും ഗ്രാമീണ മേഖലകളിലും സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങൾ, ലഹരി വസ്തു കടത്ത്, രാത്രികാല സുരക്ഷാ പ്രശ്നങ്ങൾ എന്നിവ നിയന്ത്രിക്കുന്നതിനായി പോലീസ് പട്രോളിംഗ് ശക്തിപ്പെടുത്തുന്നതിനും ആവശ്യമായ അധിക പോലീസ് സേനയും വാഹന സൗകര്യങ്ങളും അനുവദിക്കുന്നതിനും സർക്കാർ നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ഡി) പാറശ്ശാല നിയോജക മണ്ഡലത്തിലെ ജനസാന്ദ്രതയും ഗതാഗത സാന്ദ്രതയും കൂടുതലുള്ള പ്രദേശങ്ങളിൽ പൊതു സുരക്ഷ ഉറപ്പാക്കുന്നതിനായി സി.സി.ടി.വി. നിരീക്ഷണ സംവിധാനം വ്യാപിപ്പിക്കുന്നതിനും സംസ്ഥാനതല പദ്ധതികളിൽ ഉൾപ്പെടുത്തി പ്രത്യേക നടപടി സ്വീകരിക്കുന്നതിനും സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

**<u>മുണ്ടക്കയം പോലീസ് സ്റ്റേഷൻ നിർമ്മാണം</u>**

362 **ശ്രീ. സെബാസ്റ്റ്യൻ. എം. ജെ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുണ്ടക്കയം പോലീസ് സ്റ്റേഷൻ കെട്ടിടത്തിന്റെ നിർമ്മാണ പുരോഗതി വ്യക്തമാക്കാമോ;

(ബി) നിർമ്മാണം എന്നത്തേക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വിശദമാക്കാമോ?

**<u>ഓപ്പറേഷൻ തൂഫാൻ</u>**

363 **ശ്രീ. നജീബ് കാന്തപുരം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ലഹരിമാഫിയാ ശൃംഖലകളെയും വിതരണ ശൃംഖലകളെയും പൂർണ്ണമായും ഇല്ലാതാക്കുന്നതിനായി ആഭ്യന്തര വകുപ്പ് ആരംഭിച്ച 'ഓപ്പറേഷൻ തൂഫാൻ' എന്ന പേരിലുള്ള സ്പെഷ്യൽ ഡ്രൈവിന്റെ ഭാഗമായി ഇതുവരെ കൈവരിച്ച പുരോഗതിയും അറസ്റ്റ് ഉൾപ്പെടെയുള്ള എൻഫോഴ്സ്മെന്റ് വിവരങ്ങളും വ്യക്തമാക്കാമോ;

(ബി) ഈ സ്പെഷ്യൽ ഡ്രൈവ് ആരംഭിച്ച് നാളിതുവരെ സംസ്ഥാനത്തുടനീളം എത്ര കേസുകൾ രജിസ്റ്റർ ചെയ്തെന്നും ഇതിലൂടെ പിടിച്ചെടുത്ത എം.ഡി.എം.എ., കഞ്ചാവ്, ഹാഷിഷ് ഓയിൽ തുടങ്ങിയ മാരക ലഹരിവസ്തുക്കളുടെ അളവ് എത്രയെന്നും വിശദമാക്കാമോ;

(സി) കേരളത്തിലേക്ക് ലഹരിമരുന്നുകൾ എത്തിക്കുന്ന അന്തർസംസ്ഥാന ശൃംഖലകളെയും ലഹരി ഉത്പാദന കേന്ദ്രങ്ങളെയും ലക്ഷ്യമിട്ട് കേന്ദ്ര ഏജൻസികളായ ഇ. ഡി., ഡി. ആർ. ഐ. എന്നിവയുടെ സഹകരണത്തോടെ മറ്റ് സംസ്ഥാനങ്ങളിലേക്ക് അന്വേഷണം വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) ലഹരി വിപണനത്തെക്കുറിച്ചുള്ള വിവരങ്ങൾ പൊതുജനങ്ങൾക്ക് രഹസ്യമായി കൈമാറാൻ സജ്ജമാക്കിയ ഡിജിറ്റൽ സർവൈലൻസ് സംവിധാനങ്ങളുടെയും (വാട്സാപ്പ് ചാറ്റ്ബോട്ടുകൾ, മൊബൈൽ ആപ്പുകൾ) ഹെൽപ്പ്ലൈൻ നമ്പറുകളുടെയും വിനിയോഗം എത്രത്തോളമുണ്ടെന്ന് വ്യക്തമാക്കാമോ?

**ഓപ്പറേഷൻ ഡി-ഹണ്ട്**

364 **ശ്രീ. നജീബ് കാന്തപുരം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓപ്പറേഷൻ ഡി-ഹണ്ട് കേവലം ഒരു പോലീസ് ഡ്രൈവ് എന്നതിനപ്പുറം എക്സൈസ്, വിദ്യാഭ്യാസം, തദ്ദേശ സ്വയംഭരണം, ആരോഗ്യം എന്നീ വകുപ്പുകളെ കൂട്ടിയോജിപ്പിച്ച് നടപ്പിലാക്കുന്ന ഒരു സംയുക്ത ദൗത്യമാണെന്നിരിക്കെ, ഇതിന്റെ സുഗമമായ നടത്തിപ്പിനായി സ്വീകരിച്ചിട്ടുള്ള നയപരമായ ഏകോപനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ബി) വിദ്യാലയങ്ങളും കോളേജുകളും കേന്ദ്രീകരിച്ച് വിദ്യാർത്ഥികളെ ലഹരിവിരുദ്ധ പ്രചാരകരാക്കി മാറ്റുന്നതിനായി പൊതുവിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് രൂപീകരിച്ച ഡി-ഹണ്ട് വാരിയേഴ്സ് പദ്ധതിയുടെ ഘടനയും ലക്ഷ്യങ്ങളും എന്തെല്ലാമാണെന്ന് അറിയിക്കാമോ;

(സി) ലഹരിക്ക് അടിമപ്പെട്ടവരെ പുനരധിവസിപ്പിക്കുന്നതിനായി ആരോഗ്യ വകുപ്പിന്റെ സഹകരണത്തോടെ മെഡിക്കൽ കോളേജുകൾ മുതൽ പ്രൈമറി ഹെൽത്ത് സെന്ററുകൾ വരെയുള്ളവ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന ഡി-ഹണ്ട് കെയർ പദ്ധതിയുടെ പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(ഡി) ലഹരി വസ്തുക്കൾ കടത്തുന്നവരുടെ വസ്തുവകകളും വാഹനങ്ങളും കണ്ടുകെട്ടുന്നതിനും ഈ ദൗത്യത്തിൽ അനാസ്ഥ കാണിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതിനും ആഭ്യന്തര വകുപ്പ് നൽകിയിട്ടുള്ള പ്രത്യേക നിർദ്ദേശങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

**കേന്ദ്ര പദ്ധതികൾ പ്രകാരം ആഭ്യന്തര വകുപ്പിന് ലഭിച്ച തുക**

365 **ശ്രീ. രാജീവ് ചന്ദ്രശേഖർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ പത്തുവർഷത്തിനിടയിൽ കേന്ദ്ര പദ്ധതികൾ പ്രകാരം ആഭ്യന്തര വകുപ്പിന് ലഭിച്ച തുകയുടെ കണക്ക് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളുടെ പേര്, അനുവദിച്ച തുക, നിലവിലെ പ്രവർത്തന പുരോഗതി എന്നിവ അറിയിക്കുമോ ?

**<u>ശബരിമല സ്ത്രീ പ്രവേശനവുമായി ബന്ധപ്പെട്ട കേസുകൾ</u>**

366 **ശ്രീ. വി. മുരളീധരൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല സ്ത്രീ പ്രവേശനവുമായി ബന്ധപ്പെട്ട് പ്രതിഷേധിച്ചവർക്കെതിരെ എത്ര കേസുകൾ സംസ്ഥാനത്തൊട്ടാകെ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ശബരിമല സ്ത്രീ പ്രവേശനവുമായി ബന്ധപ്പെട്ടുണ്ടായ പ്രതിഷേധങ്ങൾ ഭക്തരുടെ വികാരപ്രകടനത്തിന്റെ ഭാഗമാണെന്ന് കരുതുന്നുണ്ടോ; ഉണ്ടെങ്കിൽ പ്രതിഷേധിച്ചവർക്കെതിരെ പോലീസ് രജിസ്റ്റർ ചെയ്തിട്ടുള്ള കേസുകൾ പിൻവലിക്കുവാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

**<u>ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ പോലീസ് എയ്ഡ് പോസ്റ്റ്</u>**

367 **ശ്രീ. വിനു ജോബ് കുഴിമണ്ണിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ താമസിക്കുന്ന അതിഥി തൊഴിലാളികളുടെ കണക്ക് ലഭ്യമാണോ; എങ്കിൽ പ്രസ്തുത വിവരം അറിയിക്കുമോ;

(ബി) ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ അതിഥി തൊഴിലാളികൾ കൂടുതലായി താമസിക്കുന്ന പായിപ്പാട് പഞ്ചായത്തിൽ ഒരു പോലീസ് എയ്ഡ് പോസ്റ്റ് സ്ഥാപിക്കാനുള്ള നിർദേശം പരിഗണനയിൽ ഉണ്ടോ?

**<u>സംസ്ഥാനത്തുണ്ടായ ആത്മഹത്യകൾ</u>**

368 **ശ്രീ. കുറുക്കോളി മൊയ്തീൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ 10 വർഷം സംസ്ഥാനത്തുണ്ടായ ആത്മഹത്യകളുടെ എണ്ണം വർഷം തിരിച്ചും ജില്ല തിരിച്ചും ലഭ്യമാക്കാമോ;

(ബി) സംസ്ഥാനത്ത് കഴിഞ്ഞ 10 വർഷം ആത്മഹത്യ ചെയ്ത പുരുഷന്മാർ,സ്ത്രീകൾ,ട്രാൻസ് ജെൻഡർമാർ എന്നിവരുടെ എണ്ണം, 18 വയസ്സിൽ താഴെയുള്ളവർ, 18നും 30 നും ഇടയിൽ പ്രായമുള്ളവർ, 30നും

50 നും ഇടയിൽ പ്രായമുള്ളവർ, 50 വയസ്സിനു മുകളിൽ പ്രായമുള്ളവർ എന്നിങ്ങനെ തരം തിരിച്ച് ലഭ്യമാക്കാമോ;

(സി) സംസ്ഥാനത്ത് കഴിഞ്ഞ 10 വർഷക്കാലയളവിൽ ആത്മഹത്യ ചെയ്തവരുടെ എണ്ണം അവർ ഏർപ്പെട്ടിരുന്ന തൊഴിൽമേഖല തിരിച്ച് ലഭ്യമാക്കാമോ;

(ഡി) ആത്മഹത്യകൾ തടയുന്നതിന് കഴിഞ്ഞ പത്ത് വർഷക്കാലയളവിൽ സർക്കാർ സ്വീകരിച്ചിരുന്ന നടപടികൾ എന്തൊക്കെയായിരുന്നു എന്നും അതിലൂടെ ആത്മഹത്യ നിരക്ക് നിയന്ത്രിക്കാൻ സാധിച്ചിരുന്നുവോ എന്നും വ്യക്തമാക്കാമോ;

(ഇ) ആത്മഹത്യകൾ തടയുന്നതിന് എന്തൊക്കെ മാർഗ്ഗങ്ങൾ പുതുതായി സ്വീകരിക്കുമെന്ന് അറിയിക്കാമോ;

(എഫ്) കഴിഞ്ഞ 10 വർഷക്കാലയളവിൽ മാതാപിതാക്കൾ ആത്മഹത്യ ചെയ്തത് മൂലം അനാഥരായ 18 വയസ്സിൽ താഴെയുള്ള കുട്ടികളുടെ എണ്ണം എത്രയാണ് എന്ന് ജില്ല തിരിച്ച് ലഭ്യമാക്കാമോ;

(ജി) മാതാപിതാക്കൾ ആത്മഹത്യ ചെയ്തത് മൂലം അനാഥരായ പതിനെട്ട് വയസ്സിൽ താഴെയുള്ള കുട്ടികൾക്ക് കഴിഞ്ഞ 10 വർഷക്കാലയളവിൽ സർക്കാർ നൽകിയിട്ടുള്ള സഹായവും പിന്തുണയും എന്തെല്ലാമായിരുന്നു എന്നും അതിന്റെ ഗുണഭോക്താക്കൾ എത്ര പേരായിരുന്നു എന്നും ജില്ല തിരിച്ച് അറിയിക്കാമോ?

**<u>ശബരിമല യുവതീ പ്രവേശനവുമായി ബന്ധപ്പെട്ട് ചാർജ് ചെയ്ത കേസുകൾ</u>**

369 **ശ്രീ. പഴകുളം മധു** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല യുവതീ പ്രവേശനവുമായി ബന്ധപ്പെട്ട നാമജപഘോഷയാത്രയിൽ പങ്കെടുത്തതിന് അന്യായമായി ചാർജ് ചെയ്ത എത്ര കേസുകൾ എടുത്തിട്ടുണ്ട്;

(ബി) നാമജപഘോഷയാത്രയിൽ പങ്കെടുത്ത എത്ര പേർക്കെതിരെ കേസുകൾ ചാർജ് ചെയ്തിട്ടുണ്ട്;

(സി) നാമജപഘോഷയാത്രയുമായി ബന്ധപ്പെട്ട അന്യായമായി ചാർജ് ചെയ്ത കേസുകൾ പിൻവലിക്കുന്നത് സർക്കാരിന്റെ പരിഗണനയിൽ ഉണ്ടോ; എന്തൊക്കെ നടപടികൾ സ്വീകരിച്ചുവരുന്നുവെന്ന് വ്യക്തമാക്കാമോ?

## <u>ഓപ്പറേഷൻ ഗുഫാൻ</u>

370 **ശ്രീ. തോമസ് ഉണ്ണിയാടൻ**
**ശ്രീ. വർഗ്ഗീസ് മാമ്മൻ**
**ശ്രീ. റെജി ചെറിയാൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആഭ്യന്തരവകുപ്പിന്റെ നേതൃത്വത്തിലുള്ള ഓപ്പറേഷൻ ഗുഫാൻ ദൗത്യത്തിന്റെ ഇതുവരെയുള്ള ഫലപ്രാപ്തി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത ലഹരി നിർവ്യാപന ദൗത്യത്തിൽ വിദ്യാലയങ്ങളെ ഭാഗഭാക്കാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) ഇതര സംസ്ഥാനങ്ങളിൽ നിന്നുള്ള ലഹരിക്കടത്ത് വിജയകരമായി ചെറുക്കാൻ പ്രസ്തുത ദൗത്യം മൂലം സാധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ഡി) ട്രെയിനുകൾ വഴിയുള്ള ലഹരിക്കടത്ത് തടയാൻ ആഭ്യന്തരവകുപ്പിന് കീഴിൽ സ്ഥിരം സംവിധാനം ഏർപ്പെടുത്തുന്നത് പരിഗണനയിലുണ്ടോ; വിശദമാക്കാമോ;

(ഇ) സംസ്ഥാനാന്തര-രാജ്യാന്തര ലഹരിക്കടത്തിന്റെ ഉറവിടങ്ങൾ കണ്ടെത്തുവാൻ സാധിച്ചിട്ടുണ്ടോയെന്നും ഇതിനായി ഇതര സംസ്ഥാന, ദേശീയ അന്വേഷണ ഏജൻസികളുടെ സഹായം ലഭിക്കുന്നുണ്ടോയെന്നും വിശദമാക്കാമോ?

## <u>ഓപ്പറേഷൻ കുബേര 2.0</u>

371 **ശ്രീ. പഴകുളം മധു** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ നിലവിൽ വന്ന ശേഷം കേരള മണി ലെൻഡേഴ്സ് ആക്ടിന്റെ 13, 17, 18 എന്നീ വകുപ്പുകൾ പ്രകാരം എത്ര കേസുകൾ എടുത്തിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) കേരള മണി ലെൻഡേഴ്സ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്യപ്പെടുന്ന കേസുകളുടെ അന്വേഷണത്തിന് പ്രത്യേക സ്ക്വാഡുകൾ രൂപീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(സി) കേരളത്തിലെ ബ്ലേഡ് മാഫിയക്കെതിരെ ഓപ്പറേഷൻ കുബേര 2.0 ആരംഭിക്കുമോയെന്ന വ്യക്തമാക്കാമോ?

## <u>പൊതു താൽപര്യമുള്ള അന്വേഷണ റിപ്പോർട്ടുകൾ വിവരാവകാശ നിയമപ്രകാരം നൽകുന്നതിനുള്ള വിലക്കുകൾ</u>

372 **ശ്രീ. സി. കെ. കാസിം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതു താൽപര്യമുള്ള അന്വേഷണ റിപ്പോർട്ടുകൾ (ഉദാ. തൃശ്ശൂർ പൂരം) വിവരാവകാശ നിയമപ്രകാരം നൽകുന്നതിന് വിലക്കുകളോ നിയന്ത്രണങ്ങളോ ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ക്രൈം റിക്കോർഡ്സ് ബ്യൂറോയിൽ നിന്നുള്ള വിവരങ്ങൾ നൽകുന്നതിന് നിലവിൽ വിലക്കുണ്ടോ; ഉണ്ടെങ്കിൽ ഈ വിലക്കുകൾ നീക്കം ചെയ്യുന്ന കാര്യം ആലോചനയിലുണ്ടോ; വിശദമാക്കാമോ?

## <u>വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ വിഭാഗങ്ങളെ വിവരാവകാശ നിയമത്തിന്റെ പരിധിയിൽ നിന്ന് ഒഴിവാക്കിയ നിർദ്ദേശങ്ങൾ</u>

373 **ശ്രീ. സി. കെ. കാസിം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഉൾപ്പെടെയുള്ള അന്വേഷണ ഏജൻസികളെ വിവരാവകാശ നിയമത്തിന്റെ പരിധിയിൽ നിന്ന് പൂർണ്ണമായോ ഭാഗികമായോ ഒഴിവാക്കാനോ നിയന്ത്രിക്കാനോ ഉള്ള എന്തെങ്കിലും നിർദ്ദേശങ്ങളോ ശിപാർശകളോ പരിഗണനയിലുണ്ടോ; എങ്കിൽ അതിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് വിശദമാക്കാമോ;

(ബി) ക്രൈം ബ്രാഞ്ച്, സ്പെഷ്യൽ ബ്രാഞ്ച് വിഭാഗങ്ങളെ നേരത്തെ വിവരാവകാശ പരിധിയിൽ നിന്ന് ഒഴിവാക്കിയതായിട്ടുള്ള സാഹചര്യത്തിൽ അഴിമതി തടയുന്നതിനുള്ള വിജിലൻസ് വിഭാഗത്തിന്റെ വിവരങ്ങൾക്ക് നിയന്ത്രണം ഏർപ്പെടുത്തുന്നത് അഴിമതി വിരുദ്ധ പ്രവർത്തനങ്ങളുടെ സുതാര്യതയെ ബാധിക്കില്ലേ; വിശദമാക്കാമോ?

## <u>അഴിമതി നിർമ്മാർജ്ജനത്തിനുള്ള സമഗ്ര കർമ്മ പദ്ധതി</u>

374 **ശ്രീ. ടി. വി. ഇബ്രാഹിം**

**ശ്രീ. കുറുക്കോളി മൊയ്തീൻ**

**ശ്രീ. നജീബ് കാന്തപുരം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഓഫീസുകളിൽ ഉൾപ്പെടെയുള്ള അഴിമതി പൂർണ്ണമായും ഇല്ലായ്മ ചെയ്യാനുള്ള സമഗ്ര കർമ്മ പദ്ധതി തയ്യാറാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

(ബി) അഴിമതി വിമുക്ത കേരളം എന്ന ലക്ഷ്യം നിറവേറ്റുന്നതിനായി വിജിലൻസ് വകുപ്പിൽ എന്തെല്ലാം മാറ്റങ്ങൾ വരുത്താനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ;

(സി) വിജിലൻസ് വകുപ്പിലെ ജീവനക്കാരുടെയും വാഹനങ്ങളുടെയും കുറവ് പരിഹരിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

**<u>കോന്നി ഫയർസ്റ്റേഷൻ നിർമ്മാണം</u>**

375 **ശ്രീ. കെ. യു. ജനീഷ് കുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നിയിൽ അനുവദിച്ച ഫയർസ്റ്റേഷന്റെ നിർമ്മാണ പ്രവർത്തന പുരോഗതി വ്യക്തമാക്കാമോ?

**<u>ബിരിക്കുളം ഫയർ ആൻഡ് റെസ്ക്യൂ സ്റ്റേഷൻ</u>**

376 **ശ്രീ. ഗോവിന്ദൻ പള്ളിക്കാപ്പിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഫയർ ആൻഡ് റെസ്ക്യൂ സ്റ്റേഷൻ ഇല്ലാത്ത താലൂക്കുകൾ ഉണ്ടോ; ഉണ്ടെങ്കിൽ അവ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) ഫയർ ആൻഡ് റെസ്ക്യൂ സ്റ്റേഷൻ ഇല്ലാത്ത താലൂക്കുകളിൽ ആയവ സ്ഥാപിക്കുവാനുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

(സി) പരപ്പ ബിരിക്കുളം ഫയർ ആൻഡ് റെസ്ക്യൂ സ്റ്റേഷൻ നിർമ്മിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

**<u>കൊണ്ടോട്ടി മണ്ഡലത്തിൽ ഫയർ സ്റ്റേഷൻ ആരംഭിക്കുന്നത്</u>**

377 **ശ്രീ. ടി. പി. അഷ്റഫ് അലി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊണ്ടോട്ടി മണ്ഡലത്തിൽ ഫയർ സ്റ്റേഷൻ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിനായി ഇതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(സി) ഇല്ലെങ്കിൽ കാലിക്കറ്റ് എയർപോർട്ട്, ഹജ്ജ് ഹൗസ് തുടങ്ങിയ സ്ഥാപനങ്ങളും ജനനിബിഡ പ്രദേശങ്ങളുമുള്ള കൊണ്ടോട്ടിയിൽ ഒരു ഫയർ സ്റ്റേഷൻ ആരംഭിക്കേണ്ടത് അത്യാവശ്യമാണെന്ന കാര്യം പരിഗണിച്ച് ഫയർ സ്റ്റേഷൻ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## <u>വളാഞ്ചേരിയിൽ പുതിയ ഫയർ & റെസ്ക്യൂ സ്റ്റേഷൻ</u>

378 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ പ്രധാനപ്പെട്ട വ്യാപാര-വിദ്യാഭ്യാസ കേന്ദ്രമായ വളാഞ്ചേരിയിൽ ഒരു ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ സ്ഥാപിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ദേശീയപാതയിൽ തുടർച്ചയായി അപകടങ്ങൾ സംഭവിക്കുന്ന വട്ടപ്പാറ വളവിലും സമീപപ്രദേശങ്ങളിലും ഉണ്ടാകുന്ന തീപിടുത്തങ്ങൾ, മറ്റ് ദുരന്ത സാഹചര്യങ്ങൾ തുടങ്ങിയ അടിയന്തര ഘട്ടങ്ങളിൽ നിലവിൽ കിലോമീറ്ററുകൾ അകലെയുള്ള തിരൂർ, പെരിന്തൽമണ്ണ ഫയർ സ്റ്റേഷനുകളെയാണ് ആശ്രയിക്കുന്നത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് രക്ഷാപ്രവർത്തനം വൈകുന്നതിന് കാരണമാകുന്നത് കണക്കിലെടുത്ത് വളാഞ്ചേരിയിൽ പുതിയ ഫയർ സ്റ്റേഷൻ അനുവദിക്കുവാൻ നടപടി സ്വികരിക്കുമോ; വിശദമാക്കാമോ;

(സി) വളാഞ്ചേരിയിൽ പുതിയ ഫയർ സ്റ്റേഷൻ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട പ്രൊപ്പോസൽ പരിഗണനയിലുണ്ടോ; മുൻഗണന പട്ടികയിൽ ഉൾപ്പെടുത്തി വളാഞ്ചേരിയിൽ ഫയർ സ്റ്റേഷൻ അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കാമോ?

## കൂത്തുപറമ്പ് ഫയർ സ്റ്റേഷൻ കെട്ടിട നിർമ്മാണം

379 **ശ്രീ. പി. കെ. പ്രവീൺ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വന്തമായി സ്ഥലം ലഭ്യമായിട്ടുള്ള ഫയർ സ്റ്റേഷനുകൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വിശദമാക്കാമോ;

(ബി) കൂത്തുപറമ്പ് നിയോജക മണ്ഡലത്തിലെ കൂത്തുപറമ്പ് ഫയർ സ്റ്റേഷന് സ്ഥലം ലഭ്യമായതിന്റെ അടിസ്ഥാനത്തിൽ 2025-26 വർഷത്തെ ബജറ്റിൽ ഒരു കോടി രൂപ അനുവദിച്ചെങ്കിലും പ്രവൃത്തി ആരംഭിക്കാൻ സാധിച്ചില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ഫയർ സ്റ്റേഷൻ കെട്ടിടം ആധുനിക സൗകര്യത്തോടെ പൂർണ്ണ തോതിൽ പ്രവർത്തന സജ്ജമാകുന്നതിന് മൂന്ന് കോടി രൂപ കൂടി വേണ്ടിവരുന്ന സാഹചര്യത്തിൽ കെട്ടിടം യാഥാർത്ഥ്യമാക്കാൻ സർക്കാർ പ്രത്യേക മുൻകയ്യെടുക്കുമോയെന്ന് വിശദമാക്കാമോ?

## പാനൂർ ഫയർ സ്റ്റേഷന്റെ അടിസ്ഥാന സൗകര്യ വികസനം

380 **ശ്രീ. പി. കെ. പ്രവീൺ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഫയർ സ്റ്റേഷനുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വിശദമാക്കാമോ;

(ബി) കൂത്തുപറമ്പ് നിയോജക മണ്ഡലത്തിലെ പാനൂർ ഫയർ സ്റ്റേഷൻ ഉദ്ഘാടനം ചെയ്യപ്പെട്ടെങ്കിലും ഫണ്ട് മതിയാവാതെ വന്നതിനാൽ ചുറ്റുമതിൽ നിർമ്മിക്കുന്നതിനും മുറ്റം ഇന്റർലോക്ക് ചെയ്യുന്നതിനും സാധിക്കാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് യാഥാർത്ഥ്യമാക്കുന്ന കാര്യം പ്രത്യേകം പരിഗണിക്കുമോ; വിശദമാക്കാമോ;

(സി) ഫയർ സ്റ്റേഷന്റെ പ്രവർത്തനത്തിന് അത്യാവശ്യമായി വേണ്ടിവരുന്ന ഫർണിച്ചറുകളും മറ്റും സന്നദ്ധ സംഘടനകളും വ്യക്തികളും സംഭാവനയായി നൽകിയെങ്കിലും ആയത് പര്യാപ്തമല്ലാത്ത

സാഹചര്യത്തിൽ ആധുനിക സൗകര്യങ്ങൾ സ്ഥാപനത്തിൽ ഒരുക്കുന്നതിന് വകുപ്പ് തലത്തിൽ മുൻകയ്യെടുക്കുമോ; വിശദമാക്കാമോ?

**<u>വിതുര ഫയർ സ്റ്റേഷൻ കെട്ടിടത്തിനുള്ള ഭരണാനുമതി</u>**

381 **ശ്രീ. ജി. സ്റ്റീഫൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിതുര ഫയർ സ്റ്റേഷന് നിലവിലുള്ള നാൽപത് സെന്റ് ഭൂമിയിൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള ഭരണാനുമതി സംബന്ധിച്ച ഫയലിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) പഴക്കം ചെന്ന നിലവിലെ കെട്ടിടം അത്യന്തം ശോചനീയാവസ്ഥയിലായതിനാൽ കാലതാമസം കൂടാതെ ഭരണാനുമതി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

**<u>മാവേലിക്കര ഫയർ സ്റ്റേഷൻ കെട്ടിട നിർമ്മാണം</u>**

382 **ശ്രീ. എം. എസ്. അരുൺ കുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര ഫയർ സ്റ്റേഷൻ കെട്ടിട നിർമ്മാണത്തിന് ബജറ്റിൽ തുക വകയിരുത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രവൃത്തി നടപ്പിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

**<u>മണലൂർ മണ്ഡലത്തിൽ ഫയർ സ്റ്റേഷൻ അനുവദിക്കുന്നത്</u>**

383 **പ്രൊഫ. സി. രവീന്ദ്രനാഥ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ ഏറ്റവും വലിയ മണ്ഡലമായ മണലൂർ മണ്ഡലത്തിൽ ഒരു ഫയർ സ്റ്റേഷൻ അനുവദിക്കുമോയെന്ന് വ്യക്തമാക്കാമോ?

**<u>ചാരുമ്മൂട് ഫയർ ആൻഡ് റസ്ക്യൂ സ്റ്റേഷൻ</u>**

384 **ശ്രീ. എം. എസ്. അരുൺ കുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ ചാരുമ്മൂട് കേന്ദ്രമാക്കി ഫയർ ആൻഡ് റസ്ക്യൂ സ്റ്റേഷൻ സ്ഥാപിക്കുന്നത് പരിഗണനയിൽ ഉണ്ടോയെന്ന്

വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്ത് ഫയർ ആന്റ് റസ്ക്യൂ സ്റ്റേഷൻ സ്ഥാപിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്ത് ഫയർ ആന്റ് റസ്ക്യൂ സ്റ്റേഷൻ സ്ഥാപിച്ചിട്ടില്ലാത്ത താലൂക്കുകൾ ഉണ്ടോയെന്നും അവ ഏതൊക്കെയെന്നും വ്യക്തമാക്കാമോ;

(ഡി) ഫയർ ആന്റ് റസ്ക്യൂ സ്റ്റേഷൻ സ്ഥാപിക്കണം എന്നാവശ്യപ്പെട്ട് എം.എൽ.എ. നൽകിയ കത്ത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

## <u>വാഹനങ്ങൾ ഇല്ലാത്ത ജയിലുകൾ</u>

385 **ശ്രീ. കെ. പ്രേംകുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ നാലുചക്ര വാഹനങ്ങൾ ഇല്ലാത്ത എത്ര ജയിലുകളുണ്ടെന്നും അവ ഏതെല്ലാമാണെന്നും വിശദമാക്കാമോ;

(ബി) വാഹനങ്ങൾ ഇല്ലാത്ത ജയിലുകളിലേക്ക് വാഹനം വാങ്ങുന്നതിന് ഫണ്ട് അനുവദിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

## <u>സംസ്ഥാനത്തെ ജയിലുകളിൽ നിന്നുള്ള വരുമാനം</u>

386 **ശ്രീ. മുഹമ്മദ് മുഹസിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജയിലുകളിൽ നിന്നും കഴിഞ്ഞ അഞ്ച് വർഷക്കാലയളവിൽ വിവിധ ഇനങ്ങളിലായി എത്ര രൂപയുടെ വരുമാനം ലഭിച്ചിട്ടുണ്ടെന്നുള്ള വിവരം വിവിധ ജയിൽ, ഇനം, വർഷം എന്നിവ തിരിച്ച് ലഭ്യമാക്കാമോ;

(ബി) സംസ്ഥാനത്തെ ജയിലുകളിൽ നിർമ്മിക്കുന്ന വിവിധ സാധനങ്ങൾ പ്രത്യേക ബ്രാൻഡ് പേര് നൽകി പുറത്തിറക്കുന്ന കാര്യം പരിഗണിക്കുമോയെന്ന് വ്യക്തമാക്കാമോ?

## <u>വെൽഫയർ തസ്തികയിലേയ്ക്കുള്ള നിയമനം</u>

387 **ശ്രീ. കെ. പ്രേംകുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ജയിലുകളിലെ വെൽഫയർ തസ്തികയിലേക്ക് നേരിട്ട് നിയമനത്തിനായുള്ള പി.എസ്.സി പരീക്ഷയിൽ ജയിൽ വകുപ്പ് ഉദ്യോഗസ്ഥർക്ക് പ്രത്യേക സംവരണം നിലവിലുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത തസ്തികയിലേക്കുള്ള നിയമനത്തിന് മാസ്റ്റർ ഓഫ് സോഷ്യൽ വർക്ക് യോഗ്യതയുള്ള ജയിൽ ഉദ്യോഗസ്ഥർക്ക് സംവരണം നൽകുന്നതിനുള്ള പ്രൊപ്പോസൽ പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ നിലവിലെ സ്ഥിതി സംബന്ധിച്ച് വിശദമാക്കാമോ?

## ജയിൽ വകുപ്പ് ഉദ്യോഗസ്ഥർക്ക് സെൻട്രൽ പോലീസ് ക്യാന്റീൻ അംഗത്വം

388 **ശ്രീ. കെ. പ്രേംകുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സെൻട്രൽ പോലീസ് ക്യാന്റീൻ സംവിധാനത്തിൽ അംഗങ്ങളാവാൻ ജയിൽ വകുപ്പ് ഉദ്യോഗസ്ഥരിൽ നിന്നും എത്ര രൂപ വീതമാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ;

(ബി) എത്ര വർഷമാണ് ജയിൽ വകുപ്പ് ഉദ്യോഗസ്ഥർക്ക് സെൻട്രൽ പോലീസ് ക്യാന്റീൻ സംവിധാനം ലഭ്യമായിട്ടുള്ളത്;

(സി) നിലവിൽ എന്തുകൊണ്ടാണ് ജയിൽ വകുപ്പ് ഉദ്യോഗസ്ഥരെ പ്രസ്തുത സംവിധാനത്തിൽ നിന്നും പുറത്താക്കിയത്; പ്രസ്തുത സംവിധാനത്തിന്റെ ആനുകൂല്യം ജയിൽ വകുപ്പ് ഉദ്യോഗസ്ഥർക്ക് ലഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## ജയിലുകളിലെ സൗകര്യങ്ങൾ

389 **ശ്രീ. പി. കെ. ഫിറോസ്**
**പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ**
**ശ്രീ. മഞ്ഞളാംകുഴി അലി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജയിലുകളിൽ അംഗീകൃത പാർപ്പിട ശേഷിയേക്കാൾ കൂടുതൽ തടവുകാരെ പാർപ്പിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) തടവുകാരുടെ എണ്ണം വർദ്ധിക്കുന്നതിനനുസരിച്ച് ജയിലുകളിൽ സൗകര്യം വർദ്ധിപ്പിച്ചു നൽകാറുണ്ടോ; വിശദമാക്കാമോ;

(സി) തടവുകാരുടെ എണ്ണം വർദ്ധിക്കുന്നതിന് ആനുപാതികമായി സുരക്ഷാ ഉദ്യോഗസ്ഥരെ നിയോഗിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) ജയിലിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും സുരക്ഷാ സംവിധാനം ശക്തമാക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

## പരോൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ

390 **ശ്രീ. ചാണ്ടി ഉമ്മൻ**
**ശ്രീ. റോയി. കെ. പൗലോസ്**
**ശ്രീ. എം. എം. നസീർ**
**ശ്രീമതി രമ്യ ഹരിദാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തടവുകാർക്ക് പരോൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; വിശദമാക്കാമോ;

(ബി) പ്രസ്തുത മാനദണ്ഡങ്ങൾ എന്നാണ് പരിഷ്കരിച്ചതെന്നും അവയിൽ കാലാനുസൃതമായി മാറ്റങ്ങൾ വരുത്താൻ നടപടി സ്വീകരിക്കുമോയെന്നും വ്യക്തമാക്കുമോ;

(സി) പരോൾ ലഭിച്ച് പുറത്തിറങ്ങുന്ന തടവുകാരെ നിരീക്ഷിക്കാൻ സംവിധാനം ഉണ്ടോ; വിശദമാക്കാമോ?

## നേമം നിയോജക മണ്ഡലത്തിലെ പദ്ധതികൾ

391 **ശ്രീ. രാജീവ് ചന്ദ്രശേഖർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നേമം നിയോജക മണ്ഡലത്തിൽ നിലവിൽ നടപ്പിലാക്കിവരുന്ന വിവിധ പദ്ധതികളുടെ പേര്, അനുവദിച്ച തുക, നിലവിലെ പ്രവർത്തന പുരോഗതി എന്നിവ സംബന്ധിച്ച വിശദവിവരം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾ എപ്പോൾ പൂർത്തിയാക്കാനാകും എന്നത് വ്യക്തമാക്കുമോ?

## "ഫൈബർ ബാങ്ക്" പദ്ധതി

392 **ശ്രീ. സജി ചെറിയാൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അയൽ സംസ്ഥാനങ്ങളെ ആശ്രയിക്കാതെ കയർ സംഘങ്ങൾക്ക് ഗുണനിലവാരമുള്ള ചകിരി ലഭ്യമാക്കുന്നതിനായി മുൻ സർക്കാർ ആരംഭിച്ച "ഫൈബർ ബാങ്ക്" പദ്ധതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ബി) മുൻ സർക്കാരിന്റെ കാലത്ത് യന്ത്രവൽക്കരണത്തിന്റെ ഭാഗമായി 1500 ഓട്ടോമാറ്റിക്ക് സ്പിന്നിംഗ് മെഷീനുകൾ (എ.എസ്.എം.) സ്ഥാപിച്ചതിലൂടെ കയർ ഉത്പാദനത്തിൽ എത്രത്തോളം വർദ്ധനവ് ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) കയർ പിരി സംഘങ്ങൾക്ക് യഥാസമയം ഉത്പ്പന്ന വില ലഭ്യമാക്കാൻ മുൻ സർക്കാർ രൂപീകരിച്ച കയർ 'റിവോൾവിംഗ് ഫണ്ട്' എത്രമാത്രം പ്രയോജനപ്രദമായിരുന്നു എന്ന് വിശദീകരിക്കാമോ?

## കയർ മേഖലയിൽ പ്രശ്നങ്ങൾ

393 **ശ്രീ. എ. ഡി. തോമസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ വ്യവസായ മേഖലയിൽ അസംസ്കൃത വസ്തുവായ തൊണ്ടിന്റെ ലഭ്യത കുറവ് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) അയൽ സംസ്ഥാനങ്ങളിൽ നിന്ന് തൊണ്ട് എത്തിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) കയർ മേഖലയിലേക്ക് കൂടുതൽ ആളുകളെ ആകർഷിക്കുന്നതിന് കർമ്മ പദ്ധതി നടപ്പിലാക്കുമോയെന്ന് വിശദമാക്കാമോ?

## കയർ മേഖലയുടെ പുരോഗതി

394 **ശ്രീ. ജി. സുധാകരൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ 2026 വരെയുള്ള പത്ത് വർഷക്കാലം കയർമേഖല പിന്നാക്കം പോയതായുള്ള ആക്ഷേപം അന്വേഷിച്ച് അപ്രകാരമുള്ള പക്ഷം പരിഹാര നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

(ബി) 2006 -2011 കാലയളവിൽ കയർ മേഖലയിൽ ഉണ്ടായ നവീന നടപടികളും നിർമ്മാണങ്ങളും പരിഗണിച്ച് കയറിന് കിട്ടിയ 'ദ ഗോൾഡൻ യാൺ ഒഫ് ഗോഡ്സ് ഔൺ കൺട്രി' എന്ന ബഹുമതി

പുന:സ്ഥാപിച്ച് കാലത്തിനനുസരിച്ച് മുന്നേറുന്നതിന് പദ്ധതിയുണ്ടോ; വ്യക്തമാക്കാമോ;

(സി) ചെറുകിട കയർ ഫാക്ടറി ഉടമകൾക്കും കയർ പിരി സംഘങ്ങൾക്കും കൂട്ടായ്മകൾക്കും വർദ്ധിച്ച തോതിൽ ഗ്രാന്റുകൾ നൽകാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

(ഡി) കയറ്റുമതിക്കാരുടെയും വൻകിട ഉത്പാദകരുടെയും ന്യായമായ ആവശ്യങ്ങൾ പരിഗണിച്ച് അഭിപ്രായ സമന്വയം ഉണ്ടാക്കാൻ ഉടമകളുടെയും കയറ്റുമതിക്കാരുടെയും യോഗം മന്ത്രിതലത്തിൽ വിളിച്ച് ചേർക്കുമോ; കയറിന്റെ വാങ്ങൽ വില വർദ്ധിപ്പിക്കുമോ; വ്യക്തമാക്കാമോ?

## ബേപ്പൂർ കയർ ഫാക്ടറിയുടെ പ്രവർത്തനം

395 **ശ്രീ. പി. എ. മുഹമ്മദ് റിയാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബേപ്പൂർ കയർ ഫാക്ടറിയുടെ പ്രവർത്തനം ആധുനികവത്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) ചകിരിച്ചോറിന്റേയും ജൈവവളത്തിന്റേയും വർദ്ധിച്ച വരുന്ന ആവശ്യം പരിഗണിച്ച് കയർ ഉത്പാദനത്തോടൊപ്പം ഡിഫൈബറിംഗ് യൂണിറ്റ് കൂടി പ്രവർത്തന സജ്ജമാക്കുമോ;

(സി) കയർ ഉത്പാദനം കൂട്ടുവാൻ ആട്ടോമാറ്റിക് സ്പിന്നിംഗ് മെഷീൻ സ്ഥാപിക്കുമോ?

## വിവരസാങ്കേതിക മേഖലയിലെ പോരായ്മകളുടെ പരിഹാരം

396 **ശ്രീ. വി. മുരളീധരൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016- 2026 കാലഘട്ടത്തിൽ ഐ.ടി മേഖലയിൽ ആശാവഹമായ നേട്ടങ്ങൾ ഉണ്ടായിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ വിഷയത്തെ സംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള പഠനങ്ങൾ നടത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) രാജ്യത്തെ ആദ്യത്തെ ഐ.ടി. പാർക്കായ ടെക്നോപാർക്ക് നിലവിൽ വന്ന കേരളം മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് ഐ.ടി

വ്യവസായത്തിലും തൊഴിൽ മേഖലയിലും പുറകിലാണെന്നുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുവാൻ എന്ത് നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) കേരളീയരായ നിരവധി ഐ.ടി പ്രൊഫഷണലുകൾ മെച്ചപ്പെട്ട തൊഴിൽ തേടി വിദേശത്തേക്കും അന്യസംസ്ഥാനങ്ങളിലേക്കും പോകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിനെക്കുറിച്ച് എന്തെങ്കിലും തരത്തിലുള്ള പഠനങ്ങൾ നടത്തിയിട്ടുണ്ടോ; വിശദവിവരങ്ങൾ ലഭ്യമാക്കാമോ;

(ഡി) ഐ.ടി പ്രൊഫഷണലുകൾക്ക് മെച്ചപ്പെട്ടതും ഉയർന്ന നിലവാരമുള്ളതുമായ തൊഴിലവസരങ്ങൾ സംസ്ഥാനത്ത് സൃഷ്ടിക്കുന്നതിന് എന്ത് നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

## <u>വിവര സാങ്കേതിക വിദ്യാ വകുപ്പിന്റെ പ്രവർത്തനങ്ങൾ</u>

397 **ശ്രീ. സി. അജയപ്രസാദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവര സാങ്കേതിക വിദ്യാ വകുപ്പിന്റെ പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ ; സാധാരണക്കാർക്ക് ഈ വകുപ്പിന്റെ പ്രയോജനം ലഭിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്നും വ്യക്തമാക്കാമോ;

(ബി) വിവര സാങ്കേതിക വിദ്യാ വകുപ്പിന്റെ വികസന പ്രവർത്തനങ്ങൾ നിയോജകമണ്ഡലങ്ങളിൽ ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കാമോ ?

## <u>ഇ-ഗവേണൻസ് ശക്തിപ്പെടുത്തുന്നത് സംബന്ധിച്ച്</u>

398 **ശ്രീ. ഫൈസൽ ബാബു** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നഗരത്തിൽ ഇ-ഗവേണൻസ് സേവനങ്ങൾ കൂടുതൽ വ്യാപിപ്പിക്കുന്നതിനായി സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) കോഴിക്കോട് നഗരത്തിലെ പൊതുസ്ഥാപനങ്ങളിലും പൊതു ഇടങ്ങളിലും സൗജന്യ വൈ-ഫൈ സേവനങ്ങൾ വ്യാപിപ്പിക്കുന്നത് പരിഗണനയിലുണ്ടോ എന്ന് വ്യക്തമാക്കാമോ;

(സി) യുവാക്കൾക്കായി ഡിജിറ്റൽ നൈപുണ്യ വികസന പരിശീലന പദ്ധതികൾ നടപ്പിലാക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

**കെ-ഫോൺ പദ്ധതി**

399 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ ഓഫീസുകളിലും സ്കൂളുകളിലും പൊതു ഇടങ്ങളിലും നാളിതുവരെ എത്ര കെ-ഫോൺ കണക്ഷനുകൾ നൽകിയെന്ന് പട്ടിക തിരിച്ചുള്ള വിവരം ലഭ്യമാക്കാമോ;

(ബി) സംസ്ഥാനത്ത് നാളിതുവരെ എത്ര കുടുംബങ്ങൾക്ക് സൗജന്യ കെ-ഫോൺ കണക്ഷൻ നൽകിയെന്ന വിവരം ലഭ്യമാക്കാമോ;

(സി) സംസ്ഥാനത്ത് നാളിതുവരെ എത്ര വാണിജ്യ കെ-ഫോൺ കണക്ഷൻ നൽകിയെന്ന വിവരം ലഭ്യമാക്കാമോ;

(ഡി) ഇന്റർനെറ്റ് ലഭ്യത അടിസ്ഥാന അവകാശമായി പ്രഖ്യാപിച്ച കേരളത്തിൽ സാർവ്വത്രിക ഇന്റർനെറ്റ് ലഭ്യത ഉറപ്പാക്കുക എന്ന ഉദ്ദേശത്തോടെ പ്രവർത്തിക്കുന്ന കെ-ഫോൺ പദ്ധതിയെ സ്വകാര്യവത്കരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(ഇ) സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുടുംബങ്ങൾക്ക് സൗജന്യമായി ഇന്റർനെറ്റ് കണക്ഷൻ നൽകുന്ന കെ-ഫോൺ പദ്ധതി സംസ്ഥാന സർക്കാർ തുടരുമോയെന്നു വ്യക്തമാക്കാമോ?

**സംസ്ഥാനത്തെ ഐ.ടി. പാർക്കുകൾ**

400 **ശ്രീ. ചാണ്ടി ഉമ്മൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കഴിഞ്ഞ 5 വർഷത്തിനുള്ളിൽ ഏതെല്ലാം ഐ.ടി. പാർക്കുകളും മെഗാ പ്രോജക്ടുകളും തുടങ്ങുന്നതിന് നടപടി

സ്വീകരിച്ചിട്ടുണ്ടെന്നും പുതുതായി തുടങ്ങിയ ചെറുകിട ഐ.ടി. പാർക്കുകൾ ഏതെല്ലാമാണെന്നുമുള്ള വിവരങ്ങൾ നൽകാമോ,

(ബി) ഇപ്രകാരം ഐ.ടി. പാർക്കുകൾ തുടങ്ങുന്നതിനു സർക്കാരിന് എന്ത് ചെലവ് വന്നിട്ടുണ്ടെന്നും ഇതു വഴി സർക്കാരിന് എത്ര തുക വരുമാനം ലഭിച്ചുവെന്നും കണക്കുകൾ സഹിതം അറിയിക്കാമോ;

(സി) പുതുതായി ഐ ടി. പാർക്കുകൾ തുടങ്ങുന്നതിനുള്ള മാനദണ്ഡങ്ങളും നടപടിക്രമങ്ങളും വിശദമാക്കാമോ?

**<u>കോതമംഗലത്ത് ഇൻഫോപാർക്ക് ഇൻകുബേഷൻ സെന്റർ</u>**

401 **ശ്രീ. ഷിബു തെക്കുംപുറം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിൽ നിരവധി വിദ്യാഭ്യാസ സ്ഥാപനങ്ങളുള്ള കോതമംഗലത്ത് ഉദ്യോഗാർത്ഥികൾക്ക് തൊഴിലവസരങ്ങളുള്ള ഐ.റ്റി. സ്ഥാപനങ്ങൾ കുറവാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനായി ഇൻഫോപാർക്കിന്റെ ഇൻകുബേഷൻ സെന്റർ കോതമംഗലത്ത് സ്ഥാപിക്കുവാൻ നടപടികൾ സ്വീകരിക്കാമോ?

**<u>സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളുടെ ഐ.ടി. അധിഷ്ഠിത പ്രവർത്തനങ്ങൾ സംബന്ധിച്ച്</u>**

402 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 മുതൽ സർക്കാർ വകുപ്പുകളുടെയും അർദ്ധ സർക്കാർ/ പൊതുമേഖല സ്ഥാപനങ്ങളുടെയും ഏതെല്ലാം ഐ.ടി. അധിഷ്ഠിത ജോലികളാണ് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയെ (യു.എൽ.സി.സി.എസ്.) ഏൽപ്പിച്ചിരുന്നത് എന്ന് വിശദമാക്കാമോ;

(ബി) മേൽ സൂചിപ്പിച്ച പ്രവൃത്തികളുടെ കോൺട്രാക്ട് തീയതി, തുക, കാലാവധി എന്നിവ സ്ഥാപനം തിരിച്ച് ലഭ്യമാക്കാമോ; ആയതിൽ എത്ര

സ്ഥാപനങ്ങളിൽ ഇതിനകം പ്രവൃത്തി പൂർത്തികരിച്ചിട്ടുണ്ടെന്നത് വിശദമാക്കാമോ;

(സി) ഏതെങ്കിലും സ്ഥാപനത്തിൽ പ്രവൃത്തി പൂർത്തികരിക്കാതെ കോൺട്രാക്ടിൽ നിന്നും ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി (യു.എൽ.സി.സി.എസ്.)പിൻമാറിയിട്ടുണ്ടോ; പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും കൂടുതൽ തുക കൈപ്പറ്റിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

## ടെക്നോപാർക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങളെ തുടർന്ന് മുള്ളുവിള പ്രദേശത്ത് രൂപപ്പെട്ട വെള്ളക്കെട്ട്

403 **ശ്രീ. വി. മുരളീധരൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴക്കൂട്ടത്ത് ടെക്നോപാർക്കിനായി ഏറ്റെടുത്ത സ്ഥലത്ത് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയതിനെ തുടർന്ന് മുള്ളുവിള പ്രദേശത്ത് വെള്ളക്കെട്ട് രൂപപ്പെട്ട് ജനജീവിതം ദുസ്സഹമായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദവിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) വെള്ളക്കെട്ട് കാരണം ജീവിതം ദുരിതത്തിലായതിനാൽ ഉചിതമായ നഷ്ടപരിഹാരം നൽകിക്കൊണ്ട് പ്രസ്തുത സ്ഥലം സർക്കാർ ഏറ്റെടുക്കണം എന്ന പ്രദേശവാസികളുടെ ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ അനുഭാവപൂർവ്വമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## സർക്കാർ വകുപ്പുകളുടെ വെബ്സൈറ്റുകൾക്കു നേരെയുണ്ടാകുന്ന സൈബർ ആക്രമണങ്ങൾ

404 **ശ്രീ. സി. ആർ. മഹേഷ്**

**ശ്രീ. ദീപക് ജോയ്**

**ശ്രീ. എഫ്. രാജ**

**ശ്രീ. കെ. ബിനിമോൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ വകുപ്പുകളുടെ വെബ്സൈറ്റുകൾക്കും ഓൺലൈൻ സേവന പോർട്ടലുകൾക്കും നേരെയുണ്ടാകുന്ന സൈബർ ആക്രമണങ്ങൾ

തടയുന്നതിന് കേരള സ്റ്റേറ്റ് ഐ.ടി. മിഷൻ സുരക്ഷാ മുൻകരുതലുകൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ബി) സംസ്ഥാനത്തെ ഡാറ്റാ സെന്ററുകളുടെ ശേഷി വർദ്ധിപ്പിക്കുന്നതിനും ആധുനിക ക്ലൗഡ് സംവിധാനങ്ങളിലേക്ക് മാറുന്നതിനും സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

**ഐ.ടി. കമ്പനി ജീവനക്കാരുടെ തൊഴിൽ സുരക്ഷ**

405 **ശ്രീമതി രമ്യ ഹരിദാസ്**
**ശ്രീമതി ഉമ തോമസ്**
**ശ്രീമതി ഉഷ വിജയൻ**
**ശ്രീമതി വിദ്യാ ബാലകൃഷ്ണൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഐ.ടി. കമ്പനികളിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ തൊഴിൽ സുരക്ഷ ഉറപ്പാക്കുന്നതിനും പരാതികൾ പരിഹരിക്കുന്നതിനും നിലവിലുള്ള ഔദ്യോഗിക സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) ഐ.ടി. മേഖലയിലെ വനിതാ സംരംഭകരെയും ജീവനക്കാരെയും പ്രോത്സാഹിപ്പിക്കുന്നതിനായി പ്രത്യേക പദ്ധതികൾ ആവിഷ്കരിക്കുമോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ നൽകാമോ?

**കെ-ഫോൺ കണക്ഷൻ**

406 **ശ്രീ. എം. വിജിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കല്ല്യാശ്ശേരി മണ്ഡലത്തിലെ എത്ര സർക്കാർ ഓഫീസുകൾക്കും, സ്കൂളുകൾക്കും കെ-ഫോൺ കണക്ഷൻ നൽകിയിട്ടുണ്ട്; സ്ഥാപനങ്ങളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) കല്ല്യാശ്ശേരി മണ്ഡലത്തിൽ കെ-ഫോൺ ഒ.ടി.ടി. ഉൾപ്പെടെ എത്ര വാണിജ്യ കെ-ഫോൺ കണക്ഷനുകൾ നൽകിയിട്ടുണ്ടെന്നുള്ള വിവരം ലഭ്യമാക്കാമോ;

(സി) കല്ല്യാശ്ശേരി മണ്ഡലത്തിൽ എത്ര സൗജന്യ കെ-ഫോൺ കണക്ഷൻ നൽകിയിട്ടുണ്ടെന്നുള്ള വിവരം ലഭ്യമാക്കാമോ;

(ഡി) ലൈബ്രറികൾക്ക് സൗജന്യ കെ-ഫോൺ കണക്ഷൻ നൽകുന്നത് പരിഗണനയിലുണ്ടോ; വിവരം ലഭ്യമാക്കാമോ?

**നേമം നിയോജക മണ്ഡലത്തിൽ നടപ്പിലാക്കി വരുന്ന പദ്ധതികൾ**

407 **ശ്രീ. രാജീവ് ചന്ദ്രശേഖർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നേമം നിയോജക മണ്ഡലത്തിൽ വ്യവസായ വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന പദ്ധതികളുടെ പേര്, അനുവദിച്ച തുക എന്നിവ വിശദമാക്കാമോ ;

(ബി) ടി പദ്ധതികളുടെ നിലവിലെ പ്രവർത്തന പുരോഗതി, എപ്പോൾ പൂർത്തിയാക്കും എന്ന വിവരം വ്യക്തമാക്കാമോ?

**മാവൂർ ഗ്വാളിയാർ റയോൺസ് ഫാക്ടറി ഭൂമിയിൽ പദ്ധതികൾ ആരംഭിക്കുന്നത്**

408 **ശ്രീ. എം. എ. റസാഖ് മാസ്റ്റർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവൂർ ഗ്വാളിയാർ റയോൺസ് ഫാക്ടറി അടച്ചുപൂട്ടിയതിനു ശേഷം കാൽനൂറ്റാണ്ടായി വെറുതെ കിടക്കുന്ന ഭൂമിയിൽ പുതിയ പദ്ധതികൾ ആരംഭിക്കുന്നത് പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഫാക്ടറിക്കായി സർക്കാർ ഏറ്റെടുത്തു നൽകിയ ഭൂമിയിൽ ബിർള മാനേജ്മെന്റ് പുതിയ പദ്ധതികളൊന്നും നടപ്പാക്കാൻ ഉദ്ദേശിക്കുന്നില്ലെങ്കിൽ അവിടെ നേരിട്ടോ, സ്വകാര്യ പങ്കാളിത്തം വഴിയോ സംരംഭം തുടങ്ങാൻ സർക്കാർ മുൻകൈയെടുക്കാമോയെന്ന് അറിയിക്കാമോ?

**കേരള സ്റ്റേറ്റ് ഡ്രഗ്സ് ആൻഡ് ഫാർമസ്യൂട്ടിക്കൽസിന്റെ വികസനം**

409 **ശ്രീ. ജി. സുധാകരൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ മരുന്ന് വിലകൾ കുറയ്ക്കാൻ, സർക്കാർ ഉടമസ്ഥതയിലുള്ള ഏക മരുന്നുല്പാദന കേന്ദ്രമായ കെ.എസ്.ഡി.പി (കേരള സ്റ്റേറ്റ് ഡ്രഗ്സ്

ആൻഡ് ഫാർമസ്യൂട്ടിക്കൽസ്)-യുടെ വികസനത്തിനും വ്യാപാര വളർച്ചയ്ക്കും സ്വീകരിക്കുന്ന നടപടികളെന്തെല്ലാമെന്ന് വിശദീകരിക്കാമോ;

(ബി) പ്രസ്തുത സ്ഥാപനത്തിലെ ജീവനക്കാരുടെ സേവന, വേതന വ്യവസ്ഥകൾ പരിഷ്കരിക്കുമോ; വിശദീകരിക്കാമോ?

**<u>പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭത്തിലാക്കാനുള്ള നടപടി</u>**

410 **ശ്രീ. പി. കെ. നവാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ ഏതെല്ലാമെന്നും ഇവയിൽ നിലവിൽ ലാഭത്തിൽ പ്രവർത്തിക്കുന്നവയും നഷ്ടത്തിൽ പ്രവർത്തിക്കുന്നവയും ഏതെല്ലാമെന്നും തരം തിരിച്ച് വ്യക്തമാക്കുമോ;

(ബി) നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളെ ആദായകരമാക്കി സ്വയം പര്യാപ്തത കൈവരിക്കുവാൻ എന്തൊക്കെ നടപടികളാണ് സമയബന്ധിതമായി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

**<u>കൊല്ലം ജില്ലയിലെ കശുവണ്ടി വ്യവസായത്തിലെ പ്രതിസന്ധി</u>**

411 **ശ്രീ. ഉല്ലാസ് കോവൂർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ നിരവധി കശുവണ്ടി ഫാക്ടറികൾ അടച്ചുപൂട്ടപ്പെടുകയും നിരവധി തൊഴിലാളികൾക്ക് തൊഴിൽ നഷ്ടം നേരിടുകയും ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രവർത്തന രഹിതമായ കശുവണ്ടി ഫാക്ടറികൾ പുനരാരംഭിക്കുന്നതിനും തൊഴിൽ ഉറപ്പാക്കുന്നതിനുമായി സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമാണ്; വിശദമാക്കാമോ;

(സി) അസംസ്കൃത കശുവണ്ടി, മൂല്യവർധിത ഉൽപ്പന്നങ്ങളുടെ വിപണനം, തൊഴിലാളി ക്ഷേമം എന്നിവ ഉൾപ്പെടുത്തി കൊല്ലം കേന്ദ്രീകരിച്ച് പ്രത്യേക കശുവണ്ടി വികസന പാക്കേജ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

**<u>പുനലൂർ മണ്ഡലത്തിലെ വ്യവസായ വകുപ്പിന്റെ പ്രവർത്തനങ്ങൾ</u>**

412 **ശ്രീ. സി. അജയപ്രസാദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ നിയോജക മണ്ഡലത്തിൽ വ്യവസായ വകുപ്പിന്റെ ചുമതലയിൽ നിലവിൽ നടന്നുവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ;

(ബി) മുൻ സർക്കാരിന്റെ കാലത്ത് വ്യവസായ വകുപ്പ് പുനലൂർ മണ്ഡലത്തിൽ എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടെന്നും അവയുടെ നിലവിലെ സ്ഥിതി എന്തെന്നും വ്യക്തമാക്കാമോ

**വ്യാവസായിക രംഗത്ത് സ്വകാര്യ നിക്ഷേപം**

413 **ശ്രീ. പി. മമ്മിക്കുട്ടി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ പ്രസിദ്ധികരിച്ച ധവള പത്രത്തിന്റെ ഭാഗമായി പൊതുമേഖല വ്യാവസായിക രംഗത്ത് സ്വകാര്യ നിക്ഷേപം കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

(ബി) യുവജനങ്ങൾക്കിടയിലെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് മുൻ സർക്കാർ കൊണ്ടുവന്ന കേരള സ്റ്റാർട്ടപ്പ് മിഷൻ പദ്ധതി തുടരുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

**ബേപ്പൂർ നിയോജക മണ്ഡലത്തിലെ വ്യവസായ വകുപ്പ് പദ്ധതികൾ**

414 **ശ്രീ. പി. എ. മുഹമ്മദ് റിയാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബേപ്പൂർ നിയോജക മണ്ഡലത്തിലെ ചെറുവണ്ണൂർ സ്റ്റീൽ കോംപ്ലക്സ് പൊതുമേഖലയിൽ തിരികെ കൊണ്ടുവരാനായി കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആരംഭിച്ച പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലെത്തിയെന്നും; നാഷണൽ കമ്പനീസ് ലാ ട്രിബ്യൂണലിലെ വ്യവഹാരത്തിന്റെ നിലവിലെ സ്ഥിതി എന്താണെന്നും; വ്യക്തമാക്കുമോ;

(ബി) നല്ലളം ബാംബൂ ഫാക്ടറിയുടെ നവീകരണത്തിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കി വരുന്നതെന്നും ആയവ എന്ന് പൂർത്തീകരിക്കുവാൻ സാധിക്കുമെന്നും വ്യക്തമാക്കുമോ;

(സി) രാമനാട്ടുകര കിൻഫ്ര നോളജ് പാർക്കിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ച് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് വിഭാവനം ചെയ്തിരിക്കുന്നത്; വ്യക്തമാക്കുമോ;

(ഡി) രാമനാട്ടുകര കിൻഫ്ര നോളജ് പാർക്കിലെ ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് കോടതി വ്യവഹാരങ്ങളുടെ നിലവിലെ സ്ഥിതി എന്താണ്; കോടതി വിധിയ്ക്ക് അനുസൃതമായി എല്ലാ ഭൂവുടമകൾക്കും നഷ്ടപരിഹാരം ലഭ്യമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ എത്ര പേർക്ക് എത്ര തുക നഷ്ടപരിഹാരമായി അനുവദിക്കാനുണ്ട്; വ്യക്തമാക്കുമോ;

(ഇ) ബേപ്പൂർ മറൈൻ പാർക്കിന്റെ വികസനത്തിന് പ്രത്യേക പദ്ധതികൾ നടപ്പിലാക്കുന്നുണ്ടോ; മറൈൻ പാർക്കിന് ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട കോടതി വ്യവഹാരങ്ങളുടെ നിലവിലെ സ്ഥിതി എന്താണ്; വ്യക്തമാക്കുമോ;

(എഫ്) ബേപ്പൂരിലെ പരമ്പരാഗത ചെരുപ്പ് നിർമ്മാണത്തിന് പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുമോ; വ്യക്തമാക്കുമോ;

(ജി) നല്ലളത്തെ ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് വ്യവസായ വകുപ്പ് നൽകി വരുന്ന ഇളവുകൾ ലഭ്യമാകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ?

## <u>പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭകരമാക്കുന്നതിനായി പദ്ധതികൾ</u>

415 **ശ്രീ. ടി. ജെ. വിനോദ്**
**ശ്രീമതി ഉഷ വിജയൻ**
**ശ്രീ. കെ. എം. അഭിജിത്ത്**
**ശ്രീ. കെ. പ്രവീൺ കുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളിൽ നിലവിൽ ലാഭത്തിൽ പ്രവർത്തിക്കുന്നവയും നഷ്ടത്തിലുള്ളവയും ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭകരമാക്കുന്നതിനായി എന്തൊക്കെ പുനരുദ്ധാരണ പദ്ധതികൾ നടപ്പാക്കാൻ ഉദ്ദേശിക്കുന്നു; വ്യക്തമാക്കാമോ?

## പരമ്പരാഗത വ്യവസായ മേഖലയിലെ പ്രതിസന്ധി പരിഹരിക്കാനുള്ള നടപടികൾ

416 **ശ്രീ. എം. വിൻസെന്റ്**

**ശ്രീമതി കെ. കെ. രമ**

**ശ്രീ. വി. ടി. സൂരജ്**

**ശ്രീമതി വിദ്യാ ബാലകൃഷ്ണൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കയർ, കശുവണ്ടി, കൈത്തറി തുടങ്ങിയ പരമ്പരാഗത വ്യവസായ മേഖലകൾ നേരിടുന്ന പ്രതിസന്ധി പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിയ്ക്കുമെന്ന് വ്യക്തമാക്കാമോ;

(ബി) ഈ മേഖലയിലെ തൊഴിലാളികൾക്ക് കൃത്യമായി വേതനവും ആനുകൂല്യങ്ങളും ഉറപ്പാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിയ്ക്കുമോ; വ്യക്തമാക്കുമോ?

## മടങ്ങിയെത്തിയ പ്രവാസികൾക്കായുള്ള പദ്ധതികൾ

417 **ശ്രീ. വി. ടി. ബൽറാം**

**ശ്രീ. മനോജ് മൂത്തേടൻ**

**ശ്രീ. ടോണി ചമ്മണി**

**ശ്രീ. മുഹമ്മദ് ഷിയാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മടങ്ങിയെത്തിയ പ്രവാസികളെ സംസ്ഥാനത്തെ വ്യവസായ മേഖലയിലേക്ക് ആകർഷിക്കുന്നതിനായി പ്രത്യേക ആനുകൂല്യങ്ങളും സബ്സിഡികളും നൽകുന്ന പദ്ധതികൾ ആവിഷ്കരിയ്ക്കുമോ; വ്യക്തമാക്കുമോ;

(ബി) പ്രവാസി സംരംഭങ്ങൾക്കായി പ്രത്യേക സെൽ രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ കൂടുതൽ സേവനങ്ങൾ കാര്യക്ഷമമായി നൽകുന്ന രീതിയിൽ സെല്ലിന്റെ പ്രവർത്തനം പരിഷ്കരിയ്ക്കുമോ; വ്യക്തമാക്കുമോ?

## വ്യവസായ മേഘലയിലെ പുതിയ പദ്ധതികൾ

418 **ശ്രീ. ഫൈസൽ ബാബു** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നഗരത്തിൽ ഐ.ടി., സ്റ്റാർട്ടപ്പ്, സേവനമേഖലാ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി സർക്കാർ നടപ്പിലാക്കുന്ന പദ്ധതികൾ എന്തെല്ലാമാണ്;

(ബി) കോഴിക്കോട് സൗത്ത് നിയോജക മണ്ഡലത്തിലെ ചെറുകിട-ഇടത്തരം വ്യവസായ സംരംഭങ്ങൾക്ക് അനുവദിച്ച ധനസഹായങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) പരമ്പരാഗത വ്യാപാര മേഖലകളെ ആധുനികവൽക്കരിക്കുന്നതിന് പ്രത്യേക പദ്ധതികൾ നടപ്പിലാക്കുന്നുണ്ടോ?

## ബിസിനസ് റിഫോംസ് ആക്ഷൻ പ്ലാൻ

419 **ശ്രീ. എ. സി. മൊയ്തീൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബിസിനസ് റിഫോംസ് ആക്ഷൻ പ്ലാനിന്റെ (ബി.ആർ.എ.പി) ഭാഗമായി സംസ്ഥാനത്ത് പുതുതായി എന്തൊക്കെ മാറ്റങ്ങൾ കൊണ്ടുവരാനാണ് ലക്ഷ്യമിടുന്നത്; വ്യക്തമാക്കാമോ?

## അഴിക്കോട് മണ്ഡലത്തിലെ അംഗീകൃത വ്യവസായ സ്ഥാപനങ്ങൾ

420 **ശ്രീ. കെ. വി. സുമേഷ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴിക്കോട് നിയോജക മണ്ഡലത്തിലെ അംഗീകൃത വ്യവസായ സ്ഥാപനങ്ങളുടെ പട്ടിക ലഭ്യമാക്കാമോ;

(ബി) പ്രസ്തുത വ്യവസായ സ്ഥാപനങ്ങൾ ഏതൊക്കെ വിഭാഗത്തിൽപെടുന്നു എന്നുള്ള വിശദാംശം ലഭ്യമാക്കാമോ?

## വർക്കല മണ്ഡലത്തിലെ ഒരു ലക്ഷം സംരംഭക പദ്ധതി

421 **ശ്രീ. വി. ജോയി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിന്റെ ഒരു ലക്ഷം സംരംഭക പദ്ധതിയുടെ ഭാഗമായി വർക്കല മണ്ഡലത്തിൽ എത്ര വ്യവസായങ്ങൾ പ്രവർത്തനം ആരംഭിച്ചുവെന്ന് പഞ്ചായത്ത്, മുനിസിപ്പാലിറ്റി അടിസ്ഥാനത്തിൽ കണക്കുകൾ ലഭ്യമാക്കാമോ?

## വ്യവസായ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ

422 **ശ്രീ. സി. കെ. ഹരീന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യവസായ വകുപ്പിന്റെ ഭരണ നിയന്ത്രണത്തിൽ നിലവിൽ പ്രവർത്തിച്ച വരുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ ഏതെല്ലാമാണെന്ന് സ്ഥാപനങ്ങളുടെ പേര്, പ്രവർത്തന മേഖല, നിലവിലെ പ്രവർത്തന സ്ഥിതി എന്നിവ സഹിതം വിശദമാക്കാമോ;

(ബി) പ്രസ്തുത പൊതുമേഖലാ സ്ഥാപനങ്ങളിൽ സാമ്പത്തിക പ്രതിസന്ധി, ഉൽപാദന/വിപണന മന്ദഗതി, ജീവനക്കാരുടെ പ്രതിസന്ധി, കടബാധ്യത, അസംസ്കൃത വസ്തുക്കളുടെ ലഭ്യതക്കുറവ് തുടങ്ങിയ കാരണങ്ങളാൽ പ്രവർത്തന പ്രതിസന്ധിയോ അടച്ചുപൂട്ടൽ ഭീഷണിയോ നേരിടുന്ന സ്ഥാപനങ്ങൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ സ്ഥാപനം തിരിച്ചുള്ള വിവരങ്ങളും പ്രതിസന്ധിയുടെ സ്വഭാവവും സർക്കാർ സ്വീകരിച്ചിട്ടുള്ളതോ സ്വീകരിക്കാനുദ്ദേശിക്കുന്നതോ ആയ പുനരുജ്ജീവന നടപടികളും വ്യക്തമാക്കാമോ;

(സി) 2016 മെയ് മാസം മുതൽ 2026 മാർച്ച് 31 വരെ വ്യവസായ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ ലാഭത്തിൽ പ്രവർത്തിച്ച സ്ഥാപനങ്ങൾ ഏതെല്ലാമാണെന്ന് സ്ഥാപനം, വർഷം എന്നിവ തിരിച്ചുള്ള വിവരങ്ങളും ലാഭനഷ്ട വിവരങ്ങളും ലഭ്യമാക്കാമോ;

(ഡി) തുടർച്ചയായി നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ ഏതെല്ലാമാണെന്നും അവയെ ലാഭകരമാക്കുന്നതിനോ പുനഃസംഘടിപ്പിക്കുന്നതിനോ സർക്കാർ പ്രത്യേക പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ എന്നും വ്യക്തമാക്കാമോ?

## വ്യവസായ സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കാൻ നടപടി

423 **ശ്രീ. വി. പി. സജീന്ദ്രൻ**

**ശ്രീ. സേനാപതി വേണു**

**ശ്രീ. അബിൻ വർക്കി കോടിയാട്ട്**

**ശ്രീ. സി. വി. ശാന്തകുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യവസായ സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) വ്യവസായം തുടങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുമോ;

(സി) സംരംഭകരുടെ ആത്മവിശ്വാസം വർധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കാമോ?

## <u>പൊതുമേഖലാ സ്ഥാപനങ്ങളുടെ വാർഷിക ലാഭം</u>

424 **ശ്രീമതി കെ. കെ. രമ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആകെ എത്ര പൊതുമേഖലാ സ്ഥാപനങ്ങളാണ് നിലവിലുള്ളത്; ആയതിൽ ലാഭത്തിൽ പ്രവർത്തിക്കുന്നവ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) ലാഭത്തിൽ പ്രവൃത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ വാർഷിക ലാഭവും നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ വാർഷിക നഷ്ടവും എത്ര വീതമാണെന്ന് അറിയിക്കുമോ;

(സി) 2016 മുതൽ 2026 വരെയുള്ള കാലയളവിൽ നഷ്ടത്തിൽ നിന്ന് ലാഭത്തിലായതും ലാഭത്തിൽ നിന്ന് നഷ്ടത്തിലായതുമായ പൊതുമേഖല സ്ഥാപനങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ;

(ഡി) ഈ കാലയളവിൽ പൂട്ടിക്കിടന്ന ശേഷം തുറന്നു പ്രവർത്തിച്ചതും പ്രവർത്തിച്ചിരുന്നവയിൽ പൂട്ടിപ്പോയതുമായ പൊതുമേഖലാ സ്ഥാപനങ്ങൾ ഏതൊക്കെയാണെന്നുള്ള വിശദാംശം ലഭ്യമാക്കുമോ?

## <u>പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തന ലാഭം</u>

425 **ശ്രീ. ജി. സ്റ്റീഫൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2025 - 26 സാമ്പത്തിക വർഷത്തിൽ വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തന ലാഭം സംബന്ധിച്ച വിവരങ്ങൾ സ്ഥാപനം തിരിച്ച് വ്യക്തമാക്കുമോ;

(ബി) പൊതുമേഖലാ സ്ഥാപനങ്ങളെ സംരക്ഷിക്കുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

## കേരള ബ്രാന്റ് പദ്ധതി

426 **ശ്രീ. പി. എ. മുഹമ്മദ് റിയാസ്**

**ശ്രീ. കെ. പ്രേംകുമാർ**

**ശ്രീ. വി. കെ. സനോജ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് വാണിജ്യത്തിനായി പ്രത്യേക ഡിവിഷൻ രൂപീകരിക്കണമെന്ന നിർദ്ദേശം ഉൾക്കൊണ്ട് പ്രത്യേക സംവിധാനത്തിന് രൂപം കൊടുത്തിട്ടുണ്ടോ; ഇത് കൂടുതൽ മെച്ചപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ;

(ബി) കേരളത്തിൽ നിർമ്മിക്കുന്ന ഉല്പന്നങ്ങൾ, നൽകുന്ന സേവനങ്ങൾ എന്നിവയ്ക്ക് ആഗോള ഗുണനിലവാരം കൊണ്ടുവന്ന് അന്താരാഷ്ട്ര വിപണിയിൽ വിപണന സാധ്യത കൂട്ടുന്നതിനായി 'കേരള ബ്രാന്റ്' എന്ന പദ്ധതിക്ക് രൂപം കൊടുത്തിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ഇത് ആഗോള വിപണിയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിന് എത്രത്തോളം സഹായകരമായിട്ടുണ്ട്; വിശദമാക്കാമോ;

(ഡി) പുതിയ ഉല്പന്നങ്ങളെ കേരള ബ്രാന്റ് സർട്ടിഫിക്കേഷനായി തെരഞ്ഞെടുത്ത് പദ്ധതി കൂടുതൽ മെച്ചപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

## വ്യവസായ സൗഹൃദ സംസ്ഥാനം

427 **ശ്രീ. പി. മമ്മിക്കുട്ടി**

**ശ്രീ. ജി. സ്റ്റീഫൻ**

**ശ്രീ. എം. വിജിൻ**

**ശ്രീമതി ഒ. എസ്. അംബിക** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത്, കേന്ദ്രസർക്കാരിന്റെ 'ഈസ് ഓഫ് ഡൂയിങ് ബിസിനസ്സ് ' സൂചികയിൽ കേരളം ഒന്നാം സ്ഥാനം നേടി രാജ്യത്തെ ഏറ്റവും മികച്ച വ്യവസായ സൗഹൃദ സംസ്ഥാനമായി മാറിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ബി) സംരംഭക വർഷം പദ്ധതിയുടെ ഭാഗമായി 2022 ഏപ്രിൽ 1 മുതൽ 2025 മാർച്ച് 31 വരെ എത്ര പുതിയ സംരംഭങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; വിശദമാക്കാമോ;

(സി) ഇതിന്റെ ഭാഗമായി സംസ്ഥാനത്ത് എത്ര കോടി രൂപയുടെ നിക്ഷേപവും എത്ര പുതിയ തൊഴിലവസരങ്ങളും സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ട്; വിശദമാക്കാമോ;

(ഡി) സംരംഭകത്വ പ്രോത്സാഹനത്തിന്റെ ഭാഗമായി മുൻ സർക്കാരിന്റെ കാലത്ത് നടത്തി വന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ?

**<u>കളിമൺ- ഓട്ടുകമ്പനി വ്യവസായ മേഖല</u>**

428 **ശ്രീ. കെ. കെ. രാമചന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ ഏറ്റവും വലിയ പരമ്പരാഗത വ്യവസായമായിരുന്ന കളിമൺ - ഓട്ടുകമ്പനി വ്യവസായ മേഖല വലിയ പ്രതിസന്ധിയിലും അടച്ചു പൂട്ടൽ ഭീഷണിയിലുമാണ് എന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വ്യവസായത്തിന്റെ പ്രധാന അസംസ്കൃത വസ്തുവായ കളിമണ്ണ് ലഭ്യമാക്കുന്നതിനും കളിമൺ വ്യവസായം നേരിടുന്ന പ്രതിസന്ധികൾ പരിഹരിക്കുന്നതിനും ഈ മേഖലയിൽ ഉണ്ടാകുന്ന വലിയ തൊഴിൽ നഷ്ടം പരിഹരിച്ച് കൂടുതൽ പേർക്ക് തൊഴിൽ അവസരം സൃഷ്ടിക്കുന്നതിനും ആവശ്യമായ ഇടപെടലുകളും നടപടികളും സർക്കാർ സ്വീകരിക്കുമോ?

**<u>സംസ്ഥാനത്തെ വ്യവസായ സംരംഭങ്ങൾ</u>**

429 **ശ്രീമതി കെ. കെ. രമ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ നാളിതുവരെ സംസ്ഥാനത്ത് ആരംഭിച്ചിട്ടുള്ള വ്യവസായ സംരംഭങ്ങൾ എത്രയെണ്ണമാണ്; ജില്ലയും വർഷവും തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) ഇക്കാലയളവിൽ സംസ്ഥാനത്ത് പൂട്ടിപ്പോയ വ്യവസായ സംരംഭങ്ങൾ ആകെ എത്രയെണ്ണമാണ്; ജില്ലയും വർഷവും തിരിച്ചുള്ള കണക്ക്

ലഭ്യമാക്കുമോ;

(സി) വ്യവസായ വകുപ്പിന് കീഴിൽ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളിൽ ലാഭത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ഏതൊക്കെയാണ്; നഷ്ടത്തിൽ പ്രവർത്തിക്കുന്നവ ഏതൊക്കെയാണ്; വിവരം ലഭ്യമാക്കുമോ?

## 'കെ-സ്വിഫ്റ്റ്' പോർട്ടൽ വഴിയുള്ള അനുമതി

430 **ശ്രീ. സജീവ് ജോസഫ്**

**ശ്രീ. കെ. ജയന്ത്**

**ശ്രീ. വി. എസ്. ജോയി**

**ശ്രീ. കെ. പി. നൗഷാദ് അലി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള ഏകജാലക ക്ലിയറൻസ് സംവിധാനമായ 'കെ-സ്വിഫ്റ്റ്' പോർട്ടൽ വഴി അനുമതികൾ ലഭിക്കുന്നതിന് കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) എങ്കിൽ ഈ കാലതാമസം ഒഴിവാക്കാൻ എന്തെല്ലാം നവീകരണങ്ങളാണ് വരുത്താൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ;

(സി) സംരംഭകർക്ക് അനുകൂലമായ രീതിയിൽ അനുമതികൾ നേടുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിയ്ക്കാൻ നടപടി സ്വീകരിയ്ക്കുമോ; വ്യക്തമാക്കുമോ?

## നിലമ്പൂരിൽ വ്യാവസായിക പാർക്ക് - പ്ലാന്റേഷൻ കോർപ്പറേഷന്റെ തോട്ടങ്ങളിൽ പട്ടികവർഗ്ഗക്കാർക്ക് നിയമനം

431 **ശ്രീ. ആര്യാടൻ ഷൗക്കത്ത്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വനത്തിൽ നിന്നും പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ ശേഖരിച്ചു കൊണ്ടുവരുന്ന കാട്ടുതേൻ, കുന്തിരിക്കം, ചൂരൽ ഉൾപ്പെടെയുള്ള വനോൽപ്പന്നങ്ങളുടെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിനും ആയതിന്റെ ആഗോള വിപണത്തിനുമായി നിലമ്പൂരിൽ പ്രവർത്തനരഹിതമായി

കിടക്കുന്ന കേരള വുഡ് ഇൻഡസ്ട്രീസിന്റെ കെട്ടിടവും സ്ഥലവും പ്രയോജനപ്പെടുത്തി ഒരു വ്യാവസായിക പാർക്ക് ആരംഭിക്കുന്നത് പരിഗണിക്കാമോ;

(ബി) വനത്തിനുള്ളിലായി പ്ലാന്റേഷൻ കോർപ്പറേഷന്റെ അധീനതയിലുള്ള വാണിയമ്പുഴ, പുഞ്ചക്കൊല്ലി, പാലക്കയം എന്നീ തോട്ടങ്ങളിൽ വരുന്ന നിയമന ഒഴിവുകളിലേക്ക് ആയതിന്റെ സമീപപ്രദേശത്തെ 10 ഉന്നതികളിൽ വസിക്കുന്ന പട്ടികവർഗ്ഗ കുടുംബങ്ങളിൽ നിന്നുള്ളവരെ പരിഗണിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കാമോ?

## <u>തൊടുപുഴ മുട്ടം തുടങ്ങനാട് സ്പൈസസ് പാർക്ക്</u>

432 **ശ്രീ. അപു ജോൺ ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊടുപുഴ മുട്ടം തുടങ്ങനാട് സ്പൈസസ് പാർക്കിനായി ഏറ്റെടുത്തിട്ടുള്ള ഭൂമിയിൽ വ്യവസായ സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(ബി) സ്പൈസസ് പാർക്കിൽ പുതിയ സംരംഭങ്ങൾ തുടങ്ങാൻ നടപടി കൈക്കൊള്ളുമോ; വിശദാംശം ലഭ്യമാക്കാമോ?

## <u>കണ്ണമ്പ്ര വ്യവസായ പാർക്ക്</u>

433 **ശ്രീ. പി. പി. സുമോദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി - ബംഗളൂരു വ്യവസായ ഇടനാഴിയുടെ ഭാഗമായ കണ്ണമ്പ്ര വ്യവസായ പാർക്ക് അടിസ്ഥാന സൗകര്യ വികസന പ്രവൃത്തി പുരോഗതി നിലവിൽ ഏത് ഘട്ടത്തിലാണ്; വ്യക്തമാക്കാമോ?

## <u>സംരംഭക വർഷം പദ്ധതി</u>

434 **ശ്രീ. വി. ജോയി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022 - 23 സാമ്പത്തിക വർഷം മുതൽ വ്യവസായ വകുപ്പ് നടത്തിവരുന്ന സംരംഭക വർഷം പദ്ധതിയുടെ ഭാഗമായി എത്ര സംരംഭങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വിശദമാക്കാമോ?

## വ്യവസായ വകുപ്പ് ആരംഭിച്ച പദ്ധതികൾ

435 **ശ്രീ. വി. ജോയി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് വ്യവസായ വകുപ്പ് ആരംഭിച്ച ഏതെങ്കിലും പദ്ധതികൾ ദേശീയ അന്തർദേശീയ തലത്തിൽ ശ്രദ്ധിക്കപ്പെടുകയും പുരസ്കാരങ്ങൾ ലഭിക്കുകയും ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

## ചെറുകിട സംരംഭങ്ങൾ സംബന്ധിച്ച്

436 **ശ്രീ. യു. ആർ. പ്രദീപ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് എത്ര ചെറുകിട സംരംഭങ്ങൾ ആരംഭിക്കുവാൻ കഴിഞ്ഞുവെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിലൂടെ സംസ്ഥാനത്തെ വ്യവസായ മേഖലയിൽ എത്ര കോടി രൂപയുടെ മുതൽ മുടക്കുണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ചെറുകിട സംരംഭങ്ങൾ ആരംഭിച്ചതുമൂലം എത്ര തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുവാൻ കഴിഞ്ഞു; വിശദാംശം വ്യക്തമാക്കാമോ?

## കെ-ഡിസ്ക്

437 **ശ്രീ. എൻ. കെ. അക്ബർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ-ഡിസ്ക് (K-DISC)ന്റെ ആഭിമുഖ്യത്തിൽ കൊട്ടാരക്കരയിൽ ആരംഭിച്ച 'കമ്യൂൺ വർക്ക് നിയർ ഹോം(COMMUNE- Work Near Home)' പദ്ധതി വ്യാപിപ്പിക്കുന്നത് പരിഗണനയിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം സ്ഥലങ്ങൾ പരിഗണിക്കുന്നു എന്ന് വ്യക്തമാക്കാമോ?

## തിരുവല്ല പമ്പ ഷുഗർ ഫാക്ടറിയുടെ സ്ഥലത്ത് ഐടി പാർക്ക്

438 **ശ്രീ. വർഗ്ഗീസ് മാമ്മൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവല്ല നിയോജക മണ്ഡലത്തിൽ പ്രവർത്തനം നിലച്ച പമ്പ ഷുഗർ ഫാക്ടറിയുടെ സ്ഥലത്ത് ഐടി പാർക്ക് സ്ഥാപിക്കുന്നതിനുള്ള സാധ്യത

സർക്കാർ പരിശോധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഭൂമിയുടെ നിലവിലെ ഉടമസ്ഥത, ഉപയോഗാവകാശം, നിയമപരമായ സ്ഥിതി എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) യുവജനങ്ങൾക്ക് തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിനായി ഐടി പാർക്ക്, സ്റ്റാർട്ടപ്പ് ഹബ്, ഇൻഫർമേഷൻ ടെക്നോളജി അധിഷ്ഠിത വ്യവസായ കേന്ദ്രം എന്നിവ സ്ഥാപിക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ഡി) ഇത്തരമൊരു പദ്ധതി നടപ്പിലാക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകളുമായി ചേർന്ന് വിശദമായ സാധ്യതാപഠനം (Feasibility Study) നടത്താൻ തയ്യാറാകുമോ?

<u>**സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭകർക്കുള്ള സഹായം**</u>

439 **ശ്രീ. പി. കെ. നവാസ്**

**ശ്രീമതി ഫാത്തിമ തഹിലിയ**

**ശ്രീ. പി. കെ. ഫിറോസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നവർക്ക് എന്തെല്ലാം സഹായങ്ങൾ നൽകാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ബി) പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതോടുകൂടി എത്ര കോടി രൂപയുടെ നിക്ഷേപം സമാഹരിക്കാൻ കഴിയുമെന്നാണ് കരുതുന്നത്; വ്യക്തമാക്കാമോ;

(സി) പുതുതായി എത്ര പേർക്ക് തൊഴിൽ ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് അറിയിക്കുമോ?

<u>**കുന്നംകുളം വ്യവസായ എസ്റ്റേറ്റ്**</u>

440 **ശ്രീ. എ. സി. മൊയ്തീൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നംകുളം താലൂക്കിൽ നെല്ലുവായ് വില്ലേജിൽ എരുമപ്പെട്ടി ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള പത്ത് ഏക്കർ ഭൂമിയിൽ

വ്യവസായ എസ്റ്റേറ്റ് ആരംഭിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതിന്റെ പുരോഗതി വിശദമാക്കാമോ?

## കൂത്തുപറമ്പ് കിൻഫ്ര വ്യവസായ പാർക്ക്

441 **ശ്രീ. പി. കെ. പ്രവീൺ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യവസായ പാർക്കുകൾ സ്ഥാപിക്കുന്നതിന് വേണ്ടി ഭൂമി ഏറ്റെടുക്കുന്നതിന് മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) കൂത്തുപറമ്പ് നിയോജക മണ്ഡലത്തിലെ ചെണ്ടയാട് നവോദയ കുന്നിൽ കിൻഫ്ര വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിന് ചെറുവാഞ്ചേരി, പുത്തൂർ, മൊകേരി വില്ലേജുകളിലായി സ്ഥിതി ചെയ്യുന്ന 506 ഏക്കർ ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ച നടപടികളുടെ പുരോഗതി വിവരങ്ങൾ ലഭ്യമാക്കാമോ;

(സി) പ്രസ്തുത കിൻഫ്ര വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിന് വല്ല തടസ്സങ്ങളും നിലവിലുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുക എന്നുള്ള വിവരങ്ങൾ ലഭ്യമാക്കാമോ?

## ഇൻഡസ്ട്രിയൽ പാർക്കുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ

442 **ശ്രീ. വിനു ജോബ് കുഴിമണ്ണിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് കോട്ടയം ജില്ലയിൽ ഇൻഡസ്ട്രിയൽ പാർക്കുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) ഇൻഡസ്ട്രിയൽ പാർക്ക് സ്ഥാപിക്കാൻ ഉള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ ഇൻഡസ്ട്രിയൽ പാർക്ക് സ്ഥാപിക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും പദ്ധതികൾ പരിഗണനയിൽ ഉണ്ടോ; ഉണ്ടെങ്കിൽ വിശദംശങ്ങൾ വ്യക്തമാക്കാമോ?

## കാഞ്ഞങ്ങാട് വ്യവസായ പാർക്ക്

443 **ശ്രീ. ഗോവിന്ദൻ പള്ളിക്കാപ്പിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് സർക്കാർ പുറപ്പെടുവിച്ച ഉത്തരവ്, സർക്കുലർ എന്നിവയുടെ പകർപ്പുകൾ ലഭ്യമാക്കാമോ?

**കുന്നത്തുനാട് നിയോജകമണ്ഡലത്തിലെ വ്യവസായ വകുപ്പ് പദ്ധതികൾ**

444 **ശ്രീ. വി. പി. സജീന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 ഏപ്രിൽ 1 മുതൽ 2026 മെയ് 31 വരെ വ്യവസായ വകുപ്പിന്റെ കീഴിൽ കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ ഭരണാനുമതി ലഭിച്ചതും , 2021-22 മുതൽ 2025-26 വരെയുള്ള ബജറ്റുകളിൽ വ്യവസായ വകുപ്പിന് 20% തുക വകയിരുത്തിയ പദ്ധതികളിൽ ഭരണാനുമതി ലഭിക്കാത്ത പദ്ധതികളുടെ പേര്, അനുവദിച്ച തുക, ഭരണാനുമതി ലഭിച്ച പദ്ധതികളുടെ പേര്, അനുവദിച്ച തുക, ഉത്തരവ് നമ്പരും തീയതിയും പട്ടിക തിരിച്ച് ലഭ്യമാക്കാമോ?

**ചെറുകിട വ്യവസായളെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ**

445 **ശ്രീ. ടി. വി. ഇബ്രാഹിം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ചെറുകിട വ്യവസായ കേന്ദ്രങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) കിൻഫ്ര പാർക്കുകളുടെ നവീകരണത്തിനും പശ്ചാത്തല വികസനങ്ങൾക്കും വേണ്ടി പ്രത്യേക പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) മലപ്പുറം ജില്ലയിലെ കാക്കഞ്ചേരിയിലുള്ള കിൻഫ്ര പാർക്കിന്റെ നവീകരണത്തിന് പുതിയ പദ്ധതികൾ ആവിഷ്കരിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

**കുറ്റ്യാടി മണ്ഡലത്തിലെ നാളികേര വികസന പാർക്ക്**

446 **ശ്രീ. പാറക്കൽ അബ്ദുല്ല** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി നിയോജക മണ്ഡലത്തിലെ വേളം ഗ്രാമപഞ്ചായത്തിലെ മണിമലയിൽ നാളികേര വികസന പാർക്ക് ആരംഭിക്കുന്നതിനായി സർക്കാർ 2012 ൽ നൂറ്റി പതിനഞ്ചു ഏക്കർ സ്ഥലം ഏറ്റെടുത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) 2014-വർഷത്തിൽ ഈ പദ്ധതിക്കായി നാല്പത്തിരണ്ട് കോടി രൂപ എസ്റ്റിമേറ്റിൽ ഭരണാനുമതി നൽകുകയുണ്ടായോ; വ്യക്തമാക്കുമോ;

(സി) നാളികേര സംഭരണം, സംസ്കരണം, വിപണനം എന്നിവയൊക്കെ ഈ പദ്ധതിയുടെ ലക്ഷ്യമായി നേരത്തെ സർക്കാർ പ്രഖ്യാപിച്ച കാര്യം പരിശോധിക്കുകയുണ്ടായോ; വ്യക്തമാക്കുമോ;

(ഡി) എങ്കിൽ ഇതേ ലക്ഷ്യം മുൻനിർത്തി ഈ പദ്ധതിയുമായി മുന്നോട്ടു പോകുമോ; വ്യക്തമാക്കാമോ;

(ഇ) അല്ലെങ്കിൽ പുതിയ കാലത്തിനനുസൃതമായി കുറ്റ്യാടി മേഖലയിൽ കേര കർഷകർക്കും അനുബന്ധ തൊഴിലാളികൾക്കും നാളികേരത്തിൽ അധിഷ്ഠിതമായ ഒരു നൂതന പദ്ധതി പരിഗണനയിലുണ്ടോ; വിശദാംശം വ്യക്തമാക്കാമോ?

**പെരുങ്കടവിള ഓയിൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി**

447 **ശ്രീ. സി. കെ. ഹരീന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിന് കീഴിൽ കേരള ഖാദി വ്യവസായ ബോർഡിന്റെ നിയന്ത്രണത്തിൽ പെരുങ്കടവിള പഞ്ചായത്തിൽ മാരായമുട്ടത്ത് പ്രവർത്തിച്ചിരുന്നതും നിലവിൽ പ്രവർത്തനരഹിതവുമായ പെരുങ്കടവിള ഓയിൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി നമ്പർ സി.ഐ.എൻ.ഡി (ടി)1 എന്ന സഹകരണ സംഘത്തിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് അറിയിക്കാമോ;

(ബി) ആകെ എത്ര സെന്റ് സ്ഥലമാണ് പ്രസ്തുത സംഘത്തിന് ഉള്ളതെന്ന് അറിയിക്കാമോ; നിലവിൽ ഇതിന്റെ ഉടമസ്ഥത ആർക്കാണ്; പ്രസ്തുത സ്ഥലത്തിന്റെ പേരിൽ ബാധ്യതകളുണ്ടോ; എങ്കിൽ എത്ര രൂപയാണ്

ബാധ്യതയെന്ന് അറിയിക്കുമോ; ബാധ്യതകളുടെ വിശദാംശം ലഭ്യമാക്കാമോ;

(സി) നിലവിൽ പ്രവർത്തനരഹിതമായ പ്രസ്തുത സംഘത്തിന്റെ പേരിലുള്ള ബാധ്യതകൾ ഒഴിവാക്കി സംഘത്തിന്റെ പേരിൽ റീസർവ്വെ 645/2-ൽ ഉൾപ്പെടുത്തിയിട്ടുള്ള സ്ഥലം മാരായമുട്ടം പോലീസ് സ്റ്റേഷൻ നിർമ്മാണത്തിനായി കൈമാറുന്നതിന് നടപടി സ്വീകരിക്കുമോ; ആയതിലേക്കായി എന്തെങ്കിലും നിയമ തടസങ്ങൾ ഉണ്ടോ; വിശദമാക്കുമോ; പ്രസ്തുത സ്ഥലം ടി ആവശ്യത്തിനായി കൈമാറ്റം ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ;

(ഡി) പ്രസ്തുത ആവശ്യം ഉന്നയിച്ചുകൊണ്ട് പെരുങ്കടവിള ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ കമ്മിറ്റി തീരുമാനം ഉള്ളടക്കം ചെയ്ത് നൽകിയിരുന്ന നിവേദനത്തിന്മേൽ സ്വീകരിച്ചിട്ടുള്ള തുടർ നടപടികൾ എന്തൊക്കെയാണ്; ഫയൽ നമ്പർ ഉൾപ്പെടെയുള്ള വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

## <u>മട്ടന്നൂർ കിൻഫ്ര പാർക്ക്</u>

448 **ശ്രീ. വി. കെ. സനോജ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ കിൻഫ്ര പാർക്കിന് അനുബന്ധമായുള്ള ഭൂമി ഏറ്റെടുക്കുന്ന പ്രവൃത്തിയുടെ പുരോഗതി അറിയിക്കാമോ?

## <u>തോട്ടപ്പള്ളി-കരിമണൽ ഖനനം</u>

449 **ശ്രീ. ജി. സുധാകരൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴ മണ്ഡലത്തിലെ തോട്ടപ്പള്ളിയിൽ നിന്നും കരിമണൽ ഖനനം ചെയ്ത് ഇൻഡ്യൻ റെയർ എർത്ത്സ് ലിമിറ്റഡും (ഐ.ആർ.ഇ.എൽ), ചവറയിലെ കേരള മിനറൽസ് ആന്റ് മെറ്റൽസും സംയുക്തമായി നടത്തുന്ന കരിമണൽ വ്യാപാരത്തിൽ നിന്നും നാളിതുവരെ എത്ര തുക വരുമാനമായി ലഭിച്ചിട്ടുണ്ട്;

(ബി) പ്രസ്തുത വ്യാപാരത്തിൽ നിന്നും ഐ.ആർ.ഇ.എൽ, ചവറ മിനറൽസ് ആന്റ് മെറ്റൽസ്, സംസ്ഥാന സർക്കാർ എന്നിവർക്ക് ലഭിച്ച തുകയെത്ര;

(സി) പ്രസ്തുത വിഷയത്തിൽ അഴിമതി നടക്കുന്നതായുള്ള ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഉന്നതതല അന്വേഷണം നടത്തി സർക്കാരിന് നഷ്ടപ്പെട്ട തുക ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ ;

(ഡി) തോട്ടപ്പള്ളി പ്രദേശം പൂർണ്ണമായും പുറക്കാട് പഞ്ചായത്തിന്റെ പരിധിയിലായതിനാൽ കരിമണൽ വിൽപ്പനയിലൂടെ ലഭിച്ച തുകയുടെ അർഹമായൊരു ഭാഗം പുറക്കാട് പഞ്ചായത്തിന് അനുവദിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ ;

(ഇ) കരിമണൽ വില്പനയിലൂടെ ലഭിച്ച തുകയിൽ അർഹമായ ഭാഗം തൃക്കുന്നപ്പുഴ, കരുവാറ്റ. ചെറുതന, വീയപുരം, കുട്ടനാട്, തുടങ്ങിയ പ്രദേശങ്ങളുടെ വികസനത്തിനായി വിനിയോഗിക്കുമോ?

**<u>കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിളിറ്റി ഫണ്ട് ( സി.എസ്.ആർ.) സംബന്ധിച്ച്</u>**

450 **ശ്രീ. എൻ. കെ. അക്ബർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വ്യവസായ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന പൊതുമേഖല സ്ഥാപനങ്ങളിൽ കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിളിറ്റി ഫണ്ട് ( സി.എസ്.ആർ.) നൽകുന്ന സ്ഥാപനങ്ങൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സ്ഥാപനങ്ങൾ കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിളിറ്റി ( സി.എസ്.ആർ.) ഫണ്ടായി നൽകുന്ന തുക എത്രയെന്നും തുക ചെലവഴിക്കുന്ന മേഖലകളും വ്യക്തമാക്കാമോ?

**<u>നെല്ലിക്കുന്നിലെ അസ്ട്രാസ് വാച്ച് കമ്പനി</u>**

451 **ശ്രീ. കല്ലട മാഹിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് നെല്ലിക്കുന്നിലെ അടച്ചുപൂട്ടിയ അസ്ട്രാസ് വാച്ച് കമ്പനിയുടെ സ്ഥലം വ്യവസായ വകുപ്പിന്റെ കൈവശമാണോയെന്ന് വ്യക്തമാക്കാമോ;

(ബി) കമ്പനി പ്രവർത്തിച്ച സ്ഥലത്തിന്റെ വിസ്തീർണ്ണവും സർവ്വെ നമ്പരും എത്രയാണെന്ന് വ്യക്തമാക്കാമോ;

(സി) ആസ്ലാസ് വാച്ച് കമ്പനി പ്രവർത്തിച്ച സ്ഥലത്ത് പുതിയ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോ?

**<u>അമ്പലപ്പുഴ- തോട്ടപ്പള്ളി സ്പിൽവേ പ്രദേശത്തെ അനധികൃത കരിമണൽ ഖനനം</u>**

452 **ശ്രീ. ജി. സുധാകരൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴ മണ്ഡലത്തിലെ തോട്ടപ്പള്ളി സ്പിൽവേയുടെ അഴിമുഖത്തും സമീപതീര പ്രദേശങ്ങളിലും വന്നടിയുന്ന കരിമണൽ രാജ്യാന്തര മൂല്യമുള്ളതാണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ അമൂല്യധാതു സ്വകാര്യശക്തികളും കരിമണൽ കമ്പനികളും കൈക്കലാക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഐ. ആർ. ഇ. എൽ. (ഇന്ത്യൻ റയർ എർത്ത്സ് ലിമിറ്റഡ്)ഉം ചവറ മിനറൽസ് ആൻറ് മെറ്റൽസും നടത്തുന്ന കരിമണൽ ഇടപാടുകളിൽ സാമ്പത്തിക ദുരൂഹതയുള്ളതായി ആരോപണമുള്ളത് അന്വേഷിച്ചിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ കഴിഞ്ഞ പത്ത് വർഷക്കാലത്തെ കരിമണൽ ഖനനത്തെപ്പറ്റി വിദഗ്ദരും സാമ്പത്തിക ശാസ്ത്രജ്ഞമാരും അടങ്ങുന്ന ഒരു ഉന്നതതല അന്വേഷണ സംഘത്തെകൊണ്ട് അന്വേഷിച്ച് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ; നിലവിലെ ടെണ്ടറുകൾ റദ്ദ് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ;

(ഇ) തോട്ടപ്പള്ളി പ്രദേശം ഖനനവിരുദ്ധ മേഖലയായി പ്രഖ്യാപിക്കാമോയെന്ന് വ്യക്തമാക്കാമോ?

**<u>കൈത്തറി മേഖല</u>**

453 **ശ്രീ. വി. മുരളീധരൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറഞ്ഞ വേതനവും, വിപണി ലഭ്യത കുറവും മറ്റും കൊണ്ട് പുതിയ തലമുറ കൈത്തറി മേഖലയിലേക്ക് കടന്നു വരുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) പരമ്പരാഗത കൈത്തറി തൊഴിലാളികൾക്ക് സാമ്പത്തിക ഭദ്രത ഉറപ്പുവരുത്തുന്നതിനും, ഈ മേഖലയെ പുനരുദ്ധരിക്കുന്നതിനും എന്തു നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്ത് സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം നൽകുന്ന പദ്ധതി നടപ്പിലാക്കിയതിലൂടെ കൈത്തറി തൊഴിലാളികൾക്ക് ലഭിക്കേണ്ട തുക ആറുമാസത്തോളം വൈകിയാണ് ലഭിക്കുന്നത് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; 2021-2025 കാലയളവിൽ എത്ര തുക കുടിശ്ശിക ഇനത്തിൽ നൽകുവാൻ ഉണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) കൈത്തറി എന്ന ലേബലിൽ വ്യാജതുണിത്തരങ്ങൾ വ്യാപകമായി വിറ്റഴിക്കപ്പെടുന്നത് കൈത്തറി മേഖലയെ ദോഷകരമായി ബാധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്ത് നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ?

## അളഗപ്പ ടെക്സ്റ്റയിൽ മിൽസ് പ്രവർത്തനം

454 **ശ്രീ. കെ. കെ. രാമചന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് മണ്ഡലത്തിലെ അളഗപ്പനഗർ പഞ്ചായത്തിലെ ആമ്പല്ലൂരിൽ പ്രവർത്തിച്ചിരുന്ന നാഷണൽ ടെക്സ്റ്റയിൽസ് കോർപ്പറേഷന് കീഴിലുള്ള 'അളഗപ്പ ടെക്സ്റ്റയിൽ മിൽസ് ' കോവിഡിനെ തുടർന്ന് അടച്ചുപൂട്ടുകയും നാളിതുവരെയായി തുറന്ന് പ്രവർത്തിക്കാത്തതും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സംസ്ഥാന സർക്കാർ കൈമാറിയ സ്ഥലത്ത് പ്രവർത്തിക്കുന്ന പ്രസ്തുത സ്ഥാപനം പ്രവർത്തന ക്ഷമമാക്കുന്നതിനോ, അല്ലാത്ത പക്ഷം പ്രസ്തുത സ്ഥലം നാഷണൽ ടെക്സ്റ്റയിൽസ് കോർപ്പറേഷനിൽ (എൻ.ടി.സി) നിന്നും തിരികെയെടുത്ത് അനുയോജ്യമായ വ്യവസായ സംരംഭങ്ങളോ ഇൻഡസ്ട്രിയൽ പാർക്ക് ആരംഭിക്കുന്നതിനോ നടപടി സ്വീകരിക്കുമോ?

## എ.ഐ അധിഷ്ഠിത സ്കിൽ പാർക്ക്

455 **ശ്രീ. ടി. പി. അഷ്‌റഫ് അലി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (എ .ഐ ) അധിഷ്ഠിത സ്കിൽ പാർക്കിനെക്കുറിച്ച് വ്യക്തമാക്കാമോ;

(ബി) കൊണ്ടോട്ടി മണ്ഡലത്തിൽ എ.ഐ അധിഷ്ഠിത സ്കിൽ പാർക്ക് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

## ഓൺ ലൈൻ ലോൺ ആപ്പുകൾക്ക് നിയന്ത്രണം

456 **ശ്രീ. മുഹമ്മദ് മുഹസിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഓൺ ലൈൻ ലോൺ ആപ്പുകൾ വഴി തട്ടിപ്പിനിരയാകുന്നവരുടെ എണ്ണം വർദ്ധിച്ചു വരുന്നകാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരത്തിലുള്ള തട്ടിപ്പുകൾ നിയന്ത്രിക്കുന്നതിന് സർക്കാർ കൈകൊണ്ടിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത തട്ടിപ്പിനിരയാകുന്നവർക്ക് പരാതി നൽകാനുള്ള സംവിധാനവും അവർക്ക് ലഭിക്കുന്ന നിയമ പരിരക്ഷയും വിശദമാക്കാമോ?

## നിർമ്മിത ബുദ്ധി സാങ്കേതിക വിദ്യയുടെ ദുരുപയോഗം

457 **ശ്രീ. മുഹമ്മദ് മുഹസിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിർമ്മിത ബുദ്ധി സാങ്കേതിക വിദ്യ ദുരുപയോഗം ചെയ്ത് മോർഫ് ചെയ്ത വിഡിയോകളും ഫോട്ടോകളും പ്രചരിപ്പിക്കുന്നത് സംബന്ധിച്ച പരാതികൾ വർദ്ധിച്ചു വരുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് നിയന്ത്രിക്കുന്നതിന് സർക്കാർ സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

## സർക്കാർ വകുപ്പുകളിൽ നിർമ്മിത ബുദ്ധിയുടെ സാധ്യതകൾ

458 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതെല്ലാം സർക്കാർ വകുപ്പുകളിൽ നിർമ്മിത ബുദ്ധി ഉപയോഗിക്കാനാണ് സംസ്ഥാന സർക്കാർ ലക്ഷ്യമിടുന്നത്; വ്യക്തമാക്കുമോ;

(ബി) വിവിധ വകുപ്പുകളിലും സർക്കാർ സംവിധാനങ്ങളിലും നിർമ്മിത ബുദ്ധി ഉപയോഗിക്കുമ്പോൾ പൗരന്മാരുടെ സ്വകാര്യത സംരക്ഷിക്കുന്നതിന് എന്തെല്ലാം മാർഗങ്ങൾ അവലംബിക്കുമെന്ന വ്യക്തമാക്കാമോ ;

(സി) നിർമ്മിത ബുദ്ധിയുടെ ദുരുപയോഗ സാധ്യതകൾ തടയുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

**<u>കേരളത്തിൽ നിർമ്മിത ബുദ്ധിയുടെ സാധ്യതകളും വികസനവും</u>**

459 **ശ്രീ. എം. റഹ്മത്തുള്ള** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിർമ്മിത ബുദ്ധി (ആർട്ടിഫിഷ്യൽ ഇന്റലിജെൻസ്) യുടെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുന്നതിനായി സർക്കാർ എന്തെല്ലാം പദ്ധതികളാണ് വിഭാവനം ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ആരോഗ്യം, വിദ്യാഭ്യാസം, കൃഷി, ദുരന്തനിവാരണം എന്നീ മേഖലകളിൽ എ.ഐ സാങ്കേതികവിദ്യ ഉപയോഗിച്ച് നിലവിൽ എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അവ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) കേരളത്തെ ഒരു പ്രധാന എ.ഐ ഹബ്ബാക്കി മാറ്റുന്നതിനായി വിദേശ നിക്ഷേപങ്ങൾ ആകർഷിക്കുന്നതിനും, സ്റ്റാർട്ടപ്പുകളെ പ്രോത്സാഹിപ്പിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത് ; വ്യക്തമാക്കാമോ?

**<u>സംരംഭക സൗഹൃദ സൂചിക</u>**

460 **ശ്രീ. എ. സി. മൊയ്തീൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംരംഭക സൗഹൃദ സൂചികയിൽ ഏറ്റവും മികച്ച പെർഫോർമർ എന്ന സ്ഥാനം നിലനിർത്താനും കൂടുതൽ നേട്ടങ്ങൾ കൈവരിക്കാനും എന്തൊക്കെ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്;വിശദാംശം നൽകാമോ?

**<u>യുവസംരംഭകർക്ക് വ്യവസായ വകുപ്പ് നൽകുന്ന ആനുകൂല്യങ്ങൾ</u>**

461 **ശ്രീ. ടി. ജെ. വിനോദ്**

**ശ്രീ. കെ. എം. അഭിജിത്ത്**

**ശ്രീ. കെ. പ്രവീൺ കുമാർ**

**ശ്രീമതി ഉഷ വിജയൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്ദിരാ ഗ്യാരന്റി പ്രകാരം യുവ സംരംഭകർക്ക് അഞ്ച് ലക്ഷം രൂപയുടെ പലിശ രഹിത വായ്പ ലഭ്യമാക്കുന്ന പദ്ധതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;ഏതെല്ലാം തരത്തിലുള്ള സംരംഭങ്ങൾക്കാണ് ഈ ആനുകൂല്യം ഉപയോഗപ്പെടുത്താനാവുകയെന്ന് വ്യക്തമാക്കുമോ;

(ബി) യുവസംരംഭകർക്ക് വ്യവസായ വകുപ്പ് നൽകുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ;

(സി) ഐ.ടി മേഖലയിലെ യുവസംരംഭകർക്ക് എന്തെല്ലാം പിന്തുണകളും സാധ്യതകളുമാണ് ലഭ്യമാക്കുകയെന്ന് വിശദമാക്കാമോ?

## <u>താനൂർ നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ</u>

462 **ശ്രീ. പി. കെ. നവാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) താനൂർ മണ്ഡലത്തിൽ വൈദ്യുതി വകുപ്പ് നടത്തുന്ന വികസന പ്രവർത്തികൾ ഏതെല്ലാമെന്ന് സെക്ഷൻ തിരിച്ചും പഞ്ചായത്ത് തിരിച്ചും പദ്ധതി ഇനം തിരിച്ചും വിശദമാക്കാമോ;

(ബി) മണ്ഡലത്തിലെ വികസന പ്രവൃത്തികൾ സംബന്ധിച്ചുള്ള വിവരങ്ങൾ കൃത്യമായി എംഎൽഎ മാരെ അറിയിക്കണമെന്ന,നിലവിലുള്ള സർക്കാർ നിർദേശം പാലിക്കുന്നതിന് ബോർഡിനും വകുപ്പിനും നിർദേശം നൽകുന്ന കാര്യം പരിഗണിക്കുമോ ;

(സി) താനൂർ 33 കെവി സബ്സ്റ്റേഷൻ നിർമ്മാണവുമായി ബന്ധപ്പെട്ട് ഭരണാനുമതിക്കായി ചീഫ് എഞ്ചിനിയറുടെ പരിഗണനയിലുള്ള പ്രപ്പോസലിന് അംഗീകാരം നൽകുമോ;

(ഡി) പൊൻമുണ്ടം മേഖലകളിൽ വോൾട്ടേജ് കുറവുണ്ടാകുന്നതിന് 110 കെവി സബ്സ്റ്റേഷൻ പദ്ധതി പ്രൊപ്പോസൽ ലഭ്യമായിട്ടുണ്ടോ;ഉണ്ടെങ്കിൽ അതിൽ മേൽ സ്വീകരിച്ച നടപടി വിശദമാക്കാമോ;

(ഇ) പദ്ധതിക്കനയോജ്യമായ കരഭൂമി കണ്ടെത്താത്ത സ്ഥിതിയിൽ കൃഷിക്കനയോജ്യമല്ലെന്ന് കൃഷി വകുപ്പ് സർട്ടിഫൈഡ് ചെയ്ത വയൽ ഭൂമി ലഭിച്ചാൽ പ്രസ്തുത ഭൂമി തരം മാറ്റി പദ്ധതിക്ക് പ്രയോജനപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

## എല്ലാ വീടുകളിലും വൈദ്യുതി കണക്ഷൻ

463 **ശ്രീ. കെ. യു. ജനീഷ് കുമാർ**
**ശ്രീമതി ഒ. എസ്. അംബിക**
**ശ്രീ. ടി. എം. ശശി**
**ശ്രീ. പി. പി. സുമോദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എല്ലാ വീടുകളിലും വൈദ്യുതി എത്തുന്ന രാജ്യത്തെ ആദ്യ സംസ്ഥാനമായി കേരളത്തെ പ്രഖ്യാപിച്ചിട്ടുണ്ടോ;വിശദമാക്കാമോ;

(ബി) സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയുടെ ഭാഗമായി എത്ര പേർക്ക് വൈദ്യുതി കണക്ഷനുകൾ നൽകിയിട്ടുണ്ട്;വിശദാംശം നൽകാമോ;

(സി) സമ്പൂർണ്ണ വൈദ്യുതീകരണ സംസ്ഥാനം എന്ന പദവി നിലനിർത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത്;വിശദമാക്കാമോ?

## വൈദ്യുതി മൂലമുള്ള അപകട സുരക്ഷാ മുൻകരുതൽ

464 **ശ്രീ. തോമസ് ഉണ്ണിയാടൻ**
**ശ്രീ. വർഗ്ഗീസ് മാമ്മൻ**
**ശ്രീ. റെജി ചെറിയാൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ലൈനുകളിലും തൂണുകളിലും ട്രാൻസ്ഫോമറുകളിലും നിന്നുമുള്ള മഴക്കാല അപകടസാധ്യതകൾ കണക്കിലെടുത്ത് സുരക്ഷ ഉറപ്പുവരുത്താൻ എന്തെല്ലാം മുൻകരുതൽ നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളത്;

(ബി) മൺസൂൺകാല ദുരന്ത സാധ്യതകൾ കണക്കിലെടുത്ത് വൈദ്യുതത്തൂണുകളുടെയും അനുബന്ധ സാമഗ്രികളുടെയും ലഭ്യത

ഉറപ്പുവരുത്താൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദീകരിക്കാമോ;

(സി) വൈദ്യുതി മുടക്കം സംബന്ധിച്ച പരാതികളുടെ സമയബന്ധിത പരിഹാരത്തിനായി സംസ്ഥാനത്ത് എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളത്;സേവനങ്ങളുടെ കൃത്യത ഉറപ്പുവരുത്താൻ പ്രാദേശിക തലത്തിൽ ജനപ്രതിനിധികളുടെയും പൊതുപ്രവർത്തകരുടെയും ഉദ്യോഗസ്ഥരുടെയും കൂട്ടായ്മ രൂപീകരിച്ചിട്ടുണ്ടോ;വിശദമാക്കാമോ;

(ഡി) വൈദ്യുതി ലൈനിനോട് ചേർന്നുള്ള മരങ്ങൾ മുന്നറിയിപ്പില്ലാതെയും വിവേകരഹിതമായും മുറിച്ചുമാറ്റുന്നത് സംബന്ധിച്ച ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരം മുറിച്ചുമാറ്റൽ സുതാര്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ;വിശദമാക്കാമോ?

## കോഴിക്കോട് സൗത്ത് നിയോജക മണ്ഡലത്തിലെ വൈദ്യുതി വിതരണം

465 **ശ്രീ. ഫൈസൽ ബാബു** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് സൗത്ത് നിയോജക മണ്ഡലത്തിലെ വൈദ്യുതി വിതരണ ശൃംഖല ശക്തിപ്പെടുത്തുന്നതിനായി കഴിഞ്ഞ മൂന്ന് വർഷത്തിനിടെ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) നഗര മേഖലയിലെ ഭൂഗർഭ വൈദ്യുതി കേബിളിംഗ് പദ്ധതികൾക്ക് സർക്കാർ പ്രത്യേക പരിഗണന നൽകുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) പൊതുസ്ഥാപനങ്ങളിൽ സൗരോർജ പദ്ധതികൾ വ്യാപിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്;വിശദമാക്കാമോ?

## വൈദ്യുതി തടസ്സം ഒഴിവാക്കൽ

466 **ശ്രീ. കാരായി രാജൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അടുത്തിടെ വർധിച്ചു വരുന്ന പവർ കട്ട്, ലോഡ് ഷെഡ്ഡിംഗ് എന്നിവ ജനങ്ങളുടെ ദൈനംദിന ജീവിതത്തെയും വ്യാപാര വ്യവസായ മേഖലയെയും സാരമായി ബാധിക്കുന്ന സാഹചര്യത്തിൽ,പവർകട്ട് ഒഴിവാക്കുന്നതിനും വൈദ്യുതി

വിതരണത്തിന്റെ സ്ഥിരത ഉറപ്പാക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;ഉണ്ടെങ്കിൽ പ്രസ്തുത നടപടികൾ വ്യക്തമാക്കാമോ?

## ഗാർഹിക, വ്യവസായിക, കാർഷിക വൈദ്യുതി കണക്ഷനുകൾ

467 **ശ്രീ. യു. ആർ. പ്രദീപ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലയളവിൽ എത്ര പേർക്ക് വൈദ്യുതി കണക്ഷൻ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ ഗാർഹിക,വ്യവസായിക,കാർഷിക കണക്ഷനുകളുടെ എണ്ണം തരം തിരിച്ച് ലഭ്യമാക്കാമോ;നിലവിൽ അപേക്ഷ സമർപ്പിച്ച് എത്ര ദിവസത്തിനകം കണക്ഷൻ നൽകുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(സി) പല സെക്ഷൻ ഓഫീസുകളിലും ഇലക്ട്രിക് പോസ്റ്റ്,സർവ്വീസ് വയർ എന്നിവയുടെ അഭാവം നിമിത്തം കണക്ഷൻ നൽകുവാൻ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;എങ്കിൽ ഇത് പരിഹരിക്കുവാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

## വോൾട്ടേജ് ക്ഷാമം പരിഹരിക്കാൻ 110 കെ.വി. സബ്സ്റ്റേഷൻ

468 **ശ്രീ. സി. കെ. ഹരീന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല മണ്ഡലത്തിലെ ആര്യൻകോട്,കള്ളിക്കാട്,പെരുങ്കടവിള,വെള്ളറട,ഒറ്റശേഖരമംഗലം,അമ്പൂരി എന്നീ മലയോര പഞ്ചായത്തുകളിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി ഒറ്റശേഖരമംഗലം കേന്ദ്രമാക്കി 110 കെ.വി. സബ്സ്റ്റേഷൻ സ്ഥാപിക്കണമെന്നാവശ്യപ്പെട്ട് സമർപ്പിച്ചിരുന്ന പ്രൊപ്പോസലിൻമേൽ സ്വീകരിച്ചിട്ടുള്ള തുടർനടപടികൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കാമോ;സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിന് നിലവിൽ ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകിയിട്ടുണ്ടോ;

(ബി) പ്രസ്തുത സബ്സ്റ്റേഷൻ നിർമ്മാണത്തിനായി ആവശ്യമായ സ്ഥലം കണ്ടെത്തിയിട്ടുണ്ടോ;പ്രസ്തുത ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതിയുടെ ടെൻഡർ നടപടികൾ ആരംഭിച്ചിട്ടുണ്ടോ;ഇല്ലെങ്കിൽ ടെൻഡർ നടപടികളിലേക്ക് കടക്കുന്നതിന് മുന്നോടിയായി ഇനി എന്തെല്ലാം കാര്യങ്ങളാണ് പൂർത്തിയാക്കാനുള്ളതെന്നറിയിക്കാമോ;

(ഡി) പ്രസ്തുത സബ്സ്റ്റേഷന്റെ നിർമ്മാണ പ്രവർത്തനങ്ങൾ എന്നാണ് ആരംഭിക്കാൻ സാധിക്കുകയെന്നും എത്ര സമയപരിധിക്കുള്ളിൽ പദ്ധതി പൂർത്തിയാക്കി കമ്മീഷൻ ചെയ്യാനാണ് ലക്ഷ്യമിടുന്നതെന്നും വിശദമാക്കാമോ ?

**<u>വൈദ്യുതോല്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ</u>**

469 **ശ്രീ. ചാണ്ടി ഉമ്മൻ**

**ശ്രീ. റോയി. കെ. പൗലോസ്**

**ശ്രീ. എം. എം. നസീർ**

**ശ്രീമതി രമ്യ ഹരിദാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ഉൽപ്പാദനത്തിന്റെ കാര്യത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനും ഊർജ്ജോത്പാദനം വർദ്ധിപ്പിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്;വ്യക്തമാക്കാമോ;

(ബി) മുൻ സർക്കാരിന്റെ കാലയളവിൽ അപ്രഖ്യാപിത ലോഡ്ഷെഡ്ഡിങ്ങ് ഏർപ്പെടുത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;എങ്കിൽ ഇത്തരം നടപടികൾ ഒഴിവാക്കി ഗാർഹിക ഉപഭോക്താക്കൾക്ക് തടസ്സമില്ലാതെ വൈദ്യുതി ലഭ്യമാക്കുന്നതിനും കെ.എസ്.ഇ.ബി.യുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്;വിശദമാക്കാമോ;

(സി) പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളായ സൗരോർജ്ജവും കാറ്റും ഉപയോഗപ്പെടുത്തിയുള്ള വൈദ്യുതോത്പാദനം വർദ്ധിപ്പിക്കുന്നതിന് പുതിയ പദ്ധതികൾ ആവിഷ്കരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

**<u>പുളിക്കൽ 110 കെ. വി. സബ്സ്റ്റേഷൻ</u>**

470 **ശ്രീ. ടി. പി. അഷ്‌റഫ് അലി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊണ്ടോട്ടി മണ്ഡലത്തിലെ പുളിക്കൽ ആസ്ഥാനമാക്കി 110 കെ.വി.സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിന് ഇതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) വൈദ്യുതി പ്രതിസന്ധി രൂക്ഷമായ കൊണ്ടോട്ടി മണ്ഡലത്തിൽ പുളിക്കൽ ആസ്ഥാനമാക്കി 110 കെ.വി. സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ?

## കൊണ്ടോട്ടി സെക്ഷൻ വിഭജനം

471 **ശ്രീ. ടി. പി. അഷ്‌റഫ് അലി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊണ്ടോട്ടി സെക്ഷൻ വിഭജിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ കൊണ്ടോട്ടി സെക്ഷൻ വിഭജിച്ച് കരിപ്പൂർ സെക്ഷൻ രൂപീകരിക്കുന്ന കാര്യം പരിഗണിക്കുമോ;

(സി) ഇല്ലെങ്കിൽ ഏകദേശം മുപ്പത്തയ്യായിരത്തോളം ഉപഭോക്താക്കൾ പരിധിയിലുള്ള കൊണ്ടോട്ടി സെക്ഷൻ വിഭജിച്ച് കരിപ്പൂരിൽ പുതിയ സെക്ഷൻ രൂപീകരിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ?

## താനൂർ നിയോജക മണ്ഡലത്തിൽ വൈദ്യുതി വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന പദ്ധതികൾ

472 **ശ്രീ. പി. കെ. നവാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) താനൂർ നിയോജക മണ്ഡലത്തിൽ വൈദ്യുതി വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന പദ്ധതികൾ ഏതൊക്കെയാണ്; ഓരോന്നിന്റെയും വിശദാംശം ലഭ്യമാക്കുമോ?

(ബി) മണ്ഡലത്തിൽ അടിയന്തരമായി നടപ്പിലാക്കണമെന്ന് വൈദ്യുതി വകുപ്പ് വിലയിരുത്തിയിട്ടുള്ള പദ്ധതികൾ ഏതൊക്കെയാണ്; ഇതിനായി വകുപ്പ് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് വൈദ്യുതി വകുപ്പ് മുഖേന മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

## മലപ്പുറം പാക്കേജിന്റെ ഭാഗമായി നിലമ്പൂർ സർക്കിളിന് അനുവദിച്ച പാക്കേജ്

473 **ശ്രീ. ആര്യാടൻ ഷൗക്കത്ത്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം പാക്കേജിന്റെ ഭാഗമായി നിലമ്പൂർ സർക്കിളിന് അനുവദിച്ചിരിക്കുന്ന 45 കോടി രൂപയുടെ പാക്കേജ് ടേൺകീ (turnkey)വ്യവസ്ഥയിലായതു കാരണം കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഈ പ്രവൃത്തി കാലതാമസം കൂടാതെ പൂർത്തീകരിക്കുവാൻ വേണ്ട അടിയന്തര നടപടികൾ സ്വീകരിക്കുമോ?

## പുനലൂർ നിയോജക മണ്ഡലത്തിൽ നടന്നുവരുന്ന പ്രവൃത്തികൾ

474 **ശ്രീ. സി. അജയപ്രസാദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ നിയോജക മണ്ഡലത്തിൽ വൈദ്യുതി വകുപ്പിന്റെ നിർവ്വഹണ ചുമതലയിൽ നിലവിൽ നടന്നുവരുന്ന പ്രവൃത്തികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ ;

(ബി) ഓരോ പ്രവൃത്തിയുടെയും അടങ്കൽ തുക എത്രയെന്നും ഏത് പദ്ധതി പ്രകാരമുള്ള ഫണ്ട് വിനിയോഗിച്ചാണ് പ്രസ്തുത പ്രവൃത്തികൾ നടക്കുന്നതെന്നും വിശദമാക്കാമോ ?

## ഒല്ലൂർ മണ്ഡലത്തിൽ നടപ്പിലാക്കുന്ന പദ്ധതികൾ

475 **ശ്രീ. കെ. രാജൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി

നൽകുമോ:

(എ) ഒല്ലൂർ നിയോജകമണ്ഡലത്തിൽ വൈദ്യുതി വകുപ്പിനു കീഴിൽ നിലവിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ഒല്ലൂർ നിയോജക മണ്ഡലത്തിൽ പുതിയതായി ആരംഭിക്കുന്ന പ്രവർത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## <u>കെ എസ് ഇ ബി പരസ്യങ്ങളും പി ആർ പ്രവർത്തനങ്ങളും</u>

476 **ശ്രീ. കുറുക്കോളി മൊയ്തീൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മെയ് 1 മുതൽ 2026 ഏപ്രിൽ 30 വരെ പബ്ലിക് റിലേഷൻസ് പരിപാടികൾക്ക് വേണ്ടി എത്ര രൂപ കെ. എസ്. ഇ .ബി ചെലവഴിച്ചു എന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത കാലയളവിൽ പബ്ലിക് റിലേഷൻസ് പരിപാടികൾക്ക് വേണ്ടിയും സോഷ്യൽ മീഡിയ മാനേജ്മെൻറ് ഉൾപ്പെടെയുള്ള ഏതെങ്കിലും പ്രവർത്തനങ്ങൾ ചെയ്യാൻ വേണ്ടിയും പുറത്തുള്ള ഏജൻസികളെ ഏൽപ്പിച്ചിട്ടുണ്ടോയെന്നും അപ്രകാരം ഏൽപ്പിച്ചിട്ടുണ്ടെങ്കിൽ അവർക്ക് നൽകിയിട്ടുള്ള തുക എത്രയാണെന്നും ഏജൻസി തിരിച്ച് അറിയിക്കാമോ ;

(സി) പ്രസ്തുത കാലയളവിൽ അച്ചടി മാധ്യമങ്ങളിലും ദൃശ്യ ശ്രാവ്യ മാധ്യമങ്ങളിലും കെ എസ് ഇ ബി ഏജൻസി മുഖാന്തരം പരസ്യങ്ങൾ നൽകിയിട്ടുണ്ടെങ്കിൽ അത് ഏതൊക്കെ ഏജൻസികളിലൂടെയാണെന്നും ഓരോ ഏജൻസികൾക്കും പരസ്യം നൽകുന്നതിനു വേണ്ടി കൈമാറിയ തുക എത്രയാണെന്നും പ്രത്യേകം അറിയിക്കാമോ;

(ഡി) പ്രസ്തുത കാലയളവിൽ ഐ ആൻഡ് പി. ആർ. ഡി വഴി അച്ചടി മാധ്യമങ്ങളിലും ദൃശ്യശ്രാവ്യ മാധ്യമങ്ങളിലും കെ.എസ്.ഇ.ബി എത്ര രൂപയ്ക്ക് പരസ്യം നൽകിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ഇ) ഐ ആൻഡ് പി.ആർ.ഡി മുഖാന്തരം അല്ലാതെ മറ്റ് ഏജൻസികൾ മുഖാന്തരം അച്ചടി മാധ്യമങ്ങളിലും ദൃശ്യ ശ്രാവ്യ മാധ്യമങ്ങളിലും കെ .

എസ്. ഇ .ബി പരസ്യം നൽകിയിട്ടുണ്ടെങ്കിൽ അതിന് കാരണം എന്താണെന്ന് വ്യക്തമാക്കാമോ ;

(എഫ്) കെ.എസ്.ഇ.ബി പബ്ലിക് റിലേഷൻസ് പരിപാടികൾക്ക് വേണ്ടി പ്രസ്തുത കാലയളവിൽ സേവനം സ്വീകരിച്ചിട്ടുള്ള ഏജൻസികളിൽ ഐ ആന്റ് പി.ആർ.ഡി അംഗീകരിക്കാത്ത സ്ഥാപനങ്ങൾ ഏതെങ്കിലും ഉണ്ടായിരുന്നെങ്കിൽ അതിന്റെ വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

## കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ വൈദ്യുതി വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികൾ

477 **ശ്രീ. വി. പി. സജീന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 ഏപ്രിൽ ഒന്ന് മുതൽ 2026 മെയ് മാസം വരെ കുന്നത്തുനാട് നിയോജക മണ്ഡലത്തിൽ വൈദ്യുതി വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികൾ,ഭരണാനുമതി നൽകിയ പദ്ധതികൾ,ബഡ്ജറ്റുകളിൽ ഇരുപത് ശതമാനം തുക വകയിരുത്തിയതിനുശേഷം ഭരണാനുമതി ലഭിക്കാത്ത പദ്ധതികൾ,പദ്ധതിയുടെ പേര്,പദ്ധതിക്ക് അനുവദിച്ച തുക,ഭരണാനുമതി നൽകിയ ഉത്തരവുകളുടെ നമ്പർ,തീയതി,ബജറ്റിൽ ഉൾപ്പെട്ടിട്ടും ഭരണാനുമതി നൽകാത്ത പദ്ധതികൾ,അവയുടെ തുക എന്നിവ പട്ടിക തിരിച്ച് ലഭ്യമാക്കാമോ?

## മാനന്തവാടി നിയോജക മണ്ഡലത്തിൽ വൈദ്യുതി വകുപ്പ് മുഖാന്തരം നടപ്പിലാക്കിയ പ്രവൃത്തികൾ

478 **ശ്രീമതി ഉഷ വിജയൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലയളവിൽ മാനന്തവാടി നിയോജക മണ്ഡലത്തിൽ വൈദ്യുതി വകുപ്പ് മുഖാന്തിരം എന്തെല്ലാം പ്രവൃത്തികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;വിശദവിവരം നൽകുമോ?

## പുതുപ്പള്ളി മണ്ഡലത്തിൽ വൈദ്യുതി വകുപ്പ് നടപ്പിലാക്കിയ പ്രവർത്തനങ്ങൾ

479 **ശ്രീ. ചാണ്ടി ഉമ്മൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി

നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലയളവിൽ പുതുപ്പള്ളി മണ്ഡലത്തിൽ വൈദ്യുതി വകുപ്പ് നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദവിവരം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ പ്രവർത്തന പുരോഗതി അറിയിക്കാമോ?

**ചെറുകിട ജലവൈദ്യുതി പദ്ധതികൾ**

480 **ശ്രീ. സി. കെ. കാസിം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ നിലവിൽ നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന ചെറുകിട ജലവൈദ്യുതി പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) ഇനി സ്ഥലം ഏറ്റെടുക്കാനായി ഏതെല്ലാം ജലവൈദ്യുതി പദ്ധതികളാണ് ബാക്കിയുള്ളത് എന്ന് വ്യക്തമാക്കാമോ;

(സി) ചെറുകിട ജലവൈദ്യുതി പദ്ധതികൾ നടപ്പിലാക്കാൻ കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ചിരുന്നതും 2014-ൽ നിർത്തലാക്കിയിതുമായ ഗ്രാന്റ് പുനഃസ്ഥാപിച്ചിട്ടുണ്ടോ;

(ഡി) കോഴിക്കോട് ജില്ലയിലെ തിരുവമ്പാടി മണ്ഡലത്തിൽ നിലവിൽ നിർമ്മാണം നടന്നു കൊണ്ടിരിക്കുന്നതും, ഇനി നിർമ്മാണം നടത്താനായി വൈദ്യുതി വകുപ്പിന്റെ പരിഗണനയിൽ ഉള്ളതുമായ പദ്ധതികൾ ഏതെല്ലാം; ഇവയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ ?

**വൈദ്യുത അപകടങ്ങൾ**

481 **ശ്രീ. എം. വിജിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഴക്കാല വൈദ്യുത അപകടങ്ങൾ തത്സമയം റിപ്പോർട്ട് ചെയ്യാനും പരിഹാര നടപടികൾ കൈകൊള്ളുന്നതിനുമായി കെ.എസ്.ഇ.ബി. സെൻട്രലൈസ്ഡ് കംപ്ലയിന്റ് ഹാൻഡ്ലിങ് സംവിധാനം നടപ്പിൽ വരുത്തിയിട്ടുണ്ടോ;വിശദമാക്കാമോ;

(ബി) വൈദ്യുതലൈൻ പൊട്ടിവീണുണ്ടാകുന്ന അപകടങ്ങൾ കുറയ്ക്കാൻ എന്തെല്ലാം മുൻകരുതൽ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

വിശദമാക്കാമോ?

## <u>വൈദ്യുതി പ്രതിസന്ധി</u>

482 **ശ്രീ. പി. മമ്മിക്കുട്ടി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വേനൽ കാലത്ത് വൈദ്യുതി പ്രതിസന്ധി ഉണ്ടായിരുന്നോ;പ്രതിസന്ധി ഉണ്ടായിരുന്നെങ്കിൽ കാരണം വിശദമാക്കാമോ;ഭാവിയിൽ ഈ വൈദ്യുതി പ്രതിസന്ധി മറികടക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കാമോ;

(ബി) ഉപഭോക്തൃ പരാതികൾ കെ.എസ്.ഇ .ബി ശരാശരി എത്ര സമയം കൊണ്ട് പരിഹരിക്കുമെന്ന് വിശദമാക്കാമോ;

(സി) വീടുകളിൽ സോളാർ സ്ഥാപിക്കുന്നതിനുള്ള അപേക്ഷകളിൽ എത്ര ദിവസം കൊണ്ട് തീർപ്പാക്കാൻ കഴിയുമെന്ന് വിശദമാക്കാമോ;

(ഡി) വൈദ്യുതി നിരക്ക് വർധന പരിഗണനയിലുണ്ടോ;വിശദമാക്കാമോ?

## <u>വൈദ്യുത ലൈനിൽ നിന്നുള്ള അപകടങ്ങൾക്കു നഷ്ടപരിഹാരം</u>

483 **ശ്രീ. കല്ലട മാഹിൻ**
**ശ്രീ. സി. കെ. കാസിം**
**ശ്രീ. എ. കെ. എം. അഷ്റഫ്**
**ശ്രീ. പി .എം. എ. സമീർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഴക്കാലങ്ങളിൽ പൊട്ടിവീഴുന്ന വൈദ്യുത ലൈനിൽ നിന്നും ഷോക്കേറ്റുള്ള അപകടങ്ങൾ വർദ്ധിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;വ്യക്തമാക്കുമോ;

(ബി) ആവശ്യമായ സുരക്ഷ ഒരുക്കുന്നതിൽ വൈദ്യുതി ബോർഡിന് വീഴ്ച ഉണ്ടാകുന്നത് പരിഹരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;വിശദമാക്കുമോ;

(സി) അപകട മരണം സംഭവിക്കുന്നവരുടെ ആശ്രിതർക്ക് അർഹമായ സാമ്പത്തിക സഹായം നൽകുമോ?

**മണിയാർ ജലവൈദ്യുത പദ്ധതി**

484 **ശ്രീ. എ. കെ. എം. അഷ്റഫ്**

**ശ്രീ. കല്ലട്ര മാഹിൻ**

**ശ്രീ. നജീബ് കാന്തപുരം**

**ശ്രീ. കുറുക്കോളി മൊയ്തീൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മണിയാർ ജലവൈദ്യുത പദ്ധതിയുടെ കരാർ പ്രകാരം പദ്ധതി കെ.എസ്.ഇ.ബി.ക്ക് കൈമാറേണ്ട തീയതിയിൽ കൈമാറ്റം നടത്തിയിരുന്നോ എന്നറിയിക്കാമോ;

(ബി) കരാറിനു വിരുദ്ധമായി കരാർ സമയം നീട്ടിനൽകിയതിന്റെ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ;വ്യക്തമാക്കുമോ;

(സി) കരാർ പ്രകാരം പദ്ധതി ഏറ്റെടുക്കുന്നതിൽ കെ.എസ്.ഇ.ബി.ക്ക് വീഴ്ച ഉണ്ടായിട്ടുണ്ടോ; എങ്കിൽ ഉത്തരവാദികളായവർക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചു;വിശദമാക്കുമോ?

**ചൂലിശ്ശേരി പോൾ കാസ്റ്റിംഗ് യാർഡിന്റെ പ്രവർത്തനം**

485 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി മണ്ഡലത്തിലെ ചൂലിശ്ശേരിയിൽ പ്രവർത്തനമാരംഭിച്ച കെ.എസ്.ഇ.ബി. പോൾ കാസ്റ്റിംഗ് യാർഡിൽ പോൾ നിർമ്മാണം ആരംഭിച്ചതുമുതൽ ഓരോ മാസവും എത്ര വീതം പോളുകളാണ് നിർമ്മിച്ചതെന്ന് പട്ടിക തിരിച്ച് വിവരം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പോളുകൾ ഏതെല്ലാം ജില്ലകളിലേക്കാണ് ഉപയോഗിച്ചുവരുന്നതെന്ന് അറിയിക്കാമോ;

(സി) ചൂലിശ്ശേരി പോൾ കാസ്റ്റിംഗ് യാർഡിന്റെ പ്രവർത്തനം ഏതെല്ലാം രീതിയിലാണ് കെ.എസ്.ഇ.ബി.യുടെ പ്രവർത്തനങ്ങൾക്ക് സഹായകരമാകുന്നതെന്ന് വ്യക്തമാക്കാമോ?

**വൈദ്യുതി വിതരണ സംവിധാനത്തിന്റെ നവീകരണം**

486 **ശ്രീ. എം. റഹ്മത്തുള്ള**

**ശ്രീ. പി .എം. എ. സമീർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വേനൽക്കാലത്ത് വൈദ്യുതി ഉപയോഗം കുതിച്ചുയരുന്നതിന് അനുസൃതമായി വൈദ്യുതി വിതരണ സംവിധാനം നവീകരിക്കുന്നതിൽ കെ.എസ്.ഇ.ബി.-യ്ക്ക് വീഴ്ച ഉണ്ടായതായി വിലയിരുത്തിയിട്ടുണ്ടോ;

(ബി) വൈദ്യുതി വിതരണ ശൃംഖല ശക്തിപ്പെടുത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(സി) വർദ്ധിച്ച വൈദ്യുതി ഉപയോഗം മുൻകൂട്ടി മനസ്സിലാക്കി,വൈദ്യുതി പ്രതിസന്ധി ഒഴിവാക്കാൻ ബന്ധപ്പെട്ടവർക്ക് ആവശ്യമായ നിർദ്ദേശം നൽകുമോയെന്ന് വ്യക്തമാക്കാമോ?

**<u>മങ്കട ടൗണിൽ വൈദ്യുത ഫീഡർ സ്ഥാപിക്കണമെന്ന ആവശ്യം</u>**

487 **ശ്രീ. മഞ്ഞളാംകുഴി അലി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട ടൗണിൽ പതിവായി വൈദ്യുതി തടസ്സം ഉണ്ടാകുന്നുണ്ടെന്ന പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് പരിഹരിക്കുന്നതിന് വൈദ്യുത ഫീഡർ സ്ഥാപിക്കേണ്ടത് അത്യാവശ്യമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ?

**<u>ഗ്രാമീണ മേഖലകളിലെ ലോ വോൾട്ടേജ് പ്രശ്നങ്ങൾ</u>**

488 **ശ്രീ. ജി. സ്റ്റീഫൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ ഗ്രാമീണ മേഖലകളിൽ ഉയർന്നുവന്നിട്ടുള്ള ലോ വോൾട്ടേജ് പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത വിഷയത്തിന് ശാശ്വത പരിഹാരം കാണുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ?

## വോൾട്ടേജ് ക്ഷാമം

489 **ശ്രീ. പി. എ. മുഹമ്മദ് റിയാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബേപ്പൂർ നിയോജക മണ്ഡലത്തിലെ ബേപ്പൂർ എന്ന പ്രദേശത്ത് അനുഭവപ്പെടുന്ന വോൾട്ടേജ് ക്ഷാമം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വോൾട്ടേജ് ക്ഷാമം പരിഹരിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

## ജലവൈദ്യുത പദ്ധതികൾ

490 **ശ്രീ. കെ. എൻ. ബാലഗോപാൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-2025 കാലയളവിൽ നിർമ്മാണം പൂർത്തിയാക്കി കമ്മീഷൻ ചെയ്ത പ്രധാന ജലവൈദ്യുത പദ്ധതികൾ (തോട്ടിയാർ, പള്ളിവാസൽ വിപുലീകരണം ഉൾപ്പെടെ) ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കാലയളവിൽ സ്വകാര്യ സംരംഭകർ വഴിയും കെ.എസ്.ഇ.ബി. നേരിട്ടും എത്ര മെഗാവാട്ട് അധിക ജലവൈദ്യുത ഉത്പാദനശേഷിയാണ് കൈവരിച്ചതെന്ന് വ്യക്തമാക്കാമോ;

(സി) 2016 മുതൽ 2025 ഡിസംബർ വരെ വൈദ്യുതി ഉത്പാദന രംഗത്ത് മാത്രം കെ.എസ്.ഇ. ബി.എൽ. എത്ര കോടി രൂപയുടെ മുതൽ മുടക്കാണ് നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) മുൻ സർക്കാർ നിർമ്മാണ ഉദ്ഘാടനം നിർവ്വഹിച്ച് നിലവിൽ നിർമ്മാണം പുരോഗമിക്കുന്ന മാങ്കുളം, ചിന്നാർ ജലവൈദ്യുത പദ്ധതികൾ സമയബന്ധിതമായി കമ്മീഷൻ ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

## വൈദ്യുതി ഉത്പാദന വർദ്ധനവ്

491 **ശ്രീ. എ. പ്രഭാകരൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ രണ്ട് സർക്കാരിന്റെ കാലയളവിൽ സംസ്ഥാനത്തെ ആഭ്യന്തര വൈദ്യുതി ഉത്പാദന ശേഷിയിൽ എത്ര മെഗാവാട്ടിന്റെ വർദ്ധനവ് ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ഇതിൽ സൗരോർജ്ജം, ജലവൈദ്യുതി എന്നിവയുടെ പങ്ക് എത്രയാണെന്ന് തരംതിരിച്ച് വ്യക്തമാക്കുമോ?

(ബി) സംസ്ഥാനത്തെ വ്യവസായ മേഖലയിലെയും മറ്റും പവർകട്ടും ലോഡ്ഷെഡ്ഡിംഗും പൂർണ്ണമായും ഒഴിവാക്കുന്നതിനായി മുൻ സർക്കാർ യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തിയാക്കിയ 400 KVപ്രസരണ ലൈനുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) പ്രസ്തുത ലൈനുകൾ പൂർത്തിയാക്കിയതിലൂടെ സംസ്ഥാനത്തിനുണ്ടായ നേട്ടങ്ങൾ വിശദമാക്കാമോ;

(ഡി) ദീർഘകാലാടിസ്ഥാനത്തിൽ വൈദ്യുതി ലഭ്യമാകുന്നതിനായി കഴിഞ്ഞ 10 വർഷത്തിനുള്ളിൽ കെ.എസ്.ഇ.ബി. ഏർപ്പെട്ട പവർ പർച്ചേഴ്സ് കരാറുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## <u>ദീർഘകാല വൈദ്യുതി വാങ്ങൽ കരാറുകൾ റദ്ദാക്കിയ നടപടി</u>

492 **ശ്രീമതി കെ. കെ. രമ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് 2016-ൽ ജിൻഡാൽ പവർ ലിമിറ്റഡ്, ജബുവ പവർ ലിമിറ്റഡ് എന്നീ കമ്പനികളുമായി 465 മെഗാവാട്ട് വൈദ്യുതി യൂണിറ്റിന് 4.29 രൂപ നിരക്കിൽ 25 വർഷത്തേക്ക് വാങ്ങുന്നതിനായി ഒപ്പുവെച്ച ദീർഘകാല വൈദ്യുതി വാങ്ങൽ കരാറുകൾ റദ്ദാക്കപ്പെടാൻ കാരണമായി കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മിഷൻ ചൂണ്ടിക്കാട്ടിയിരുന്ന നിയമലംഘനങ്ങളും നടപടിക്രമങ്ങളിലെ വീഴ്ചകളും എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) കരാറുകൾ റദ്ദാക്കപ്പെട്ടതിനാൽ യൂണിറ്റിന് 4.29 രൂപ നിരക്കിൽ ലഭിക്കേണ്ടിയിരുന്ന വൈദ്യുതി നഷ്ടമായതിലൂടെയും വേനൽക്കാലങ്ങളിൽ ഉൾപ്പെടെ ഉയർന്ന നിരക്കിൽ ഹ്രസ്വകാല കരാറുകളിലൂടെയും പവർ എക്സ്ചേഞ്ചിലൂടെയും വൈദ്യുതി വാങ്ങേണ്ടിവന്ന സാഹചര്യത്തിലും തുടർന്ന് നാളിതുവരെ

കെ.എസ്.ഇ.ബി.ക്കും സംസ്ഥാനത്തിനും ഉണ്ടായ അധിക സാമ്പത്തിക ബാധ്യത എത്രയാണെന്ന് വർഷാടിസ്ഥാനത്തിൽ വ്യക്തമാക്കാമോ;

(സി) പ്രസ്തുത കരാറുകൾ റദ്ദാക്കിയതിനെതിരെ കെ.എസ്.ഇ.ബി. അപ്പലേറ്റ് ട്രിബ്യൂണലിലും സുപ്രീം കോടതിയിലും നടത്തിയ നിയമപോരാട്ടങ്ങൾക്കായി എത്ര രൂപയാണ് നാളിതുവരെ ചെലവഴിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ ;

(ഡി) കരാറുകൾ നിയമപരമായി അസാധുവാണെന്ന് കണ്ടെത്തപ്പെട്ട സാഹചര്യത്തിൽ, ഇതിന് നേതൃത്വം നൽകിയ ഉദ്യോഗസ്ഥരുടെയും ഭരണസമിതി അംഗങ്ങളുടെയും പങ്ക് പരിശോധിക്കുന്നതിനായി അന്വേഷണം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ കണ്ടെത്തലുകൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ;

(ഇ) സംസ്ഥാനത്തിന് കോടിക്കണക്കിന് രൂപയുടെ സാമ്പത്തിക ബാധ്യതയും ദീർഘകാല നഷ്ടവും വരുത്തിവെച്ച ഉദ്യോഗസ്ഥർക്കെതിരെ അന്വേഷണം നടത്തി, വകുപ്പുതല നടപടികൾ സ്വീകരിക്കുന്നതിനും നഷ്ടപരിഹാരം ഈടാക്കുന്നതിനും നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വിശദമാക്കാമോ?

**<u>മഞ്ചേരി മണ്ഡലത്തിൽ വൈദ്യുതി വകുപ്പ് നടപ്പാക്കുന്ന വിവിധ പദ്ധതികൾ</u>**

493 **ശ്രീ. എം. റഹ്മത്തുള്ള** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി മണ്ഡലത്തിൽ വൈദ്യുതി വകുപ്പ് മുഖേന നടപ്പാക്കി വരുന്ന വിവിധ പദ്ധതികളും അനുവദിച്ച തുകയും വ്യക്തമാക്കാമോ;

(ബി) വോൾട്ടേജ് ഇംപ്രൂവ്മെന്റ് പദ്ധതികൾ ഓരോന്നും ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നറിയിക്കാമോ;

(സി) ഓരോ പദ്ധതിയും സമയബന്ധിതമായി പൂർത്തീകരിക്കുവാൻ സത്വര നടപടി സ്വീകരിക്കുമോ?

**<u>നേമം നിയോജക മണ്ഡലത്തിൽ വൈദ്യുതി വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന പദ്ധതികൾ</u>**

494 **ശ്രീ. രാജീവ് ചന്ദ്രശേഖർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നേമം നിയോജക മണ്ഡലത്തിൽ വൈദ്യുതി വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന പദ്ധതികളുടെ പേര്, ആയതിനായി അനുവദിച്ച തുക, പദ്ധതികളുടെ നിലവിലെ പ്രവർത്തന പുരോഗതി എന്നിവ വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾ എപ്പോൾ പൂർത്തിയാകും എന്നത് സംബന്ധിച്ച വിവരം വ്യക്തമാക്കാമോ?

## <u>കൊണ്ടോട്ടിയിൽ 33 കെ. വി. സബ്സ്റ്റേഷൻ</u>

495 **ശ്രീ. ടി. പി. അഷ്റഫ് അലി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊണ്ടോട്ടിയിൽ 33 കെ.വി. സബ്സ്റ്റേഷൻ സ്ഥാപിക്കുന്ന വിഷയത്തിൽ ഇതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) അവിടെ പ്രസ്തുത സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

## <u>എടയൂർ 110 കെ.വി. സബ്സ്റ്റേഷൻ നിർമ്മാണം</u>

496 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ മണ്ഡലത്തിൽ പുതിയതായി വിഭാവനം ചെയ്യാൻ ഉദ്ദേശിക്കുന്ന എടയൂർ 110 കെ.വി. സബ്സ്റ്റേഷന്റെ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ;

(ബി) പ്രസ്തുത സബ്സ്റ്റേഷന്റെ നിർമ്മാണത്തിന് ആവശ്യമായ സ്ഥലം ലഭ്യമാകുന്നതിന് വകുപ്പ് തലത്തിൽ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ; പദ്ധതിയുമായി ബന്ധപ്പെട്ട് ഇതുവരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ?

**മാർമല ജലവൈദ്യുത പദ്ധതി**

497 **ശ്രീ. മാണി. സി. കാപ്പൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാർമല ജലവൈദ്യുത പദ്ധതിക്ക് നെഗോഷ്യേറ്റഡ് പർച്ചേസ് പ്രകാരം സ്ഥലം ഏറ്റെടുക്കുന്നതിനായി സ്വീകരിച്ച നടപടികളും പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥയും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിക്ക് നിലവിൽ തടസ്സങ്ങൾ എന്തെങ്കിലും ഉണ്ടെങ്കിൽ ആയത് സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ; തടസ്സങ്ങൾ ഇല്ലെങ്കിൽ പ്രസ്തുത പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുവാൻ സർക്കാർ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

**റാന്നി മണിയാർ ജലവൈദ്യുത പദ്ധതി - കരാർ കാലാവധി**

498 **ശ്രീ. പഴകുളം മധു** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നി മണിയാർ ജലവൈദ്യുത പദ്ധതിയുടെ 30 വർഷത്തെ കരാർ കാലാവധി എന്നാണ് അവസാനിച്ചതെന്ന് വ്യക്തമാക്കാമോ;

(ബി) കാലാവധി കഴിഞ്ഞിട്ടും സ്വകാര്യ കമ്പനിയിൽ നിന്നും പ്രസ്തുത വൈദ്യുത നിലയം തിരിച്ചെടുക്കാൻ വൈകുന്നത് എന്തുകൊണ്ടാണെന്നും വൈദ്യുത നിലയം ഏറ്റെടുക്കുന്നതിന് നിലവിൽ എന്ത് തടസ്സമാണുള്ളത് എന്നും വിശദമാക്കാമോ;

(സി) കരാർ കാലാവധി കഴിഞ്ഞ ശേഷം ഉൽപാദിപ്പിച്ച വൈദ്യുതിയുടെ മാർക്കറ്റ് വില കമ്പനിയിൽ നിന്നും ഈടാക്കാൻ നടപടി സ്വീകരിക്കുമോ എന്ന് വിശദമാക്കാമോ;

(ഡി) പ്രസ്തുത കാലയളവിൽ നടന്ന ഇടപാടുകൾ എന്തൊക്കെയാണെന്ന് അന്വേഷിക്കുമോ എന്ന് വ്യക്തമാക്കാമോ?

**ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിൽ വൈദ്യുതി വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികൾ**

499 **ശ്രീ. വിനു ജോബ് കുഴിമണ്ണിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലയളവിൽ വൈദ്യുതി വകുപ്പ് മുഖേന ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയ വിവിധ പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കാമോ;

(ബി) ഓരോ പദ്ധതിയുടെയും നിലവിലെ സ്ഥിതിയെന്തെന്നും അവയ്ക്ക് അനുവദിച്ച തുക എത്രയെന്നും വ്യക്തമാക്കാമോ; ഉത്തരവുകളുടെ പകർപ്പ് കൂടി ലഭ്യമാക്കാമോ;

(സി) ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പിലാക്കുന്നതിനായി കെ.എസ്.ഇ.ബി. ചെലവഴിച്ച തുക എത്രയെന്നും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ചെലവഴിച്ച തുക എത്രയെന്നുമുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## കണ്ണൂർ ജില്ലയിലെ പഴശ്ശി സാഗർ ജലവൈദ്യുത പദ്ധതി

500 **ശ്രീ. വി. കെ. സനോജ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ പഴശ്ശി സാഗർ ജലവൈദ്യുത പദ്ധതിക്ക് നാളിതുവരെ എത്ര തുകയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ടെന്നും പദ്ധതി പൂർത്തിയാക്കുന്നതിന് ഇനി എത്ര തുക ആവശ്യമായിവരുമെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ നിർമ്മാണ പുരോഗതി വിശദമാക്കാമോ?

## മലപ്പുറം പാക്കേജ്

501 **ശ്രീ. ടി. വി. ഇബ്രാഹിം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ വൈദ്യുതി രംഗത്തുള്ള വിവിധ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിന് വേണ്ടി മലപ്പുറം പാക്കേജ് എന്ന പേരിൽ

വൈദ്യുതി ബോർഡ് പദ്ധതിക്ക് രൂപം നല്കിയിരുന്നോയെന്ന് വ്യക്തമാക്കുമോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയിൽ ഓരോ വർഷവും നടപ്പിലാക്കാൻ ഉദ്ദേശിച്ചിരുന്ന പ്രവർത്തികൾ, തുക, അതിന്റെ ടെണ്ടർ നടപടികൾ, പ്രവർത്തിയുടെ പുരോഗതി എന്നിവയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയിൽ വള്ളിക്കുന്ന് നിയോജക മണ്ഡലത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

## മാർമല അരുവി വൈദ്യുത പദ്ധതി

502 **ശ്രീ. സെബാസ്റ്റ്യൻ. എം. ജെ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാർമല അരുവി വൈദ്യുത പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) പദ്ധതി പുനർജീവിപ്പിച്ച് പ്രാവർത്തികമാക്കുന്നതിനുള്ള പ്രധാന തടസ്സങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

## സംസ്ഥാനത്ത് നടപ്പിലാക്കിയ ഊർജ്ജ കാര്യക്ഷമത പ്രവർത്തനങ്ങൾ

503 **ശ്രീ. സജി ചെറിയാൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അങ്കണവാടികൾക്കായി ഇ.എം.സി. (എനർജി മാനേജ്മെന്റ് സെന്റർ) മുഖേന മുൻ സർക്കാർ നടപ്പിലാക്കിയ "അംഗൻ ജ്യോതി" പദ്ധതിയുടെയും അനർട്ട് മുഖേനയുള്ള സൗരോജ്ജവൽക്കരണത്തിന്റെയും വിശദാംശം നൽകാമോ;

(ബി) സംസ്ഥാനത്ത് "ഹൈഡ്രജൻവാലി പദ്ധതി" നടപ്പാക്കുന്നതിനായി മുൻ സർക്കാരിന്റെ കാലത്ത് രൂപീകരിച്ച പ്രത്യേക കമ്പനിയുടെ പ്രവർത്തന പുരോഗതി അറിയിക്കാമോ;

(സി) ഊർജ്ജ കാര്യക്ഷമതാ പ്രവർത്തനങ്ങളുടെ മികവിൽ ബ്യൂറോ ഓഫ് എനർജി എഫിഷ്യൻസി (ബി.ഇ.ഇ.) പ്രസിദ്ധീകരിച്ച 2025-ലെ

സൂചികയിൽ സംസ്ഥാനത്തിന് ലഭിച്ച റാങ്ക് എത്ര; വിശദാംശം നൽകാമോ?

**കല്ലിക്കണ്ടി 110 കെ.വി സബ്സ്റ്റേഷൻ**

504 **ശ്രീ. പി. കെ. പ്രവീൺ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂത്തുപറമ്പ് നിയോജക മണ്ഡലത്തിലെ പാനൂരിന്റെ കിഴക്കൻ മേഖലയിലെ വൈദ്യുതി ക്ഷാമം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;വിശദമാക്കുമോ;

(ബി) പൊയിലൂർ, പാറക്കടവ് മേഖലയിലെ വ്യാവസായിക മുന്നേറ്റത്തിന് വഴിയൊരുക്കാൻ സഹായകമാവുന്ന കല്ലിക്കണ്ടി 110 കെ.വി സബ്സ്റ്റേഷൻ നിർമ്മാണവുമായി ബന്ധപ്പെട്ട നിലവിലുള്ള പുരോഗതി വിശദമാക്കുമോ;

(സി) കല്ലിക്കണ്ടി 110 കെ.വി സബ്സ്റ്റേഷൻ വേഗത്തിൽ യാഥാർത്ഥ്യമാക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

**വർക്കല മണ്ഡലത്തിൽ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് നടപടി**

505 **ശ്രീ. വി. ജോയി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല മണ്ഡലത്തിൽ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി കഴിഞ്ഞ രണ്ട് സർക്കാരുകളുടെ കാലയളവിൽ എത്ര ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചിട്ടുണ്ടെന്നും ആയവ എവിടെയെല്ലാമാണ് സ്ഥാപിച്ചിട്ടുള്ളതെന്നും വിശദമാക്കാമോ;

(ബി) മണ്ഡലത്തിൽ ഏതെങ്കിലും പ്രദേശത്ത് വോട്ടേജ് ക്ഷാമം അനുഭവപ്പെടുന്നത് സംബന്ധിച്ച് ഉപഭോക്താകളിൽ നിന്നും പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ അവ പരിഹരിക്കുമോയെന്ന് വ്യക്തമാക്കാമോ?

**ആലത്തൂർ മണ്ഡലത്തിലെ കാർഷിക മേഖലയുടെ വികസനത്തിനായി KSEB സ്വീകരിച്ച നടപടികൾ**

506 **ശ്രീ. ടി. എം. ശശി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിൽ കാർഷിക മേഖലയുടെ വികസനത്തിനായി കർഷകർക്ക് പമ്പ് സെറ്റുകളും മറ്റും പ്രവർത്തിപ്പിക്കുന്നതിനായി കെ.എസ്.ഇ.ബി. മുഖേന പ്രത്യേക ലൈനുകളോ ഫീഡറുകളോ സ്ഥാപിക്കുമോയെന്ന് അറിയിക്കാമോ;

(ബി) മണ്ഡലത്തിൽ കാർഷിക കണക്ഷനുകൾക്കായി കഴിഞ്ഞ അഞ്ച് വർഷം അപേക്ഷ നൽകിയിട്ടുള്ളവരുടെ എണ്ണം എത്രയാണെന്നും ഇതിൽ എത്ര പേർക്ക് കണക്ഷൻ നൽകിയെന്നും ശേഷിക്കുന്നവർക്ക് അടിയന്തരമായി കണക്ഷൻ നൽകുന്നതിന് നടപടി സ്വീകരിക്കുമോയെന്നും വ്യക്തമാക്കാമോ;

(സി) മണ്ഡലത്തിൽ വൈദ്യുതി വിതരണം കൂടുതൽ സുഗമവും കാര്യക്ഷമവുമാക്കുന്നതിനായി പുതിയ സബ്സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനോ നിലവിലുള്ളവയുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനോ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

(ഡി) മഴക്കാല പൂർവ്വ മുന്നൊരുക്കങ്ങളുടെ ഭാഗമായി മണ്ഡലത്തിലെ ട്രാൻസ്ഫോർമറുകൾക്ക് സമീപത്തുള്ള മരച്ചില്ലകൾക്കിടയിലുമുള്ള വൈദ്യുതി ലൈനുകളുടെ സുരക്ഷ ഉറപ്പാക്കുന്നതിന് ഓരോ കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസുകളും സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

## വൈദ്യുതി ക്ഷാമം

507 **ശ്രീ. കെ. വി. സുമേഷ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ വൈദ്യുതി ക്ഷാമം നേരിടുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) സംസ്ഥാനത്ത് പവർ കട്ട് നടപ്പിലാക്കാനും വൈദ്യുതി ചാർജ് വർദ്ധിപ്പിക്കുന്നതിനും ആലോചിക്കുന്നുണ്ടോ; വിശദമാക്കാമോ;

## വൈദ്യുതോൽപാദന പദ്ധതികൾ

508 **ശ്രീമതി കെ. കെ. രമ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ രണ്ട് സർക്കാരുകൾ അധികാരമേറ്റതു മുതൽ നാളിതുവരെ സംസ്ഥാനത്ത് ആരംഭിച്ചിട്ടുള്ള വൈദ്യുതോൽപാദന പദ്ധതികൾ ഏതൊക്കെയാണ്; പ്രസ്തുത പദ്ധതികൾ ആരംഭിച്ച വർഷവും ഉൽപാദക ശേഷിയും എത്രയാണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത കാലയളവിൽ സംസ്ഥാനത്ത് വൈദ്യുതോൽപാദനത്തിൽ ഉണ്ടായിട്ടുള്ള വർദ്ധനവ് എത്രയാണെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത കാലയളവിൽ സർക്കാർ എത്ര തവണ വൈദ്യുതി നിരക്കിൽ വർദ്ധനവ് വരുത്തിയിട്ടുണ്ടെന്നും ഓരോ തവണയും വരുത്തിയ വർദ്ധനവ് എത്ര രൂപയാണെന്നും അറിയിക്കാമോ?

## സോളാർ പദ്ധതി

509 **ശ്രീ. മാണി. സി. കാപ്പൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഗാർഹിക ഉപഭോക്താക്കൾക്കും മറ്റും സോളാർ പദ്ധതി പ്രകാരം സമയബന്ധിതമായി സോളാർ കണക്ഷൻ ലഭിക്കുന്നില്ല എന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ സോളാർ മീറ്റർ ഉൾപ്പെടെയുള്ളവ സമയബന്ധിതമായി ലഭ്യമാക്കി സോളാർ കണക്ഷൻ നൽകുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിപ്രകാരം അധികമുള്ള വൈദ്യുതി ഗ്രിഡിലേക്ക് നൽകുമ്പോൾ എത്ര രൂപയാണ് സംസ്ഥാനത്തെ ഗാർഹിക ഉപഭോക്താക്കൾക്കും മറ്റും നൽകിവരുന്നത്; ആയത് ഉപഭോക്താക്കൾക്ക് എത്ര ഇടവേളകൾ കൂടുമ്പോഴാണ് നൽകുന്നത്; വിശദമാക്കാമോ?

## സോളാർ പാനൽ സ്ഥാപിച്ചിട്ടുള്ള കെട്ടിടങ്ങൾ

510 **ശ്രീ. വി. ജോയി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ എത്ര കെട്ടിടങ്ങളിൽ സോളാർ പാനൽ സ്ഥാപിച്ചിട്ടുണ്ടെന്നും അവയിൽ സർക്കാർ കെട്ടിടങ്ങൾ എത്രയെന്നും വ്യക്തമാക്കാമോ;

(ബി) സർക്കാർ കെട്ടിടങ്ങളിൽ സോളാർ പാനൽ സ്ഥാപിച്ചതിനെ തുടർന്ന് എത്ര രൂപയുടെ സാമ്പത്തിക നേട്ടം ഉണ്ടായിട്ടുണ്ടെന്ന് അറിയിക്കാമോ?

**<u>സൗരോർജ്ജ നിലയങ്ങളിലെ വൈദ്യുതി ഉല്പാദനം</u>**

511 **ശ്രീ. മഞ്ഞളാംകുഴി അലി**

**പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ**

**ശ്രീ. സി. കെ. കാസിം**

**ശ്രീ. എ. കെ. എം. അഷ്റഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉപഭോക്താക്കൾക്ക് കുറഞ്ഞ നിരക്കിൽ വൈദ്യുതി വിതരണം ചെയ്യുന്നതിനും വൈദ്യുതി ക്ഷാമം പരിഹരിക്കുന്നതിനും കൂടുതൽ സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്നതിലൂടെ കഴിയുമെന്ന് കരുതുന്നുണ്ടോ; വിശദമാക്കാമോ;

(ബി) കെ.എസ്.ഇ.ബി. സൗരോർജ്ജ നിലയങ്ങളിലൂടെ എത്ര മെഗാവാട്ട് വൈദ്യുതിയാണ് ഉല്പാദിപ്പിക്കുന്നതെന്ന് അറിയിക്കാമോ;

(സി) ആയത് വർദ്ധിപ്പിക്കുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ?

**<u>സോളാർ പദ്ധതി</u>**

512 **ശ്രീ. എൻ. ശക്തൻ**

**ശ്രീ. ഐ. സി. ബാലകൃഷ്ണൻ**

**ശ്രീ. ജ്യോതികുമാർ ചാമക്കാല** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രിഡുമായി ബന്ധിപ്പിക്കുന്ന എല്ലാ സോളാർ പദ്ധതികൾക്കും തദ്ദേശീയമായി നിർമ്മിച്ച പാനൽ കേന്ദ്രസർക്കാർ നിർബന്ധമാക്കിയോ എന്ന് വ്യക്തമാക്കാമോ; ഇതോടെ സോളാർ പദ്ധതികൾക്കായുള്ള ചെലവ് വൻതോതിൽ വർദ്ധിക്കുമെന്ന ആശങ്ക ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത വർദ്ധനവ് പുരപ്പുറ സൗരോർജ്ജ പ്ലാന്റുകളെയും ബാധിക്കുമോയെന്ന് വ്യക്തമാക്കാമോ?

**<u>സോളാർ വൈദ്യുതി</u>**

513 **ശ്രീ. കെ. പ്രവീൺ കുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വീടുകളിലും സ്ഥാപനങ്ങളിലും സോളാർ വൈദ്യുതി സംവിധാനം സ്ഥാപിക്കുന്നതിന് നിലവിൽ സബ്സിഡി അനുവദിക്കുന്നുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സബ്സിഡിയെ സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ;

(സി) സോളാർ വൈദ്യുതി ഉല്പാദകർക്ക് അനെർട്ട് നൽകുന്ന സഹായങ്ങൾ എന്തെല്ലാമാണ്; വിശദമാക്കാമോ?

**<u>പുരപ്പുറ സൗരോർജ്ജ പദ്ധതി</u>**

514 **ശ്രീ. പാറക്കൽ അബ്ദുല്ല** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുരപ്പുറ സൗരോർജ്ജ വൈദ്യുതി ഉൽപാദനം പ്രോത്സാഹിപ്പിക്കുന്നതിനായി വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) പാരമ്പര്യേതര ഊർജ്ജ ഉറവിടങ്ങൾ ഉപയോഗപ്പെടുത്തുന്നതിന് എന്തെല്ലാം പദ്ധതികളാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

**<u>കാഞ്ഞങ്ങാട് മണ്ഡലത്തിൽ പുതിയ വൈദ്യുതി സബ് സ്റ്റേഷൻ</u>**

515 **ശ്രീ. ഗോവിന്ദൻ പള്ളിക്കാപ്പിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് മണ്ഡലത്തിൽ പുതിയ സബ്സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അത് എവിടെയാണെന്നും അതിന്റെ പ്രവൃത്തി ഏതു ഘട്ടത്തിൽ ആണെന്നും വിശദമാക്കാമോ?

## പിണ്ണാക്കനാട് 33 കെ.വി. സബ്സ്റ്റേഷൻ

516 **ശ്രീ. സെബാസ്റ്റ്യൻ. എം. ജെ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ മണ്ഡലത്തിലെ പിണ്ണാക്കനാട് 33 കെ.വി.സബ്സ്റ്റേഷന്റെ നിർമ്മാണ പുരോഗതി വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിക്കായി ഡി.പി.ആർ തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

## വൈദ്യുതി സബ് സ്റ്റേഷനുകളുടെ കുറവ്

517 **ശ്രീ. കല്ലട മാഹിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ വൈദ്യുതി സബ് സ്റ്റേഷനുകളുടെ ഗണ്യമായ കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത വിഷയം സംബന്ധിച്ച് വകുപ്പിലേക്ക് പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോയെന്ന വിവരം അറിയിക്കാമോ;

(സി) സബ് സ്റ്റേഷനുകൾ യാഥാർത്ഥ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ?

## കെ.എസ്.ഇ.ബി.എൽ. കൈവരിച്ച പ്രവർത്തന ലാഭം

518 **ശ്രീ. സജി ചെറിയാൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22, 2023-24, 2024-25 എന്നീ സാമ്പത്തിക വർഷങ്ങളിൽ കെ.എസ്.ഇ.ബി.എൽ. കൈവരിച്ച പ്രവർത്തന ലാഭം എത്ര കോടി രൂപയാണെന്ന് വർഷം തിരിച്ച് വ്യക്തമാക്കാമോ;

(ബി) കേരള ഹൈഡൽ ടൂറിസം സെന്റർ ബാധ്യതകൾ തീർത്ത് പ്രതിവർഷം എത്ര കോടി രൂപയുടെ വരുമാനത്തിലേക്ക് ഉയർന്നുവെന്ന്

വ്യക്തമാക്കാമോ?

**<u>വൈദ്യുതി മേഖലയിൽ കേന്ദ്രസർക്കാർ നിർദ്ദേശിച്ച പരിഷ്കരണ നടപടികൾ</u>**

519 **ശ്രീ. വി. മുരളീധരൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രാവിഷ്കൃത പദ്ധതിയായ റിവാർഡ്സ് ഡിസ്ട്രിബ്യൂഷൻ സെക്ടർ സ്കീം (ആർ. ഡി. എസ്. എസ്.) കെ.എസ്. ഇ. ബി. നടപ്പിലാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പദ്ധതി നടത്തിപ്പിന്റെ പുരോഗതി വ്യക്തമാക്കാമോ;

(ബി) വർഷംതോറും നഷ്ടത്തിൽ പ്രവർത്തിക്കുന്ന കെ. എസ്. ഇ. ബി. യെ ലാഭകരമാക്കുന്നതിന് കേന്ദ്രസർക്കാർ വിഭാവനം ചെയ്ത ടോട്ടക്സ് (Totex) പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(സി) അഡ്വാൻസ്ഡ് മീറ്ററിംഗ് ഇൻഫ്രാസ്ട്രക്ച്ചർ (എ. എം. ഐ.) നടപ്പിലാക്കുന്നതിന് വേണ്ട കമ്മ്യൂണിക്കേഷൻ ശൃംഖലയും കമ്പ്യൂട്ടർ ഡാറ്റാ സെന്ററും പ്രവർത്തനക്ഷമമാക്കിയിട്ടുണ്ടോ; അഡ്വാൻസ്ഡ് മീറ്ററിംഗ് ഇൻഫ്രാസ്ട്രക്ച്ചർ ഇല്ലാതെ സ്മാർട്ട് മീറ്റർ സ്ഥാപിച്ചാലുള്ള പ്രശ്നങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കാമോ?

**<u>ഉടുപ്പി -കരിന്തളം 400 കെ വി ലൈനും സബ് സ്റ്റേഷൻ നിർമ്മാണവും</u>**

520 **ശ്രീ. ഗോവിന്ദൻ പള്ളിക്കാപ്പിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉടുപ്പി -കരിന്തളം 400 കെ. വി. ലൈനും സബ്സ്റ്റേഷനും സ്ഥാപിക്കുന്നതിനുമുള്ള നടപടികളും ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതിക്ക് ആകെ ചെലവായ തുക എത്രയാണെന്ന് ഇനം തിരിച്ച് വിശദമാക്കാമോ?

**<u>വൈദ്യുതി ട്രാൻസ്മിഷൻ മേഖലയ്ക്കായി പ്രത്യേകം സർക്കിൾ ഓഫീസ്</u>**

521 **ശ്രീ. കല്ലട മാഹിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി

നൽകുമോ:

(എ) കാസർകോട് ജില്ലയിൽ വൈദ്യുതി ട്രാൻസ്മിഷൻ മേഖലയ്ക്കായി പ്രത്യേകം സർക്കിൾ ഓഫീസില്ലാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രത്യേകം ട്രാൻസ്മിഷൻ സർക്കിൾ രൂപീകരിക്കുവാൻ നടപടി സ്വീകരിക്കുമോ?

**കേരളത്തിന്റെ ഊർജ്ജ മേഖലയുടെ വികസനം**

522 **ശ്രീ. കെ. പ്രേംകുമാർ**

**ശ്രീ. കെ. യു. ജനീഷ് കുമാർ**

**ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി**

**ശ്രീ. ടി. എം. ശശി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കഴിഞ്ഞ പത്ത് വർഷകാലം കേരളത്തിന്റെ ഊർജ്ജ മേഖലയുടെ വികസനത്തിനായി കെ.എസ്.ഇ.ബി.എൽ, എനർജി മാനേജ്മെന്റ് സെൽ, അനർട്ട്, ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് എന്നിവ വിവിധ പദ്ധതികൾക്കായി എത്ര രൂപ വിനിയോഗിച്ചിട്ടുണ്ട്; പദ്ധതി തിരിച്ച് തുകയുടെ വിശദാംശം നൽകാമോ;

(ബി) പ്രസ്തുത കാലയളവിൽ പുതിയതായി എത്ര സർവ്വീസ് കണക്ഷനുകൾ നൽകിയിട്ടുണ്ട്; വ്യക്തമാക്കാമോ;

(സി) ഇക്കാലയളവിൽ ഡിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോമറുകൾ സ്ഥാപിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ?

**അനെർട്ടിലെ കൺസൾട്ടൻസി നിയമനങ്ങൾ**

523 **ശ്രീ. എം. വിൻസെന്റ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് അനെർട്ടിൽ വിവിധ പദ്ധതികൾക്കായി നിയമിച്ച വിവിധ കൺസൾട്ടൻസി സ്ഥാപനങ്ങൾ, ഏജൻസികൾ, വ്യക്തികൾ എന്നിവരുടെ വിവരവും അവർക്ക് നൽകിയ തുകയുടെയും പദ്ധതിയുടെയും വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) മേൽ കൺസൾട്ടൻസി നിയമനങ്ങൾക്ക് സർക്കാർ അനുമതി വാങ്ങണം എന്ന് അനെർട്ട് എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനിച്ചിരുന്നോ; എങ്കിൽ സർക്കാർ അനുമതി ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) ഏണസ്റ്റ് ആൻഡ് യംഗ് എന്ന ഏജൻസിയ്ക്ക് മുൻ സർക്കാരിന്റെ കാലത്ത് അനെർട്ട് എത്ര തുകയുടെ വർക്ക് ഓർഡറുകളാണ് നൽകിയത്; ഈ ഏജൻസിയ്ക്ക് ഇതുവരെ എത്ര രൂപയാണ് അനുവദിച്ചത്; ഇതുമായി ബന്ധപ്പെട്ട ടെണ്ടർ ഫയലുകൾ കൈകാര്യം ചെയ്ത എല്ലാ ഉദ്യോഗസ്ഥരുടെയും തസ്തിക, പേരു വിവരം, ടെണ്ടർ ഫയലിന്റെ പകർപ്പ് എന്നിവ ലഭ്യമാക്കാമോ;

(ഡി) അനെർട്ട് ക്ഷണിച്ച ടെണ്ടർ പ്രകാരം വർക്ക് ഓർഡർ നൽകിയ പ്രൊഫഷണൽ സർവീസ് കൺസൾട്ടൻസി മുഖേന അനെർട്ട് മറ്റേതെങ്കിലും സ്ഥാപനത്തിൽ ജീവനക്കാരെ നിയമിക്കുന്നതിനുള്ള കരാറിൽ ഏർപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് സംബന്ധിച്ച വിശദാംശങ്ങൾ, അവർക്ക് നിശ്ചയിച്ച പ്രതിഫലം, ഫയലിന്റെ പകർപ്പ് എന്നിവ ലഭ്യമാക്കാമോ?

## ആലപ്പുഴ കാപ്പിത്തോടിൻെറ ശുദ്ധീകരണം

524 **ശ്രീ. ജി. സുധാകരൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ചുങ്കം തോട്ടിൽ നിന്നാരംഭിച്ച് പുന്നപ്ര വടക്ക്, തെക്ക്, അമ്പലപ്പുഴ വടക്ക്, തെക്ക്, പഞ്ചായത്തുകളിലൂടെ കിഴക്ക് പൂക്കൈതയാറിൽ പതിക്കുന്ന കാപ്പിത്തോടിൻെറ ശുദ്ധീകരണത്തിനായി സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ;

(ബി) നിലവിൽ പരിസ്ഥിതിയ്ക്ക് ദോഷം വരുത്തുന്ന കാപ്പിത്തോടിൻെറ അവസ്ഥ പരിഹരിച്ച് പരിസ്ഥിതി സൗഹാർദ്ദമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## കോഴിക്കോട് നഗര ഹരിതവൽക്കരണം

525 **ശ്രീ. ഫൈസൽ ബാബു** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നഗരത്തിലെ കനോലി കനാൽ ഉൾപ്പെടെയുള്ള ജലാശയങ്ങളുടെ സംരക്ഷണത്തിനായി നടപ്പിലാക്കുന്ന പദ്ധതികളുടെ നിലവിലെ അവസ്ഥ വിശദമാക്കാമോ;

(ബി) നഗര ഹരിതവൽക്കരണ പദ്ധതിയുടെ ഭാഗമായി കോഴിക്കോട് സൗത്ത് നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) തീരദേശ പരിസ്ഥിതി സംരക്ഷണവുമായി ബന്ധപ്പെട്ട് കോഴിക്കോട് നഗരത്തിൽ നടപ്പിലാക്കുന്ന പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ?

**<u>പരിസ്ഥിതി സംരക്ഷണത്തിനും സുസ്ഥിരവികസനത്തിനുമുള്ള നടപടികൾ</u>**

526 **ശ്രീ. എം. വിൻസെന്റ്**
**ശ്രീമതി കെ. കെ. രമ**
**ശ്രീ. വി. ടി. സൂരജ്**
**ശ്രീമതി വിദ്യാ ബാലകൃഷ്ണൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലാവസ്ഥാ വ്യതിയാനം വലിയ ഭീഷണിയായിക്കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ പരിസ്ഥിതി സംരക്ഷണത്തിനായി എന്തെങ്കിലും കർമ്മപദ്ധതികൾ ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന വ്യക്തമാക്കാമോ;

(ബി) പരിസ്ഥിതിസംരക്ഷണ പ്രവർത്തനങ്ങൾക്ക് പ്രത്യേകം ബജറ്റ് വിഹിതം ലഭ്യമാക്കുമോ ;

(സി) അടിസ്ഥാന സൗകര്യവികസനവും ഗതാഗതവികസനവും പരിസ്ഥിതിസൗഹാർദമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കാമോ;

(ഡി) യുവ തലമുറക്ക് പരിസ്ഥിതിസംരക്ഷണത്തിന്റെ പ്രാധാന്യം ബോധ്യപ്പെടുത്താൻ പാഠ്യപദ്ധതിയിൽ പരിസ്ഥിതിസംരക്ഷണ പാഠങ്ങൾ ഉൾപ്പെടുത്തുമോ; അതിനു വേണ്ടി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

**<u>പെരിയാർ നദിയുടെ സംരക്ഷണം</u>**

527 **ശ്രീ. ഷിബു തെക്കുംപുറം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം നിയോജകമണ്ഡലത്തിൽ കൂടി കടന്നുപോകുന്ന പെരിയാർ നദിയുടെയും നദീതീരത്തിന്റെയും സംരക്ഷണത്തിനായി മണ്ഡലത്തിൽ എന്തെങ്കിലും പദ്ധതികൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ;

(ബി) പെരിയാർ നദിയുടെ സംരക്ഷണത്തിനും നദീതീരത്തെ കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനുമായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

## <u>വികസന പദ്ധതികളിലെ പാരിസ്ഥിതിക ഉത്തരവാദിത്തം</u>

528 **ശ്രീ. ഷിബു തെക്കുംപുറം**
**ശ്രീ. തോമസ് ഉണ്ണിയാടൻ**
**ശ്രീ. വർഗ്ഗീസ് മാമ്മൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാരിസ്ഥിതിക സമ്പത്ത് കൊണ്ട് ലോക ഭൂപടത്തിൽ സ്ഥാനം പിടിച്ച കേരളത്തിൽ വികസന പ്രവർത്തനങ്ങളും പരിസ്ഥിതി സംരക്ഷണവും പരസ്പര പൂരകങ്ങളാണെന്ന സന്ദേശം ജനങ്ങളിലേക്കെത്തിക്കാനുള്ള പദ്ധതികൾ പരിസ്ഥിതി വകുപ്പ് വിഭാവനം ചെയ്യുന്നുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കാമോ;

(ബി) കാലാവസ്ഥ വ്യതിയാനത്തിന്റെ ഫലമായുണ്ടാകുന്ന വെള്ളപ്പൊക്കം, തീരശോഷണം, മണ്ണിടിച്ചിൽ, പാരിസ്ഥിതിക അപചയം എന്നിവ നേരിടുന്നതിന് വേണ്ടി പരിഗണിക്കുന്ന ഹ്രസ്വ-ദീർഘകാല പദ്ധതികൾ എന്തെല്ലാമെന്ന് അറിയിക്കാമോ;

(സി) സാമ്പത്തിക വളർച്ച ലക്ഷ്യമിട്ടുള്ള വികസന പ്രവർത്തനങ്ങളിൽ പാരിസ്ഥിതിക ഉത്തരവാദിത്വത്തോടെയുള്ള ജല സംരക്ഷണം, നദീസംരക്ഷണം, മാലിന്യ സംസ്കരണം, കാലാവസ്ഥാ പ്രതിരോധം എന്നിവയ്ക്ക് ഊന്നൽ നൽകാൻ ശ്രമങ്ങളുണ്ടാകുമോ; വ്യക്തമാക്കാമോ;

(ഡി) വിദ്യാലയങ്ങളിലെയും ഉന്നത വിദ്യാഭ്യാസ രംഗത്തെയും പാഠ്യ പദ്ധതിയിൽ പരിസ്ഥിതിക്കും സുസ്ഥിര വികസന ലക്ഷ്യങ്ങൾക്കും

കൂടുതൽ പ്രാമുഖ്യം നൽകുന്നതിന് വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് പദ്ധതി ആവിഷ്കരിക്കുമോ;

(ഇ) സംസ്ഥാനം നേരിടുന്ന ഗുരുതരമായ പാരിസ്ഥിതിക വെല്ലുവിളികളെ നേരിടുന്നതിനായുള്ള പാരിസ്ഥിതിക ആസൂത്രണത്തിലും ദുരന്ത പ്രതിരോധ മാർഗ്ഗങ്ങളിലും സാമൂഹ്യപങ്കാളിത്തം ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം പ്രവർത്തനങ്ങൾ സ്വീകരിക്കുമെന്ന് അറിയിക്കാമോ?

**<u>കോസ്റ്റൽ റഗുലേഷൻ സോണിൽ കൂടുതൽ ഇളവുകൾ ലഭിക്കുന്നതിനുള്ള നടപടി</u>**

529 **ശ്രീ. എ. കെ. എം. അഷ്റഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം നിയോജക മണ്ഡലത്തിലെ കുമ്പള, മംഗൽപാടി, മഞ്ചേശ്വരം എന്നീ തീരദേശ ഗ്രാമപഞ്ചായത്തുകളെ കോസ്റ്റൽ റഗുലേഷൻ സോണിൽ (സി. ആർ. ഇസഡ്) കൂടുതൽ ഇളവുകൾ ലഭിക്കുന്ന വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

**<u>ചേർപ്പ് എക്സൈസ് റേഞ്ച് ഓഫീസ് നിർമ്മാണം</u>**

530 **ശ്രീമതി ഗീതാ ഗോപി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലയളവിൽ ചേർപ്പ് എക്സൈസ് റേഞ്ച് ഓഫീസിന് കെട്ടിടം നിർമ്മാണം പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) കെട്ടിട നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കുമോ; നിർമ്മാണം പൂർത്തീകരിച്ച് ഓഫീസിന്റെ പ്രവർത്തനം എപ്പോൾ ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ;

(സി) കെട്ടിട നിർമ്മാണത്തിനായി നാളിതുവരെ എത്ര തുക ചെലവഴിച്ചു എന്ന് വ്യക്തമാക്കുമോ; കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

**<u>ലഹരി വിരുദ്ധ ബോധവൽക്കരണം</u>**

531 **ശ്രീ. വിഷ്ണു മോഹൻ**

**ശ്രീ. ഉല്ലാസ് കോവൂർ**

**ശ്രീ. വി. കുഞ്ഞികൃഷ്ണൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിന്നും ലഹരി മാഫിയയെ തുടച്ച നീക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ;

(ബി) യുവജനങ്ങൾക്കിടയിൽ ലഹരിവിരുദ്ധ ബോധവൽക്കരണം നടത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുകയെന്ന് വ്യക്തമാക്കാമോ;

(സി) ലഹരിവേട്ടക്കായി സ്പെഷ്യൽ ടാസ്ക് ഫോഴ്സ് സ്ക്വാഡുകൾ നിലവിലുണ്ടോ; എങ്കിൽ ഇവയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## <u>കോഴിക്കോട് - ലഹരി നിർമാർജ്ജന പദ്ധതികൾ</u>

532 **ശ്രീ. ഫൈസൽ ബാബു** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നഗരത്തിൽ ലഹരി വിരുദ്ധ ബോധവൽക്കരണ പരിപാടികളുടെ ഭാഗമായി നടപ്പിലാക്കിയ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) വിദ്യാർത്ഥികളിൽ ലഹരി ഉപയോഗം തടയുന്നതിനായി വിദ്യാഭ്യാസ സ്ഥാപനങ്ങളുമായി ചേർന്ന് നടപ്പിലാക്കുന്ന പദ്ധതികൾ എന്തെല്ലാമാണ്; അറിയിക്കാമോ;

(സി) വിമുക്തി മിഷന്റെ ഭാഗമായി കോഴിക്കോട് ജില്ലയിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) ഓപ്പറേഷൻ ഡി-ഹണ്ടിന്റെ ഭാഗമായി കോഴിക്കോട് നഗരത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ ലഭ്യമാക്കാമോ?

## <u>വർധിച്ചുവരുന്ന ലഹരി വിൽപ്പന</u>

533 **ശ്രീ. മുഹമ്മദ് മുഹസിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തു വർദ്ധിച്ചുവരുന്ന ലഹരി വിൽപ്പനയും ഉപയോഗവും ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;എങ്കിൽ ഇത് തടയുന്നതിന് സ്വീകരിച്ചിട്ടുള്ള

നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ?

**<u>മാവേലിക്കര എക്സൈസ് കോംപ്ലക്സിന്റെ നിർമ്മാണം</u>**

534 **ശ്രീ. എം. എസ്. അരുൺ കുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര എക്സൈസ് കോംപ്ലക്സിന്റെ ഒന്നാംഘട്ട നിർമ്മാണം 2.71 കോടിരൂപ വിനിയോഗിച്ച് പൂർത്തീകരിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മാവേലിക്കര എക്സൈസ് കോംപ്ലക്സിന്റെ രണ്ടാംഘട്ട നിർമ്മാണത്തിന് ആവശ്യമായ തുക അനുവദിക്കുന്നത് പരിഗണിക്കുമോയെന്ന് അറിയിക്കാമോ ?

**<u>രാസലഹരികളുടെ ഉപയോഗം തടയുന്നതിന് നടപടി</u>**

535 **ശ്രീ. സനീഷ്കുമാർ ജോസഫ്**

**ശ്രീ. രമേഷ് പിഷാരടി**

**ശ്രീ. സുമേഷ് അച്യുതൻ**

**ശ്രീ. രാജൻ. ജെ. പല്ലൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് രാസലഹരികളുടെ ഉപയോഗം വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) സ്കൂൾ വിദ്യാർത്ഥികൾക്ക് രാസലഹരി യഥേഷ്ടം ലഭിക്കുന്ന ഗുരുതരമായ സാഹചര്യത്തിൽ സ്ക്കൂളുകൾ കേന്ദ്രീകരിച്ച് പ്രത്യേക പദ്ധതി നടപ്പാക്കുമോ; വ്യക്തമാക്കുമോ;

(സി) രാസ ലഹരികളുടെ വിൽപ്പനയും ഉപയോഗവും തടയാൻ എന്തെല്ലാം കർമ്മപദ്ധതികളാണ് ആവിഷ്ക്കരിക്കുന്നത് എന്ന് വിശദമാക്കുമോ?

**<u>കുട്ടികളെയും യുവജനങ്ങളെയും ലഹരി വസ്തുക്കളിൽ നിന്നും അകറ്റാൻ പദ്ധതി</u>**

536 **ശ്രീ. ആര്യാടൻ ഷൗക്കത്ത്**

**ശ്രീ. സുധീർഷാ പാലോട്**

**ശ്രീ. എം. ആർ. ബൈജു** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ, കോളേജ് വിദ്യാർത്ഥികളുടെ ഇടയിൽ ലഹരി ഉപയോഗം വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) ലഹരിവസ്തുക്കളിൽ നിന്ന് കുട്ടികളെയും യുവജനങ്ങളെയും അകറ്റി, അവരെ കായികരംഗത്തേക്കും ആരോഗ്യകരമായ വിനോദങ്ങളിലേക്കും ആകർഷിക്കുവാൻ എന്തെല്ലാം പദ്ധതികൾ ആസൂത്രണം ചെയ്യുവാൻ ഉദ്ദേശിക്കുന്നു എന്ന് അറിയിക്കുമോ;

(സി) ലഹരി മാഫിയയുടെ ഉറവിടം കണ്ടെത്തി നശിപ്പിക്കുന്നതിനുള്ള കർമപദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുമോ; വ്യക്തമാക്കാമോ?

## കള്ള് ചെത്ത് വ്യവസായ നവീകരണം

537 **ശ്രീ. എ. പ്രഭാകരൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കള്ള് ചെത്ത് വ്യവസായത്തിന്റെ നവീകരണത്തിനായി മുൻ സർക്കാർ കള്ള് വ്യവസായ വികസന ബോർഡ് (ടോഡി ബോർഡ്) രൂപീകരിച്ചിട്ടുണ്ടോ;

(ബി) മുൻ സർക്കാരിന്റെ കാലത്ത് 2023-24 സാമ്പത്തിക വർഷം മുതൽ കള്ള് ഷാപ്പുകളുടെ വിൽപ്പന (ലേലം) ഓൺലൈൻ മുഖേന ഒരുക്കിയത് വഴി വിൽപ്പന (ലേലം) കൂടുതൽ സുതാര്യമാക്കാൻ കഴിഞ്ഞിട്ടുണ്ടോ;

(സി) സംസ്ഥാനത്ത് ഉത്പാദിപ്പിക്കുന്ന കള്ള് കേരള ടോഡി എന്ന പേരിൽ ബ്രാന്റ് ചെയ്യാനും അത് ബോട്ടിൽ ചെയ്ത് കേടുകൂടാതെ ദീർഘകാലം സൂക്ഷിച്ച് വിൽക്കാനും മുൻ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്;

(ഡി) ത്രീ സ്റ്റാർ ക്ലാസിഫിക്കേഷനോ അതിന് മുകളിലോ ഉള്ള ഹോട്ടലുകൾക്കും റിസോർട്ടുകൾക്കും സ്വന്തം കോമ്പൗണ്ടിലെ വൃക്ഷം ചെത്തി കള്ള് അതിഥികൾക്ക് നൽകാൻ അനുമതി നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

## ലഹരി വ്യാപനം തടയുന്നതിന് നടപടി

538 **ശ്രീ. പി. കെ. പ്രവീൺ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലഹരി വ്യാപനം തടയുന്നതിന് സ്വീകരിച്ച് വരുന്ന നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) അന്തർ സംസ്ഥാന വാഹനങ്ങളിലായി നിരോധിത പുകയില ഉൽപ്പന്നങ്ങൾ കേരളത്തിലെത്തിക്കുന്ന സംഘത്തെ കണ്ടെത്തുന്നതിന് പ്രത്യേക സംവിധാനങ്ങൾ നടപ്പിലാക്കുമോ; കഞ്ചാവ് ഉൾപ്പെടെയുള്ള ലഹരി വസ്തുക്കൾ ഇതര സംസ്ഥാന തൊഴിലാളികൾ കേരളത്തിലെത്തിച്ച് വിൽപന നടത്തുന്ന കാര്യം പരിശോധിക്കുമോ; വിശദമാക്കുമോ;

(സി) സ്കൂൾ, കോളേജ് അധ്യയന വർഷം ആരംഭിച്ച സാഹചര്യത്തിൽ കുട്ടികളെ ലക്ഷ്യം വെച്ചുള്ള ലഹരി വസ്തുക്കളുടെ വില്പന തടയുന്നതിനുള്ള പരിശോധന സംവിധാനം കാര്യക്ഷമമാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വിശദമാക്കാമോ?

**<u>എൻ ഡി പി എസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള കേസുകൾ</u>**

539 **ശ്രീ. കെ. പ്രേമൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011 മുതൽ 2026 വരെ എൻ ഡി പി എസ് ആക്ട് പ്രകാരം എത്ര മയക്കുമരുന്ന് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വർഷം തിരിച്ചുള്ള കണക്ക് നൽകുമോ;

(ബി) പ്രസ്തുത കാലയളവിൽ ഓരോ വർഷവും എത്ര പേരെ പ്രതികളാക്കി കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

**<u>സ്കൂൾ,കോളേജ് വിദ്യാർത്ഥികളെ ലഹരി വിതരണ ശൃംഖലകളിൽ നിന്നും സംരക്ഷിക്കാൻ പദ്ധതികൾ</u>**

540 **ശ്രീ. എം. വിജിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മയക്കുമരുന്ന് മാഫിയകൾ ഏറ്റവും കൂടുതൽ ലക്ഷ്യം വയ്ക്കുന്നത് വിദ്യാഭ്യാസ സ്ഥാപനങ്ങളെയാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവരിൽ നിന്നും സ്കൂൾ കോളേജ് വിദ്യാർത്ഥികളെ സംരക്ഷിക്കുന്നതിനായി നടപ്പിലാക്കുന്ന പദ്ധതികൾ എന്തൊക്കെയാണ്; അവ ഫലപ്രദമാകുന്നുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ ; വിശദമാക്കാമോ?

**<u>ആലത്തൂർ -വിദ്യാഭ്യാസ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് ലഹരി മാഫിയ</u>**

541 **ശ്രീ. ടി. എം. ശശി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂളുകളും കോളേജുകളും പുതിയ അധ്യയന വർഷത്തിലേക്ക് പ്രവേശിച്ച സാഹചര്യത്തിൽ ആലത്തൂർ നിയോജക മണ്ഡലത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് ലഹരി മാഫിയ പ്രവർത്തിക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ മണ്ഡലത്തിൽ നടത്തിയ റെയ്ഡുകളുടെയും രജിസ്റ്റർ ചെയ്ത അബ്കാരി/എൻ ഡി പി എസ് കേസുകളുടെയും എണ്ണം എത്രയെന്ന് സെക്ഷൻ തിരിച്ച് വിശദമാക്കാമോ;

(സി) രാത്രി കാലങ്ങളിൽ മണ്ഡലത്തിലെ പ്രധാന റോഡുകളിലൂടെയുള്ള ലഹരി കടത്ത് തടയുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

## ലഹരി കേസുകളിൽ സ്ഥിരം പ്രതികളാകുന്നവരുടെ കരുതൽ തടങ്കൽ

542 **ശ്രീ. പി. കെ. നവാസ്**
**ശ്രീ. പാറക്കൽ അബ്ദുല്ല**
**ശ്രീ. ടി. വി. ഇബ്രാഹിം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ലഹരി കേസുകളിൽ സ്ഥിരം പ്രതികളാകുന്നവരുടെ പട്ടിക തയ്യാറാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഒന്നിലേറെ ലഹരി കേസുകളിൽ പ്രതികളാകുന്നവരെ കരുതൽ തടങ്കലിൽ പാർപ്പിക്കുന്നതിന് നിയമ വ്യവസ്ഥയുണ്ടോ;

(സി) ലഹരി പദാർത്ഥങ്ങളുടെ വ്യാപനം തടയുന്നതിനായി, സ്ഥിരം കുറ്റവാളികളായവരെ കരുതൽ തടങ്കലിലാക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

## ലഹരി ഉപയോഗം എക്സൈസ് വകുപ്പ് രജിസ്റ്റർ ചെയ്തിട്ടുള്ള കേസുകൾ

543 **ശ്രീ. യു. ആർ. പ്രദീപ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ 5 വർഷകാലയളവിനിടയിൽ മയക്കുമരുന്നിന്റെയും നിരോധിത ലഹരി പദാർത്ഥങ്ങളുടെയും ശേഖരണവും വിതരണവുമായി

ബന്ധപ്പെട്ട് എക്സൈസ് വകുപ്പ് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ബി) ഇതിൽ കഞ്ചാവ്, എം.ഡി.എം.എ , ഹാഷിഷ്, നിരോധിത പുകയില ഉല്പന്നങ്ങൾ എന്നിവ പിടിച്ചെടുത്തതിന്റെ അളവ് പ്രത്യേകം വ്യക്തമാക്കാമോ;

(സി) എത്ര പേരെ പ്രതിപട്ടികയിൽ ചേർത്തിട്ടുണ്ട്; വിശദാംശം പ്രത്യേകം വ്യക്തമാക്കാമോ?

## ലഹരി മാഫിയയ്ക്കെതിരെ സ്വീകരിച്ചിട്ടുള്ള നടപടികൾ

544 **ശ്രീ. ജി. സ്റ്റീഫൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന ലഹരി മാഫിയയ്ക്കെതിരെ സ്വീകരിച്ചിട്ടുള്ള നടപടികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) വിദ്യാലയങ്ങൾ, പൊതു ഇടങ്ങൾ എന്നിവ കേന്ദ്രീകരിച്ച് വ്യാപകമായിക്കൊണ്ടിരിക്കുന്ന ലഹരി വിൽപ്പന തടയുന്നതിന് ഫലപ്രദമായ ഒരു കർമ്മ പദ്ധതി ആവിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## ലഹരി ഉപയോഗവും വിതരണവും തടയാൻ നടപടി

545 **ശ്രീ. വി. പി. സജീന്ദ്രൻ**
**ശ്രീ. സേനാപതി വേണു**
**ശ്രീ. അബിൻ വർക്കി കോടിയാട്ട്**
**ശ്രീ. സി. വി. ശാന്തകുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹികമാധ്യമങ്ങളും ഓൺലൈൻ പ്ലാറ്റ്ഫോമുകളും അടക്കമുള്ള ആധുനിക സൗകര്യങ്ങൾ ഉപയോഗപ്പെടുത്തുന്ന ലഹരിമാഫിയയെ ചെറുക്കാൻ എക്സൈസ് വകുപ്പിനെ സമഗ്രമായി ആധുനീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(ബി) ലഹരി വിപണനത്തിന്റെ കണ്ണികളറുക്കാനും വിദ്യാർത്ഥികളെ ലഹരി ഉപയോഗത്തിൽ നിന്ന് രക്ഷിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(സി) പ്രായപൂർത്തിയാകാത്ത കുട്ടികളെ ലഹരി വിപണനത്തിന് ഉപയോഗിക്കുന്നത് ചെറുക്കാൻ പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

**അതിഥി തൊഴിലാളികൾക്കിടയിലെ ലഹരി വ്യാപനം**

546 **ശ്രീമതി ഉമ തോമസ്**
**ശ്രീ. സെബാസ്റ്റ്യൻ. എം. ജെ**
**ശ്രീ. എ. ഡി. തോമസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അതിഥി തൊഴിലാളികൾ കൂട്ടം കൂട്ടമായി താമസിക്കുന്ന സ്ഥലങ്ങളിലും പരിസര പ്രദേശങ്ങളിലും ലഹരി പദാർത്ഥങ്ങളുടെ വ്യാപനം കൂടി വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അത് തടയുന്നതിനുള്ള കർശനനടപടികൾ സ്വീകരിക്കുമോ;

(സി) അതിഥി തൊഴിലാളികൾ വഴി മറ്റ് സംസ്ഥാനങ്ങളിൽ നിന്നും ലഹരി വസ്തുക്കൾ എത്തുന്നത് തടയാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

**പെരിന്തൽമണ്ണ എക്സൈസ് ഓഫീസ് നവീകരണം**

547 **ശ്രീ. നജീബ് കാന്തപുരം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിന്തൽമണ്ണ എക്സൈസ് ഓഫീസിലെ അസൗകര്യങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) പെരിന്തൽമണ്ണ എക്സൈസ് ഓഫീസ് നവീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ;

(സി) പെരിന്തൽമണ്ണ എക്സൈസ് ഓഫീസിൽ നിലവിലുള്ള ജീവനക്കാരുടെ ഒഴിവ് നികത്തുന്നതിനും വാഹനം അനുവദിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

**പുനലൂർ എക്സൈസ് കോംപ്ലക്സിന്റെ നിർമ്മാണ പുരോഗതി.**

548 **ശ്രീ. സി. അജയപ്രസാദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ നിയോജക മണ്ഡലത്തിലെ പുനലൂർ എക്സൈസ് കോംപ്ലക്സ് നിർമ്മാണവുമായി ബന്ധപ്പെട്ട നിർവ്വഹണ ചുമതല ഏത് വകുപ്പിനാണെന്നും ഭരണാനുമതി പ്രകാരം അടങ്കൽ തുക എത്രയെന്നും അറിയിക്കാമോ;

(ബി) പ്രസ്തുത എക്സൈസ് കോംപ്ലക്സ് നിർമ്മാണവുമായി ബന്ധപ്പെട്ട പ്രവൃത്തികളുടെ നിലവിലെ നിർമ്മാണ പുരോഗതി വ്യക്തമാക്കാമോ;

(സി) പുനലൂർ എക്സൈസ് കോംപ്ലക്സ് നിർമ്മാണ പ്രവൃത്തികൾ എന്ന് പൂർത്തിയാക്കുവാൻ സാധിക്കുമെന്ന് അറിയിക്കാമോ?

## <u>നെന്മാറ എക്സൈസ് ഓഫീസ് കെട്ടിട നിർമ്മാണം</u>

549 **ശ്രീ. കെ. പ്രേമൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2025-26 സാമ്പത്തിക വർഷത്തെ ബജറ്റിൽ ഉൾപ്പെടുത്തിയ നെന്മാറ എക്സൈസ് ഓഫീസ് കെട്ടിട നിർമ്മാണ പ്രവൃത്തി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനു നടപടി സ്വീകരിക്കാമോ?

## <u>ആലത്തൂർ നിയോജക മണ്ഡലത്തിലെ എക്സൈസ് വകുപ്പിന്റെ പ്രവർത്തനം</u>

550 **ശ്രീ. ടി. എം. ശശി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജകമണ്ഡലത്തിൽ ആകെയുള്ള എക്സൈസ് റേഞ്ച്/ സർക്കിൾ ഓഫീസുകളുടെ എണ്ണവും സ്ഥലവും സംബന്ധിച്ച വിവരങ്ങൾ നൽകാമോ, ഇവയെല്ലാം സ്വന്തം കെട്ടിടത്തിലാണോ അതോ വാടക കെട്ടിടങ്ങളിലാണോ നിലവിൽ പ്രവർത്തിക്കുന്നത് എന്ന് വ്യക്തമാക്കാമോ;

(ബി) മണ്ഡലത്തിൽ എക്സൈസ് ഉദ്യോഗസ്ഥർക്ക് റെയ്ഡുകളും പെട്രോളിംഗും നടത്തുന്നതിനായി നിലവിൽ ആവശ്യത്തിന് വാഹനങ്ങൾ അനുവദിച്ചിട്ടുണ്ടോ, അവയുടെ എണ്ണം എത്രയെന്ന് അറിയിക്കുമോ, അവയിൽ കാലപ്പഴക്കം ചെന്ന വാഹനങ്ങൾ ഉണ്ടെങ്കിൽ പകരം പുതിയ വാഹനങ്ങൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) മണ്ഡലത്തിൽ ആളൊഴിഞ്ഞ/ഒറ്റപ്പെട്ട പ്രദേശങ്ങളിൽ വ്യാജ വാറ്റ് , വ്യാജ മദ്യ നിർമ്മാണം എന്നിവ നടക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിന് എന്തൊക്കെ നടപടികളാണ് നിലവിൽ സ്വീകരിച്ചിട്ടുള്ളത്?

**ഈരാറ്റുപേട്ട,എരുമേലി എക്സൈസ് ഓഫീസുകൾക്ക് കെട്ടിടം**

551 **ശ്രീ. സെബാസ്റ്റ്യൻ. എം. ജെ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ നിയോജക മണ്ഡലത്തിലെ ഈരാറ്റുപേട്ട, എരുമേലി എക്സൈസ് റെയിഞ്ച് ഓഫീസുകൾ നിലവിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇവ സ്വന്തം കെട്ടിടത്തിലേയ്ക്ക് മാറ്റുന്നതിനായി നടപടി സ്വീകരിക്കുമോ;

(സി) ഈ കെട്ടിടങ്ങളുടെ നിർമ്മാണത്തിനായി ഡി. പി. ആർ. തയ്യാറാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ തയ്യാറാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

**ലഹരി വിരുദ്ധ ക്യാമ്പയിൻ**

552 **ശ്രീ. എം. എസ്. അരുൺ കുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എക്സൈസ്സ് വകുപ്പ് മുഖേന 2021 മുതൽ നടപ്പിലാക്കുന്ന ലഹരി വിരുദ്ധ ക്യാമ്പയിനുകളുടെയും പദ്ധതികളുടെയും വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) വിദ്യാഭ്യാസ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ചുള്ള ലഹരി മാഫിയകളുടെ പ്രവർത്തനം തടയുന്നതിന് 2021 മുതൽ സ്വീകരിച്ച നടപടികളും പുതുതായി നടപ്പിലാക്കാൻ ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളും വിശദമാക്കാമോ?

**ലഹരി വിപണനം തടയുന്നതിന് എൻഫോഴ്സ്മെന്റ് നടപടികൾ**

553 **ശ്രീ. നജീബ് കാന്തപുരം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) യുവതലമുറയ്ക്കിടയിൽ വർദ്ധിച്ചുവരുന്ന സിന്തറ്റിക് മയക്കമരുന്നുകളുടെ (എം ഡി എം എ തുടങ്ങിയവ) ഉപയോഗവും വിപണനവും തടയുന്നതിന്

ഇൻഫർമേഷൻ ടെക്നോളജിയുടെ സഹായത്തോടെ നടപ്പാക്കുന്ന പുതിയ എൻഫോഴ്സ്മെന്റ് നടപടികൾ വ്യക്തമാക്കാമോ;

(ബി) വിദ്യാലയങ്ങളും കോളേജുകളും കേന്ദ്രീകരിച്ച് ലഹരി വിപണനം നടത്തുന്നത് തടയാൻ എക്സൈസ് ഷാഡോ സംഘങ്ങളും സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പുകളും എത്രത്തോളം സജീവമായി പ്രവർത്തിക്കുന്നുണ്ടെന്ന് വിശദമാക്കാമോ;

(സി) ലഹരിക്ക് അടിമപ്പെട്ടവരെ പുനരധിവസിപ്പിക്കുന്നതിനായി എക്സൈസ് വകുപ്പിന്റെ കീഴിലുള്ള 'വിമുക്തി' മിഷൻ വഴി സംസ്ഥാനത്ത് എത്ര പുതിയ കൗൺസിലിംഗ്-ഡീ അഡിക്ഷൻ കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ ;

(ഡി) അതിർത്തി കടന്നുള്ള ലഹരിവസ്തുക്കളുടെ കടത്ത് തടയുന്നതിനായി അയൽ സംസ്ഥാനങ്ങളിലെ എൻഫോഴ്സ്മെന്റ് ഏജൻസികളുമായി ചേർന്ന് നടത്തുന്ന സംയുക്ത പരിശോധനകളുടെ (ഇന്റർ സ്റ്റേറ്റ് കോ -ഓർഡിനേഷൻ) പുരോഗതി എന്താണെന്ന് വിശദമാക്കുമോ?

## വിമുക്തി ബോധവൽക്കരണ പദ്ധതി

554 **ശ്രീ. പി. പി. സുമോദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എക്സൈസിന്റെ വിമുക്തി പദ്ധതിയിലൂടെ ഏതെല്ലാം ലഹരി വിമുക്ത ബോധവൽക്കരണ പദ്ധതികളാണ് സ്കൂൾ, കോളേജ് തലങ്ങളിൽ നടപ്പാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

## പാലക്കാട് ജില്ലയിലെ എക്സൈസ് വകുപ്പിൽ യൂണിഫോം തസ്തികകളുടെ എണ്ണം

555 **ശ്രീ. കെ. പ്രേംകുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ എക്സൈസ് വകുപ്പിൽ യൂണിഫോം തസ്തികയിൽ ജോലി ചെയ്ത് വരുന്ന ഉദ്യോഗസ്ഥർ എത്ര എന്ന് തസ്തിക തിരിച്ച് വ്യക്തമാക്കാമോ;

(ബി) പാലക്കാട് ജില്ലയിൽ എക്സൈസ് വകുപ്പിൽ ഒഴിഞ്ഞ് കിടക്കുന്ന തസ്തികകൾ എത്രയെന്നും അവ ഏതെല്ലാമെന്നും വിശദമാക്കാമോ?

## 2016 മുതൽ 2026 വരെ എക്സൈസ് വകുപ്പിൽ വിവിധ തസ്തികകളിലായി നടപ്പിലാക്കിയ നിയമനങ്ങൾ

556 **ശ്രീ. കെ. എൻ. ബാലഗോപാൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാർ കാലയളവിൽ (2016 മുതൽ 2026 വരെ) എക്സൈസ് വകുപ്പിലെ വിവിധ തസ്തികകളിലായി നൽകിയ നിയമന ശിപാർശയുടെ വിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) മുൻ സർക്കാരിന്റെ കാലത്ത് വകുപ്പിൽ നിലനിന്നിരുന്ന സീനിയോരിറ്റി തർക്കങ്ങൾ പരിഹരിച്ച് എല്ലാ തസ്തികകളിലും അർഹമായ സ്ഥാനക്കയറ്റം നൽകാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(സി) എക്സൈസ് സേനയിൽ വനിതാ പ്രാതിനിധ്യം വർദ്ധിപ്പിക്കുന്നതിനായി 2022-ലും 2025-ലുമായി മുൻ സർക്കാർ എത്ര വനിതാ സിവിൽ എക്സൈസ് തസ്തിക സൃഷ്ടിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) ടോഡി ബോർഡ്, ഡിസ്റ്റിലറികൾ, വെയർഹൗസുകൾ എന്നിവയുടെ കാര്യക്ഷമമായ പ്രവർത്തനത്തിനായി കഴിഞ്ഞ സർക്കാർ സൃഷ്ടിച്ച തസ്തികയുടെ വിവരങ്ങൾ ലഭ്യമാക്കാമോ?

## സംസ്ഥാന എക്സൈസ് വകുപ്പിലെ ജീവനക്കാർ

557 **ശ്രീ. കെ. പ്രവീൺ കുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന എക്സൈസ് വകുപ്പിൽ എത്ര ജീവനക്കാർ ഉണ്ട്; വിശദമാക്കാമോ;

(ബി) ലഹരി ഉപയോഗവും അതുമായി ബന്ധപ്പെട്ട കേസുകളും വർദ്ധിക്കുന്ന ഈ കാലഘട്ടത്തിൽ കൂടുതൽ ഉദ്യോഗസ്ഥരെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(സി) ലഹരിയുടെ ഉറവിടങ്ങളും മറ്റും കണ്ടെത്തുന്നതിന് ആവശ്യമായ വാഹനങ്ങളും ഉപകരണങ്ങളും ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## ആര്യങ്കാവിലെ എക്സൈസ് ചെക്ക്പോസ്റ്റ്

558 **ശ്രീ. സി. അജയപ്രസാദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ നിയോജക മണ്ഡലത്തിൽ ഉൾപ്പെട്ട ആര്യങ്കാവിൽ എക്സൈസ് ചെക്ക്പോസ്റ്റ് നിർമ്മിക്കുന്നതിനായുള്ള ഭരണാനുമതി ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത എക്സൈസ് ചെക്പോസ്റ്റ് നിർമ്മിക്കുന്നതിനായി ആര്യങ്കാവ് വില്ലേജിൽ റവന്യൂ പുറംപോക്ക് സ്ഥലം കൈമാറ്റം ചെയ്തു കിട്ടുന്നതിനുള്ള നടപടികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

**കാർഷിക ഉത്പന്നങ്ങളിൽ നിന്ന് വൈൻ ഉത്പാദനം**

559 **ശ്രീ. എ. പ്രഭാകരൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക മേഖലയുടെ ഉന്നമനം ലക്ഷ്യംവച്ചുകൊണ്ട് സംസ്ഥാനത്ത് ഉത്പാദിപ്പിക്കുന്ന തനത് കാർഷിക ഉത്പന്നങ്ങളിൽ നിന്ന് വൈൻ (ഹോർട്ടി വൈൻ) നിർമ്മിക്കുന്നതിന് മുൻ സർക്കാർ അനുവാദം നൽകിയിരുന്നോ; വിശദമാക്കാമോ;

(ബി) എങ്കിൽ ഇത്തരത്തിൽ വൈൻ നിർമ്മിക്കുന്നതിന് എത്ര സ്ഥാപനങ്ങൾക്ക് മുൻ സർക്കാരിന്റെ കാലത്ത് ലൈസൻസ് അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) പാഴായിപ്പോകുന്ന കാർഷിക ഉത്പന്നങ്ങൾ ഉപയോഗിച്ച് വീര്യം കുറഞ്ഞ മദ്യം ഉത്പാദിപ്പിക്കാൻ മൈക്രോ ഡിസ്റ്റിലറികൾ ആരംഭിക്കുന്നതിന് മുൻ സർക്കാർ ചട്ടങ്ങൾ രൂപീകരിച്ചിട്ടുണ്ടോ;

(ഡി) കാർഷിക മേഖലയ്ക്ക് പുത്തൻ ഉണർവ്വ് നൽകുന്ന പ്രസ്തുത പദ്ധതികൾ തുടർന്നുകൊണ്ടുപോകുന്നതിന് ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

**വെള്ളരിക്കുണ്ട് എക്സൈസ് റേഞ്ച് ഓഫീസ്**

560 **ശ്രീ. ഗോവിന്ദൻ പള്ളിക്കാപ്പിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എക്സൈസ് റെയിഞ്ച് ഓഫീസ് ഇല്ലാത്ത താലൂക്കുകൾ ഉണ്ടോ; ഉണ്ടെങ്കിൽ അവ ഏതെല്ലാം ആണെന്ന് പറയാമോ;

(ബി) വെള്ളരിക്കുണ്ട് എക്സൈസ് റെയിഞ്ച് ഓഫീസ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ?

(സി) വെള്ളരിക്കുണ്ട് എക്സൈസ് റെയിഞ്ച് ഓഫീസ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ?

## ലഹരി ഉപയോഗം തടയുന്നതിന് നടപടി

561 **ശ്രീ. കെ. വി. സുമേഷ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ലഹരി ഉപയോഗം തടയുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) രാസലഹരി കേരളത്തിൽ വിതരണം ചെയ്യുന്നതിന്റെ ഉറവിടം കണ്ടെത്താനും ഇല്ലാതാക്കാനും എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

## ഇൻസെന്റീവ് തുക കുടിശ്ശിക

562 **ശ്രീ. ടി. പി. അഷ്റഫ് അലി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യ സുരക്ഷാ പെൻഷൻ തുക സഹകരണ ബാങ്ക് വഴി വീടുകളിൽ എത്തിച്ച് വിതരണം ചെയ്യുന്ന ജീവനക്കാർക്കുള്ള ഇൻസെന്റീവ് തുക കഴിഞ്ഞ നാല് മാസമായി കുടിശ്ശികയാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത കുടിശ്ശിക തുക വിതരണം ചെയ്യുന്നതിനായുള്ള സത്വര നടപടികൾ സ്വീകരിക്കുമോ?

## സഹകരണ മേഖലയിലെ പ്രവർത്തനങ്ങൾ

563 **ശ്രീ. പി. കെ. നവാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയിലെ നിക്ഷേപം വർദ്ധിപ്പിക്കുന്നതിനും യുവജനതയെ ഈ മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിനുമായി നടപ്പിലാക്കി വരുന്ന നിക്ഷേപ സമാഹരണ പരിപാടി തുടർന്നുകൊണ്ടുപോകുന്നതിന് എന്തെല്ലാം കാര്യങ്ങൾ ചെയ്യുവാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കാമോ;

(ബി) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ സാമൂഹികവും സാമ്പത്തികവുമായ പുരോഗതിക്കായി രൂപീകരിച്ചിട്ടുള്ള സഹകരണ സംഘങ്ങളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(സി) സംസ്ഥാനത്ത് സഹകരണ മേഖലയിൽ പ്രവർത്തിക്കുന്ന ആശുപത്രികൾ നേരിടുന്ന സാമ്പത്തിക പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സഹകരണ ആശുപത്രികളുടെ പ്രവർത്തനം വിലയിരുത്തി ഇവയുടെ സേവനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

## മെമ്പർ റിലീഫ് ഫണ്ട്

564 **ശ്രീ. കെ. രാജൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ വകുപ്പിന്റെ മെമ്പർ റിലീഫ് ഫണ്ടിൽ നിന്നും തുക അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങളും നടപടിക്രമങ്ങളും എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ മെമ്പർ റിലീഫ് ഫണ്ടിൽ നിന്നും അനുവദിച്ച ആകെ തുക എത്രയാണ്; ജില്ല തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ?

## സഹകരണ മേഖലയിലെ വിവിധ പദ്ധതികൾ

565 **ശ്രീ. കെ. രാജൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ വകുപ്പിന് കീഴിലുള്ള പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ മുഖേന നിലവിൽ നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രവാസികൾക്കായി സഹകരണ മേഖലയിൽ ബിൽഡ് ഓപ്പറേറ്റ് ട്രാൻസ്ഫർ മാതൃകയിൽ പുതിയ പദ്ധതി നടപ്പാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) വിദ്യാർത്ഥികളിൽ സഹകരണ മേഖലയെക്കുറിച്ചുള്ള അവബോധം സൃഷ്ടിക്കുന്നതിനും അവരിൽ സമ്പാദ്യ ശീലം വളർത്തുന്നതിനുമായി

പദ്ധതികൾ പരിഗണനയിലുണ്ടോ; വിശദമാക്കുമോ?

**<u>കുന്നത്ത്നാട് നിയോജക മണ്ഡലത്തിലെ പദ്ധതി വിവരങ്ങൾ</u>**

566 **ശ്രീ. വി. പി. സജീന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ വകുപ്പിൻ കീഴിൽ കുന്നത്തുനാട് നിയോജക മണ്ഡലത്തിൽ 2021 ഏപ്രിൽ ഒന്നു മുതൽ 2026 മെയ് മാസം വരെ നടപ്പിലാക്കിയ ഭരണാനുമതി നൽകിയതും ബജറ്റുകളിൽ 20% തുക വകയിരുത്തിയതിനു ശേഷം ഭരണാനുമതി ലഭിക്കാത്തതുമായ പദ്ധതികൾ, പദ്ധതിയുടെ പേര്, പദ്ധതിക്ക് അനുവദിച്ച തുക, ഭരണാനുമതി നൽകിയ ഉത്തരവുകളുടെ നമ്പർ, തീയതി, ബജറ്റിൽ ഉൾപ്പെട്ടിട്ടും ഭരണാനുമതി നൽകാത്ത പദ്ധതികൾ, അവയുടെ തുക എന്നിവ പട്ടിക തിരിച്ച് നൽകാമോ?

**<u>സഹകരണ ബാങ്കുകളുടെ ഡിജിറ്റലൈസേഷൻ</u>**

567 **ശ്രീ. ഫൈസൽ ബാബു** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് സൗത്ത് നിയോജക മണ്ഡലത്തിലെ സഹകരണ ബാങ്കുകളുടെ സേവനങ്ങൾ ഡിജിറ്റലൈസ് ചെയ്യുന്നതിനായി നടപ്പിലാക്കുന്ന പദ്ധതികൾ എന്തെല്ലാമാണ്;

(ബി) വനിതാ സഹകരണ സംഘങ്ങളെയും യുവജന സഹകരണ സംരംഭങ്ങളെയും പ്രോത്സാഹിപ്പിക്കുന്നതിനായി പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) നഗര മേഖലയിലെ ഉപഭോക്തൃ സഹകരണ സംഘങ്ങളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; വിശദമാക്കുമോ?

**<u>നിക്ഷേപ ഗ്യാരണ്ടി ഫണ്ട് ബോർഡ് വഴി നൽകുന്ന പരിരക്ഷ</u>**

568 **ശ്രീ. എ. സി. മൊയ്തീൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിക്ഷേപ ഗ്യാരണ്ടി ഫണ്ട് ബോർഡ് വഴി സഹകരണ സംഘങ്ങൾക്ക് നൽകുന്ന പരിരക്ഷ തുടരുന്നതിന് നടപടി സ്വീകരിക്കുമോ?

**<u>സഹകരണ വകുപ്പ് ജീവനക്കാരുടെ സ്ഥലമാറ്റം</u>**

569 **ശ്രീ. പി. മമ്മിക്കുട്ടി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സഹകരണ വകുപ്പിൽ മാനദണ്ഡങ്ങൾക്കു വിരുദ്ധമായി ജീവനക്കാരെ സ്ഥലം മാറ്റിയിട്ടുണ്ടോ; വിശദമാക്കുമോ?

**<u>സഹകരണ സ്ഥാപനങ്ങളുടെ പൊതുവിപണി ഇടപെടലും വിലക്കയറ്റം നിയന്ത്രിക്കലും</u>**

570 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓണത്തിനും മറ്റ് ഉത്സവകാലത്തും പൊതുവിപണിയിൽ ഇടപെട്ട് വിലക്കയറ്റം നിയന്ത്രിക്കുന്നതിന് 2016 മുതൽ 2026 വരെ സഹകരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടപ്പിലാക്കിയ വിവിധ പദ്ധതികളെപ്പറ്റി വിശദമാക്കാമോ;

(ബി) സഹകരണ സ്ഥാപനങ്ങൾ മുഖേനയുള്ള വിപണി ഇടപെടലും വിലക്കയറ്റം നിയന്ത്രിക്കലും തുടരുമോ; വിശദമാക്കാമോ?

**<u>സഹകരണ മേഖലയുടെ വിപുലീകരണത്തിന് നടപടികൾ</u>**

571 **ശ്രീ. കെ. വി. സുമേഷ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ സഹകരണ മേഖല കൂടുതൽ വിപുലീകരിക്കുന്നതിനും മെച്ചപ്പെടുത്തുന്നതിനുമായി എന്തൊക്കെ നടപടികളാണ് ഉദ്ദേശിക്കുന്നത് എന്ന് വിശദമാക്കാമോ?

**<u>പാറശ്ശാല നിയോജക മണ്ഡലത്തിലെ സഹകരണ സംഘങ്ങൾ</u>**

572 **ശ്രീ. സി. കെ. ഹരീന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ 2026 വരെയുള്ള കാലയളവിൽ പാറശ്ശാല നിയോജക മണ്ഡലത്തിൽ പുതുതായി രജിസ്റ്റർ ചെയ്ത് രൂപീകരിക്കപ്പെട്ട വിവിധ

സഹകരണ സംഘങ്ങൾ ഏതെല്ലാമാണെന്ന് വർഷം തിരിച്ച് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സഹകരണ സംഘങ്ങളിൽ ഓരോന്നിന്റെയും ഔദ്യോഗികമായ പ്രവർത്തനമേഖലകളും അവയുടെ പ്രവർത്തനപരിധികളും എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(സി) നിലവിൽ ഈ മണ്ഡലത്തിൽ പ്രവർത്തനരഹിതമായി കിടക്കുന്ന സഹകരണ സംഘങ്ങൾ ഉണ്ടോ; എങ്കിൽ അവയുടെ വിവരങ്ങൾ ലഭ്യമാക്കാമോ; അവയെ പുനരുദ്ധരിക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് വിഭാവനം ചെയ്യുന്നത് എന്ന് വ്യക്തമാക്കാമോ?

## സാമൂഹ്യ സുരക്ഷാപെൻഷൻ

573 **ശ്രീ. എൻ. കെ. അക്ബർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2026 മെയ് മാസത്തെ സാമൂഹ്യ സുരക്ഷാ പെൻഷൻ നൽകുന്നതിനുള്ള തുക സഹകരണ ബാങ്കുകൾക്ക് ലഭ്യമാകുന്നതിൽ കാലതാമസം നേരിട്ടത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) 2026 മെയ് മാസത്തെ പെൻഷൻ സഹകരണ ബാങ്കിന് ലഭ്യമായിട്ടും വിതരണം ചെയ്യുന്നതിന് കാലതാമസം വരുത്തിയത് സംബന്ധിച്ച് ഏതെങ്കിലും ബാങ്കിനെതിരെ പരാതി ലഭ്യമായിട്ടുണ്ടോ; ഉണ്ടെങ്കിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ?

## സഹകരണ സ്ഥാപനങ്ങൾക്ക് ഉണർവ് പകരാൻ പദ്ധതികൾ

574 **ശ്രീ. ചാണ്ടി ഉമ്മൻ**
**ശ്രീ. റോയി. കെ. പൗലോസ്**
**ശ്രീ. എം. എം. നസീർ**
**ശ്രീമതി രമ്യ ഹരിദാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ തെറ്റായ നയം മൂലം സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങൾ തകർച്ചയുടെ വക്കിൽ ആണെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) സഹകരണ മേഖലയിൽ മുൻസർക്കാരുകൾ നടത്തിയ ഇടപെടലുകളും തീരുമാനങ്ങളും പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) സഹകരണ സ്ഥാപനങ്ങൾക്ക് ഉണർവ് പകരാൻ ഉതകുന്ന എന്തെങ്കിലും പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ?

## കരുവന്നൂർ വായ്പാ തട്ടിപ്പ്

575 **ശ്രീ. ആര്യാടൻ ഷൗക്കത്ത്**

**ശ്രീ. സുധീർഷാ പാലോട്**

**ശ്രീ. എം. ആർ. ബൈജു** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുവന്നൂർ സഹകരണ ബാങ്കിന് 343 കോടി രൂപയുടെ നഷ്ടം വരുത്തിയ വായ്പാ തട്ടിപ്പിൽ ഉൾപ്പെട്ടിട്ടുള്ളവർക്കെതിരെ അന്വേഷണം നടത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഇത്രയും ഭീമമായ സാമ്പത്തിക അഴിമതിയിൽ രാഷ്ട്രീയ നേതാക്കളുടെ പങ്ക് കൂടി അന്വേഷിച്ച് കുറ്റക്കാരെ ശിക്ഷിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

## സഹകരണ സ്ഥാപനങ്ങളുടെ വിശ്വാസ്യത

576 **ഡോ. മാത്യു കുഴൽനാടൻ**

**ശ്രീ. നാട്ടകം സുരേഷ്**

**ശ്രീ. സിറിയക് തോമസ്**

**ശ്രീ. റോണി. കെ. ബേബി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സഹകരണ സംഘങ്ങളിൽ നടന്നിട്ടുള്ള ക്രമക്കേടുകൾ സഹകാരികൾക്കുള്ള വിശ്വാസ്യത നഷ്ടപ്പെടുത്തിയെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിക്ഷേപിച്ച പണം തിരികെ കിട്ടാതെ ബുദ്ധിമുട്ട് അനുഭവിക്കുന്ന നിക്ഷേപകരെ സഹായിക്കാൻ എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കുമോ;

(സി) ഇത്തരം ക്രമക്കേടുകൾ നടത്തിയവർക്കെതിരെ മാതൃകാപരമായ നടപടികൾ സ്വീകരിക്കുമോ?

**ദേശീയ സഹകരണ നയം**

577 **ശ്രീ. എം. എസ്. അരുൺ കുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ സഹകരണ നയം സംസ്ഥാനത്തെ സഹകരണ മേഖലയെ എങ്ങനെ ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(ബി) സംസ്ഥാനത്തെ സഹകരണ മേഖലകളുടെ അധികാര പരിധിയിൽ ഇടപെടുന്നതിനുള്ള കേന്ദ്ര സർക്കാർ നയത്തെ പ്രതിരോധിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നത് പരിഗണനയിൽ ഉണ്ടോ; ഉണ്ടെങ്കിൽ നിലവിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയെന്നും വിശദമാക്കാമോ?

**ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി**

578 **ശ്രീ. മാണി. സി. കാപ്പൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിരവധി ആളുകൾ സഹകരണ ബാങ്കുകളിൽ നിന്നുള്ള വായ്പകൾ തിരിച്ചടയ്ക്കാൻ പറ്റാതെ ബുദ്ധിമുട്ടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ടി ആളുകൾക്ക് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം പലിശ ഇളവുകൾ നൽകി ജപ്തി നടപടികളിൽനിന്നും സംരക്ഷിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ;

(ബി) ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി ഇപ്പോൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാം ആനുകൂല്യങ്ങളാണ് ഏർപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കാമോ?

**കേരളബാങ്ക്**

579 **ശ്രീ. ഉല്ലാസ് കോവൂർ**
**ശ്രീ. വിഷ്ണു മോഹൻ**
**ശ്രീ. വി. കുഞ്ഞികൃഷ്ണൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 13 ജില്ലാ ബാങ്കുകളെ ലയിപ്പിച്ച് കേരളബാങ്ക് രൂപീകരിച്ച നടപടി സംസ്ഥാനത്തെ സഹകരണമേഖലയെ പ്രതികൂലമായി ബാധിച്ചു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രാഥമിക സഹകരണ ബാങ്കുകൾ സാമ്പത്തിക പ്രതിസന്ധി നേരിടുന്ന സാഹചര്യങ്ങളിൽ കേരളബാങ്കിൽ നിന്നും യാതൊരു സഹായവും ലഭിക്കുന്നില്ല എന്ന പരാതി പരിശോധിച്ചിട്ടുണ്ടോ;

(സി) ജില്ലാബാങ്കുകൾ നിലനിന്നിരുന്നുവെങ്കിൽ പ്രാഥമിക സഹകരണ ബാങ്കുകൾക്ക് തകർച്ച നേരിടുന്ന സാഹചര്യങ്ങളിൽ നിക്ഷേപകർക്ക് പണം നഷ്ടപ്പെടുന്നത് ഒഴിവാക്കാനാകുമായിരുന്നു എന്ന അഭിപ്രായം പരിശോധിക്കുമോ;

(ഡി) കേരള ബാങ്ക് സംവിധാനത്തിൽ നിന്ന് മാറി ജില്ലാ ബാങ്ക് സംവിധാനം പുനസ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

## <u>കേരള ബാങ്കിൽ ഒറ്റ തവണ തീർപ്പാക്കൽ പദ്ധതി</u>

580 **ശ്രീ. പി. പി. സുമോദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വായ്പാ കുടിശ്ശികയുള്ളവർക്ക് പലിശ ഇളവ് നൽകി വായ്പ തീർപ്പാക്കുന്ന ഒറ്റ തവണ തീർപ്പാക്കൽ പദ്ധതി കേരള ബാങ്കിൽ നടപ്പാക്കിയിട്ടുണ്ടോ; വിശദമാക്കുമോ?

## <u>സഹകരണ സംഘങ്ങളിലെ അഴിമതികൾ</u>

581 **ശ്രീ. ജി. സുധാകരൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാക്കാഴം കരുമാടി സഹകരണ സംഘങ്ങളുടെ ഭരണ സമിതികളുമായി ബന്ധപ്പെട്ട് ഗുരുതരമായ അഴിമതി ആരോപണങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സംഘങ്ങളിലെ അഴിമതികൾ യഥാസമയം കണ്ടെത്തുന്നതിനും തടയുന്നതിനും നടപടിയെടുക്കുന്നതിനും വീഴ്ചവരുത്തിയ സഹകരണ വകുപ്പ് ഉദ്യോഗസ്ഥർക്കെതിരെ അന്വേഷണം നടത്തി നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത സംഘങ്ങളുടെ ഓഡിറ്റ് റിപ്പോർട്ടുകൾ സഹകരണ സംഘം രജിസ്ട്രാർ പരിശോധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ത് നടപടി സ്വീകരിച്ചു; വിശദമാക്കുമോ;

(ഡി) അമ്പലപ്പുഴ, കാക്കാഴം സഹകരണ സംഘത്തിൽ നടന്നതായി ആരോപിക്കപ്പെടുന്ന ഭൂമിയിടപാടുകൾ ഉൾപ്പെടെയുള്ള സാമ്പത്തിക ഇടപാടുകളിൽ വിജിലൻസ് അന്വേഷണം നടത്തുന്നത് പരിഗണിക്കുമോ;

(ഇ) പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് തദ്ദേശവാസികളായ ബഷീർ, വാസു എന്നിവർ വിജിലൻസ് വകുപ്പിനും വിജിലൻസ് കോടതിയിലും സമർപ്പിച്ച പരാതികളിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

**<u>സഹകരണ സംഘങ്ങളിൽ നിന്നും വായ്പയെടുത്തവർക്കുള്ള സമാശ്വാസ പദ്ധതി</u>**

582 **ശ്രീ. പി. കെ. പ്രവീൺ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സഹകരണ ബാങ്കുകളിൽ നിന്നും വായ്പയെടുത്തവർക്ക് നിലവിൽ നടപ്പിലാക്കി വരുന്ന സമാശ്വാസ പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) സഹകരണ ബാങ്കുകളിൽ നിന്നും വായ്പയെടുത്ത ശേഷം രോഗദുരിതങ്ങൾ കാരണം തിരിച്ചടവ് മുടങ്ങിയ നിർധനരായവർക്ക് പലിശയും പിഴപ്പലിശയും ഒഴിവാക്കി ഒറ്റത്തവണ തീർപ്പാക്കൽ ഉൾപ്പെടെയുള്ള ആശ്വാസ പദ്ധതികൾ നടപ്പിലാക്കുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കുമോ;

(സി) ചെറുകിട സഹകരണ സംഘങ്ങളുടെ കാര്യക്ഷമതയും നിക്ഷേപ സുരക്ഷിതത്വവും ഉറപ്പുവരുത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

**<u>നഷ്ടത്തിൽ പ്രവർത്തിക്കുന്ന സഹകരണ ബാങ്കുകൾ</u>**

583 **ശ്രീ. കുറുക്കോളി മൊയ്തീൻ**
**ശ്രീ. എം. റഹമത്തുള്ള**
**ശ്രീ. എം. എ. റസാഖ് മാസ്റ്റർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നഷ്ടത്തിൽ പ്രവർത്തിക്കുന്ന സഹകരണ ബാങ്കുകളെ സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) പ്രാഥമിക സഹകരണ ബാങ്കുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്കരിക്കാൻ ആലോചനയുണ്ടോ;

(സി) സംസ്ഥാനത്തെ പ്രാഥമിക സഹകരണ ബാങ്കുകൾ പലതും നഷ്ടത്തിലാണ് പ്രവർത്തിക്കുന്നതെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

## സഹകരണ മേഖലയിലെ സുതാര്യത

584 **ശ്രീ. നജീബ് കാന്തപുരം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചില പ്രാഥമിക സഹകരണ സംഘങ്ങളിൽ ഉണ്ടായ സാമ്പത്തിക ക്രമക്കേടുകൾ മൂലം പൊതുജനങ്ങൾക്കുണ്ടായ അവിശ്വാസം പരിഹരിക്കുന്നതിനും സഹകരണ മേഖലയുടെ സുതാര്യത ഉറപ്പുവരുത്തുന്നതിനുമായി കൊണ്ടുവന്ന നിയമ പരിഷ്കാരങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) സഹകരണ സംഘങ്ങളിലെ നിക്ഷേപങ്ങൾക്ക് സുരക്ഷിതത്വം ഉറപ്പാക്കാൻ രൂപീകരിച്ച റിസ്ക് ഫണ്ട്, നിക്ഷേപ ഗ്യാരന്റി സ്കീമുകൾ എന്നിവ കൂടുതൽ ശക്തിപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ;

(സി) പ്രാഥമിക സഹകരണ ബാങ്കുകളുടെ ഓഡിറ്റിംഗ് പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിക്കുന്നതിനും ക്രമക്കേടുകൾ മുൻകൂട്ടി കണ്ടെത്താനുള്ള സെൻട്രലൈസ്ഡ് മോണിറ്ററിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കുമോ;

(ഡി) സംസ്ഥാനത്തെ കർഷകർക്കും സാധാരണക്കാർക്കും കേരള ബാങ്ക് വഴി കുറഞ്ഞ പലിശ നിരക്കിൽ കൂടുതൽ കാർഷിക-വ്യവസായ വായ്പകൾ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

## നിലമ്പൂർ സഹകരണസംഘം അസിസ്റ്റന്റ് രജിസ്ട്രാർ (ആഡിറ്റ്) ഓഫീസ്

585 **ശ്രീ. ആര്യാടൻ ഷൗക്കത്ത്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ നിയോജകമണ്ഡലത്തിലെ സഹകരണസംഘം അസിസ്റ്റന്റ് രജിസ്ട്രാർ (ആഡിറ്റ്) ഓഫീസ് ഇപ്പോഴും വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത ഓഫീസ് നിലമ്പൂർ മിനി സിവിൽ സ്റ്റേഷൻ കെട്ടിടത്തിലേക്ക് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(ബി) അസിസ്റ്റന്റ് രജിസ്ട്രാർ ഓഫീസുകളിൽ നിലവിലുള്ള ഒഴിവുകൾ നികത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

**<u>കോ-ഓപ് മാർട്ടുകൾ</u>**

586 **ശ്രീ. എ. സി. മൊയ്തീൻ**
**ശ്രീ. വി. കെ. സനോജ്**
**ശ്രീ. എ. പ്രഭാകരൻ**
**ശ്രീ. സി. കെ. ഹരീന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സഹകരണ ഉല്പന്നങ്ങൾക്ക് ഏകീകൃത ബ്രാന്റിംഗ് നൽകി വിപണി വികസിപ്പിക്കുന്നതിനായി സഹകരണ വകുപ്പ് വിഭാവനം ചെയ്ത ബ്രാന്റിംഗ് ആന്റ് മാർക്കറ്റിംഗ് ഓഫ് കോ ഓപ്പറേറ്റീവ് പ്രോഡക്റ്റ്സ് എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; ഇതിന്റെ ഭാഗമായി കോ-ഓപ് മാർട്ടുകൾ ആരംഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(ബി) കോ-ഓപ് മാർട്ടുകൾ ആരംഭിക്കുന്നതിനു വേണ്ടി സന്നദ്ധത പ്രകടിപ്പിച്ച പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ നിലവിൽ ഏതു ഘട്ടത്തിലാണുള്ളത്; വിശദാംശങ്ങൾ നൽകാമോ;

(സി) കോ-ഓപ് മാർട്ടുകൾ സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലേയ്ക്കും വ്യാപിപ്പിക്കുന്നതിന് പദ്ധതിയുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

**<u>സഹകരണ നിക്ഷേപ ഗ്യാരണ്ടി ഫണ്ട് ബോർഡ്</u>**

587 **ശ്രീ. പാറക്കൽ അബ്ദുല്ല** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ സംഘങ്ങളിലെ നിക്ഷേപങ്ങൾക്ക് ഗ്യാരണ്ടി ഉറപ്പാക്കുന്ന സഹകരണ നിക്ഷേപ ഗ്യാരണ്ടി ഫണ്ട് ബോർഡ് നിലവിലുണ്ടോ;

വ്യക്തമാക്കാമോ;

(ബി) നിക്ഷേപം സ്വീകരിക്കുന്ന പല സഹകരണ സ്ഥാപനങ്ങളും ഈ ബോർഡിൽ അംഗങ്ങളായിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) അംഗങ്ങൾ ആവാത്ത ഇത്തരം സ്ഥാപനങ്ങൾക്കെതിരെ നിയമനടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

(ഡി) ഗ്യാരണ്ടി ഫണ്ട് ബോർഡിൽ അംഗത്വമുള്ള സ്ഥാപനങ്ങളുടെ പട്ടിക പ്രസിദ്ധീകരിക്കുമോ; വിശദാംശം നൽകുമോ?

## ആലത്തൂർ മണ്ഡലത്തിൽ നീതി സ്റ്റോറുകളും ത്രിവേണി സ്റ്റോറുകളും ആരംഭിക്കുന്നതിന് നടപടി

588 **ശ്രീ. ടി. എം. ശശി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജകമണ്ഡലത്തിൽ കൂടുതൽ നീതി സ്റ്റോറുകളും ത്രിവേണി സ്റ്റോറുകളും മൊബൈൽ സ്റ്റോറുകൾ ഉൾപ്പെടെ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) വരുന്ന ഓണക്കാലത്ത് സഹകരണ സ്ഥാപനങ്ങൾ മുഖേന ആലത്തൂർ നിയോജകമണ്ഡലത്തിൽ കൂടുതൽ ഓണച്ചന്തകൾ ആരംഭിക്കുന്നതിനും അതുവഴി വിലക്കയറ്റത്തിന്റെ ബുദ്ധിമുട്ടുകളിൽ നിന്നും ജനങ്ങളെ സംരക്ഷിക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ;

(സി) വിളനാശവും പ്രകൃതി ക്ഷോഭവും മൂലം പ്രതിസന്ധി നേരിടുന്ന കർഷകരുടെ വായ്പകൾക്ക് മോറട്ടോറിയവും പലിശ ഇളവും പ്രഖ്യാപിക്കുവാൻ സഹകരണ സ്ഥാപനങ്ങൾ മുഖേന നടപടി സ്വീകരിക്കുമോ?

## കോ-ഓപ്പറേറ്റീവ് അക്കാഡമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷൻ(കേപ്പ്)

589 **ശ്രീ. ജി. സുധാകരൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2006 ൽ സഹകരണ വകുപ്പ് സ്ഥാപിച്ച കോ-ഓപ്പറേറ്റീവ് അക്കാഡമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷൻ(കേപ്പ്) ൻെറ കീഴിൽ പുന്നപ്രയിൽ പ്രവർത്തിക്കുന്ന സഹകരണ ആശുപത്രിയ്ക്ക് വേണ്ടി അന്ന് ഡിസൈൻ

ചെയ്ത പുതിയ 7 നില മന്ദിരം നിർമ്മിക്കുവാൻ നടപടികൾ സ്വീകരിക്കുമോ;

(ബി) പുന്നപ്ര കേപ്പ് ക്യാമ്പസിലുള്ള സാഗര സഹകരണ ആശുപത്രി, സഹകരണ എഞ്ചിനീയറിംഗ് കോളേജ്, സഹകരണ എം ബി എ ഇൻസ്റ്റിറ്റ്യൂട്ട്, ഫിനിഷിംഗ് കോളേജ്, സഹകരണ ബി എസ് സി നേഴ്സിംഗ് കോളേജ് എന്നിവയുടെ ഓരോന്നിൻെറയും കഴിഞ്ഞ 5 വർഷത്തെ വാർഷിക വരവും ചെലവും അറിയിക്കുമോ;

(സി) സാഗര സഹകരണ ആശുപത്രിയിലെ ബൈ-ലോയിലെ ഉദ്ദേശ ലക്ഷ്യങ്ങൾക്ക് വിപരീതമായി കേപ്പ് ഡയറക്ടറും ആശുപത്രി അധികാരികളും വർദ്ധിപ്പിച്ച ചികിത്സാ ഫീസുകൾ കുറയ്ക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) ജീവനക്കാരുടെയും ഡോക്ടർമാരുടെയും നേഴ്സിംഗ് സ്റ്റാഫിൻെറയും സേവന വേതന വ്യവസ്ഥകൾ പരിഷ്ക്കരിക്കുമോ?

## കേപ് എഞ്ചിനീയറിംഗ് കോളേജിന്റെ അടിസ്ഥാന സൗകര്യ വികസനം

590 **ശ്രീ. കാരായി രാജൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ വകുപ്പിന് കീഴിൽ തലശ്ശേരി നിയോജക മണ്ഡലത്തിൽ പ്രവർത്തിക്കുന്ന കേപ് എഞ്ചിനീയറിംഗ് കോളേജിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായി ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത എഞ്ചിനീയറിംഗ് കോളേജിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായി പുതിയ പദ്ധതികൾ നടപ്പിലാക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ആയത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ?

## റിസ്ക് ഫണ്ടിൽനിന്ന് ധനസഹായം

591 **ശ്രീ. വിനു ജോബ് കുഴിമണ്ണിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലയളവിൽ ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിൽ നിന്ന് റിസ്ക് ഫണ്ട് സ്കീമിൽ ഉൾപ്പെടുത്തി ധനസഹായം

അനുവദിക്കുന്നതിന് എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത അപേക്ഷകളിൽ എത്രയെണ്ണത്തിന് സഹായം അനുവദിച്ചുവെന്ന് വ്യക്തമാക്കുമോ; വിശദവിവരം ലഭ്യമാക്കുമോ?

## റിസ്ക് ഫണ്ട് അനുവദിക്കുന്നതിനുള്ള അപേക്ഷകളിൽ നടപടി

592 **ശ്രീമതി ഗീതാ ഗോപി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലയളവിൽ നാട്ടിക നിയോജക മണ്ഡലത്തിൽ നിന്ന് റിസ്ക് ഫണ്ട് അനുവദിക്കുന്നതിനായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇവയിൽ എത്ര അപേക്ഷകളിൽ ഫണ്ട് അനുവദിച്ചുവെന്ന് വ്യക്തമാക്കുമോ; വിശദവിവരം നൽകുമോ?

## റിസ്ക് ഫണ്ട് പദ്ധതി

593 **ശ്രീ. കാരായി രാജൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കുകളിൽ നിന്നും വായ്പയെടുത്ത ശേഷം മരണപ്പെടുകയോ മാരകരോഗം ബാധിക്കുകയോ ചെയ്യുന്നവർക്ക് സാമ്പത്തിക സഹായം നൽകുന്നതിനുള്ള റിസ്ക് ഫണ്ട് പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് സ്വീകരിച്ചിട്ടുള്ള നടപടികളും പ്രസ്തുത പദ്ധതിയുടെ നടപടി ക്രമങ്ങളും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ പുരോഗതിക്കായി പുതുതായി എന്തെങ്കിലും പരിഷ്കാരങ്ങൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അവ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

## അസിസ്റ്റന്റ് രജിസ്ട്രാർ തസ്തികയിലെ പൊതുസ്ഥലംമാറ്റം

594 **ശ്രീ. യു. ആർ. പ്രദീപ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സഹകരണ വകുപ്പിൽ എത്ര അസിസ്റ്റന്റ് രജിസ്ട്രാർ, അസിസ്റ്റന്റ് ഡയറക്ടർ തസ്തികകൾ നിലവിലുണ്ട്;

(ബി) പ്രസ്തുത തസ്തികകളിലെ പൊതുസ്ഥലംമാറ്റം ഓൺലൈൻ ആയിട്ടാണോ നടന്നുവന്നിരുന്നത്;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ ഏത്ര അസിസ്റ്റന്റ് രജിസ്ട്രാർമാരെ സ്ഥലംമാറ്റി നിയമിച്ചിട്ടുണ്ട്; ഓരോരുത്തരുടെയും അപേക്ഷ പ്രകാരമാണോ സ്ഥലംമാറ്റി നിയമിച്ചിട്ടുള്ളത്;

(ഡി) സ്ഥലംമാറ്റ നടപടിക്രമങ്ങൾ സുതാര്യമായി നടത്തുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ?

## സഹകരണ വകുപ്പിലെ ഓൺലൈൻ ട്രാൻസ്ഫർ

595 **ശ്രീ. കെ. പ്രേമൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ വകുപ്പിൽ ഓൺലൈൻ ട്രാൻസ്ഫർ നടപ്പിലാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷവും ഓൺലൈൻ സംവിധാനത്തിലൂടെയാണോ ജീവനക്കാരുടെ സ്ഥലംമാറ്റം നടത്തുന്നതെന്ന് വിശദമാക്കാമോ; അപ്രകാരം അല്ലാതെ നടത്തിയിട്ടുള്ള സ്ഥലംമാറ്റങ്ങളുടെ വിവരം ലഭ്യമാക്കാമോ?

## ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി

596 **ശ്രീ. ജി. സ്റ്റീഫൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ സംഘം വായ്പാ തിരിച്ചടവ് മുടങ്ങിയവർക്ക് പുതിയതായി പ്രഖ്യാപിച്ചിട്ടുള്ള ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി സംബന്ധിച്ച വിശദാംശങ്ങൾ നൽകുമോ;

(ബി) പ്രാഥമിക സഹകരണ സംഘങ്ങളിലേക്ക് പുതിയതലമുറയിൽപ്പെട്ട യുവാക്കളെ ആകർഷിക്കുന്നതിനും നിക്ഷേപം നടത്തുന്നതിനും ഒരു കർമ്മ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ?

## സഹകരണ മേഖലയിലെ പരിഷ്കാരങ്ങൾ

597 **ശ്രീ. വി. മുരളീധരൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയിലെ അഴിമതി, സ്വജനപക്ഷപാതം എന്നിവ ഇല്ലാതാക്കുന്നതിനും സാമ്പത്തിക അച്ചടക്കം ഉറപ്പുവരുത്തുന്നതിനുമായി കേന്ദ്രസർക്കാർ നടപ്പാക്കിയിട്ടുള്ള പരിഷ്കാരങ്ങൾ കേരളത്തിൽ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിനായി നബാർഡുമായി ബന്ധിപ്പിച്ചിട്ടുള്ള കേന്ദ്രീകൃത സോഫ്റ്റ്‌വെയർ ഉപയോഗിക്കുവാനും കേരളത്തിലെ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളെ അതുമായി ബന്ധിപ്പിക്കുവാനും കേന്ദ്രസർക്കാർ നൽകിയ ശിപാർശയുടെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

## സഹകരണ വകുപ്പിലെ വിജിലൻസ് വിഭാഗം

598 **ശ്രീ. വി. മുരളീധരൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ വിജിലൻസ് വിഭാഗത്തിന്റെ അന്വേഷണ റിപ്പോർട്ടുകളിന്മേൽ യഥാസമയം നടപടി സ്വീകരിക്കുന്നതിൽ വരുന്ന പോരായ്മകളാണ് സഹകരണ സംഘങ്ങളിൽ നിരന്തരം ക്രമക്കേടുകൾ നടക്കുന്നതിന് ഇടയാക്കുന്നത് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്;

(ബി) സഹകരണ വിജിലൻസ് വിഭാഗത്തിന്റെ അന്വേഷണ റിപ്പോർട്ടുകൾ പരിശോധിക്കുന്നതിനും അവയിൽ തുടർ നടപടി സ്വീകരിക്കുന്നതിനും നിലവിലുള്ള സംവിധാനത്തിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) 2016 - 2025 കാലയളവിൽ സഹകരണ സ്ഥാപനങ്ങളെ ഉപയോഗിച്ച് കള്ളപ്പണം വെളുപ്പിക്കുവാൻ ശ്രമിച്ചിരുന്നുവെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരം പരാതികളിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

## കേരളത്തിലെ സഹകരണമേഖലയുടെ സംരക്ഷണം

599 **ശ്രീ. എം. വിജിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര നിയമങ്ങളിൽ നിന്നും റിസർവ് ബാങ്ക് ഓഫ് ഇൻഡ്യ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന നിയന്ത്രണങ്ങളിൽ നിന്നും കേരളത്തിലെ സഹകരണമേഖലയെ സംരക്ഷിക്കുന്നതിനായി ഈ സർക്കാർ നയപരിപാടികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) കർഷകർക്കായുള്ള പലിശരഹിത കാർഷിക വായ്പാ പദ്ധതി നിലവിൽ തുടരുന്നുണ്ടോ; വ്യക്തമാക്കാമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം,
2026 ജൂൺ 15, തിങ്കൾ

**ഷാജി സി ബേബി**
സെക്രട്ടറി ഇൻചാർജ്

---

പ്രത്യേക ശ്രദ്ധയ്ക്ക്:

നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിന്റെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].